# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ



ഡിസംബർ 2020

ക്രിസ്മസ് നവവത്സര ആശംസകൾ


ഡിസംബർ 10–ാം തീയതി
ജന്മദിനം ആഘോഷിക്കുന്ന
അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്
രൂപതാകുടുംബത്തിന്റെ
ജന്മദിനാശംസകൾ !



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLIV No.12 ഡിസംബർ 2020

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLIV No.12 ഡിസംബർ 2020



| | |
|---|---|
| ഇടയലേഖനം | - 3 |
| സർക്കുലർ | - 10 |
| സർക്കുലർ – കുടുംബദിനം | - 17 |
| കച്ചേരിക്കാര്യം | - 22 |
| പൗരോഹിത്യ രജതജൂബിലി ആശംസകൾ | - 24 |
| പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ | - 48 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - 56 |
| അജപാലനോത്തേജനവിഭാഗം | - 57 |
| വിശ്വാസജീവിതപരിശീലനരംഗം | - 58 |
| ചെറുപുഷ്പ മിഷൻലീഗ് | - 64 |
| ബൈബിൾ അപ്പോസ്തലേറ്റ് | - 65 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - 66 |
| കുടുംബപ്രേഷിതത്വം | - 76 |
| മാതൃവേദി | - 78 |
| മേരി മാതാ മൈനർ സെമിനാരി | - 81 |
| കാത്തലിക് കരിസ്മാറ്റിക് നവീകരണം | - 82 |
| ആവേ മരിയ റിട്രീറ്റ് സെന്റർ | - 84 |
| മരിയൻ റിട്രീറ്റ് സെന്റർ | - 85 |
| സന്യസ്തർ | - 87 |
| കെ.സി.എസ്.എൽ. | - 95 |
| കത്തോലിക്കാ കോൺഗ്രസ് | - 97 |
| ഡി.സി.എം.എസ്. | - 101 |
| ഫ്രാൻസിസ്കൻ അല്മായസഭ | - 102 |
| വിൻസെൻഷ്യൻ വേദി | - 103 |
| വിമല പബ്ലിക്കേഷൻസ് | - 104 |
| Special Care Homes & Charitable institution | - 106 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - 108 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - 111 |
| രൂപതാവാർത്തകൾ | - 114 |

PL. 02/2020

# ഇടയലേഖനം

## ദൈവപരിപാലനയിൽ
## കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ
## മാർ ജോസ് പുളിക്കൽ
## രൂപതയിലെ വൈദികർക്കും സന്ന്യസ്തർക്കും
## ദൈവജനം മുഴുവനും വേണ്ടി എഴുതുന്നത്

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ മക്കളേ,

മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി അവിടുന്ന് സ്വർഗ്ഗത്തിൽനിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ച് മനുഷ്യനായി പിറന്നുവെന്ന് നിഖ്യാവിശ്വാസപ്രമാണത്തിൽ നാം ഏറ്റുചൊല്ലുന്നുണ്ട്. സന്തോഷത്തിന്റെ ഈ മഹാരഹസ്യം ഹൃദയത്തിൽ ധ്യാനിക്കുകയും തിരുപ്പിറവിയുടെ മഹനീയസ്മരണ പുതുക്കുകയും ചെയ്യുന്ന മംഗലവാർത്തക്കാലത്തിലേക്ക് വീണ്ടും നാം എത്തിയിരിക്കുന്നു. മനുഷ്യാവതാരരഹസ്യം കേന്ദ്രീകരിച്ചുള്ള മംഗലവാർത്തക്കാലത്തോടെ പുതിയ ആരാധനാവത്സരത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ.

പരിശുദ്ധ ത്രിത്വത്തിലെ രണ്ടാം ആളായ പുത്രൻതമ്പുരാന്റെ രണ്ട് ജനനങ്ങളെക്കുറിച്ച് വിശ്വാസപ്രമാണത്തിൽ പ്രതിപാദിക്കുന്നുണ്ട്. ദൈവത്തിന്റെ ഏകപുത്രനും സകല സൃഷ്ടികൾക്കുംമുമ്പുള്ള ആദ്യജാതനുമായ അവിടുന്ന് യുഗങ്ങൾക്കെല്ലാംമുമ്പ് പിതാവിൽനിന്ന് ജനിച്ചു. ദൈവികമായ ഈ ജനനത്തിൽ അവിടുത്തേയ്ക്ക് ഒരു മാതാവുണ്ടായിരുന്നില്ല. കാലസമ്പൂർണ്ണത

വന്നപ്പോൾ ദൈവം തന്റെ പുത്രനെ ലോകത്തിലേയ്ക്കയച്ചു. നിയമത്തിന് അധീനനായി അവൻ സ്ത്രീയിൽനിന്ന് ജനിച്ചു (ഗലാ. 4/4). രണ്ടാമത്തെ ഈ ജനനത്തിൽ അഥവാ മനുഷ്യാവതാരത്തിൽ ശാരീരികമായ ഒരു പിതാവിന്റെ സഹകരണം ആവശ്യമായിരുന്നില്ല. അദൃശ്യനായ ദൈവം ഈശോയുടെ ശരീരത്തിൽ നമുക്ക് ദൃശ്യനായി പ്രത്യക്ഷപ്പെട്ടു.

മനുഷ്യാവതാരം മാനവചരിത്രത്തിലേക്കുള്ള ദൈവത്തിന്റെ നിർണ്ണായകമായ ഇറങ്ങിവരവാണ്. തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രയധികം സ്നേഹിച്ചു (യോഹ. 3/16). ദൈവപുത്രൻ മനുഷ്യനായിപ്പിറന്നത് ദൈവവചനവുമായി ഐക്യപ്പെടുന്നതിലൂടെയും ദത്തുപുത്രസ്ഥാനം സ്വീകരിക്കുന്നതിലൂടെയും മനുഷ്യർ ദൈവപുത്രന്മാരായിത്തീരുന്നതിനുവേണ്ടിയാണ് (വി. ഇരണേവൂസ്). തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിച്ചവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവുനല്കി (യോഹ. 1/12) എന്ന് വി.യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു.

സർവ്വമനുഷ്യരേയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചമായാണ് മിശിഹാ ലോകത്തിലേക്ക് വന്നത് (യോഹ. 1/9). ഉന്നതത്തിൽനിന്നുള്ള ഉദയരശ്മി ഇരുളിലും മരണത്തിന്റെ നിഴലിലും കഴിയുന്നവരുടെമേൽ പ്രകാശിക്കുന്നു (ലൂക്കാ 1/79). മിശിഹായുടെ സാന്നിധ്യമുള്ള ഇടങ്ങൾ പ്രകാശമാനമാണ്. ഈശോയുള്ള ഹൃദയവും ഈശോ വസിക്കുന്ന കുടുംബവും പ്രകാശപൂരിതമാണ്. ഈശോയിൽ ഒന്നായിരിക്കുന്ന സമൂഹവും

ഈശോയുടെ സാന്നിദ്ധ്യമുള്ള സൗഹൃദങ്ങളും എക്കാലവും തേജോമയമായിരിക്കും.

ദൈവം അയച്ച പുത്രനെ ജീവിതത്തിലേക്ക് സ്വീകരിക്കുകയാണ് നമ്മുടെ കടമ. രക്ഷകനെ വരവേല്ക്കാൻ ജനത്തെ ഒരുക്കുന്നതിന് സ്നാപകയോഹന്നാൻ അയയ്ക്കപ്പെട്ടു. പിറവിത്തിരുനാളിന് ഒരുക്കമായി 25 നോമ്പിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. പ്രാർത്ഥനയിലൂടെയും നോമ്പിലൂടെയും തിരുവചന ശ്രവണത്തിലൂടെയും നല്ല കുമ്പസാരത്തിലൂടെയും ഈശോയെ സ്വീകരിക്കാൻ നമുക്ക് ഹൃദയമൊരുക്കാം.

ഇടവകകളിൽ പതിവുള്ള വാർഷികധ്യാനം നടത്തുക ഇന്നത്തെ സാഹചര്യത്തിൽ സാധ്യമല്ലല്ലോ. നമ്മുടെ രൂപതയിലെ എല്ലാ ഭവനങ്ങളിലും കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് പങ്കെടുക്കാവുന്നവിധം ഒരു കുടുംബവിശുദ്ധീകരണ ധ്യാനം ഡിസംബർ 15 മുതൽ 19 വരെ തീയതികളിൽ ക്രമീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ജോസഫ് പുത്തൻപുരയ്ക്കൽ OFM Cap. അച്ചനാണ് ധ്യാനം നയിക്കുന്നത്. വൈകുന്നേരം 6.30 മുതൽ 8.30 വരെയാണ് ധ്യാനസമയം. നമുക്ക് ഒന്നുചേർന്ന് തിരുവചനം ശ്രവിക്കുകയും ധ്യാനിക്കുകയും ചെയ്തുകൊണ്ട് സന്തോഷപൂർവം പിറവിത്തിരുനാളിന് ഒരുങ്ങാം.

മനുഷ്യാവതാരരഹസ്യം നമ്മുടെ കർത്താവിന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും ഉൾക്കൊള്ളുന്നതാണ്. ശുശ്രൂഷിക്കപ്പെടാനല്ല മറിച്ച്, ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി സ്വജീവൻ അർപ്പിക്കാനുമാണ് അവിടുന്ന് വന്നത് (മത്താ. 20/28). ദൈവത്തിന്റെ രൂപത്തിലായിരുന്നുവെങ്കിലും അവിടുന്ന്

ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണംവരെ - അതെ കുരിശുമരണംവരെ - അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി (ഫിലി. 2/6-8). നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരിശിലേറി. അത് നാം പാപത്തിന് മരിച്ച് നീതിക്കായി ജീവിക്കേണ്ടതിനാണ്. അവന്റെ മുറിവിനാൽ നാം സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു (1 പത്രോ. 2/24). "നാം പാപികളായിരിക്കെ മിശിഹാ നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള തന്റെ സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു" (റോമാ. 5/8).

മിശിഹായിൽ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹത്തിന്റെ തീക്ഷ്ണമായ അനുഭവത്തിൽനിന്നാണ് യഥാർത്ഥസാഹോദര്യം ഉടലെടുക്കുന്നത്. മനുഷ്യാവതാരം മാനുഷിക യാഥാർത്ഥ്യങ്ങളിലേക്കുള്ള ദൈവത്തിന്റെ ഇറങ്ങിവരവാണ്. അപരന്റെ സങ്കടങ്ങളിലേക്കും ആവശ്യങ്ങളിലേക്കും ത്യാഗോജ്ജ്വല സ്നേഹത്തോടെ കടന്നുചെല്ലുവാൻ കഴിയുന്ന മാനുഷികനന്മയാണ് നമ്മിൽ ഉണ്ടാകേണ്ടത്. 'എല്ലാവരും സഹോദരങ്ങൾ' (*Fratelli Tutti*) എന്ന ചാക്രികലേഖനത്തിൽ നല്ല ശമറായന്റെ ഉപമ വ്യാഖ്യാനിച്ചുകൊണ്ട് ഫ്രാൻസീസ് പാപ്പാ പഠിപ്പിക്കുന്നതും മറ്റൊന്നല്ല. മുറിവേറ്റുകിടന്നവന് ആവശ്യമായ ശുശ്രൂഷകൾ നല്കിയശേഷം അംഗീകാരത്തിനോ നല്ല വാക്കിനോ കാത്തുനില്ക്കാതെ ശമറായൻ യാത്രയായി. മറ്റൊരു വ്യക്തിയെ സഹായിക്കാനുള്ള അയാളുടെ പ്രയത്നം ദൈവതിരുമുമ്പാകെയും

സ്വജീവിതത്തിലും അയാൾക്ക് വലിയ സംതൃപ്തി നല്കി. അത് അയാളുടെ ഒരു കർത്തവ്യം തന്നെയായി മാറി. മുറിവേറ്റിരിക്കുന്ന നമ്മുടെ ചുറ്റുപാടുമുള്ളവരോടും ഭൂമിയിലെ സകല ജനങ്ങളോടും നമുക്ക് വലിയ കടപ്പാടുണ്ട്. നല്ല ശമറായനിലുണ്ടായിരുന്ന കരുതലിന്റെയും സാമീപ്യത്തിന്റെയും സഹോദരഭാവം ചെറുപ്പക്കാരും പ്രായമായവരുമായ എല്ലാ സ്ത്രീപുരുഷന്മാരുടെയും ആവശ്യങ്ങളിൽ നമുക്കും ഉണ്ടായിരിക്കട്ടെ (FT 79)യെന്ന് മാർപാപ്പാ പഠിപ്പിക്കുന്നു. ഒഴിഞ്ഞുമാറലും മുഖം തിരിഞ്ഞുനില്ക്കലുമല്ല, സഹോദരങ്ങളുടെ ദുരിതങ്ങളിലേക്കും സങ്കടങ്ങളിലേക്കും കരുണ നിറഞ്ഞ മനസ്സോടെ കടന്നുചെല്ലണമെന്നതാണ് തിരുപ്പിറവിയുടെ സന്ദേശമെന്ന് നമുക്ക് മറക്കാതിരിക്കാം.

മനുഷ്യാവതാരം ചെയ്ത മിശിഹാ അവിടുത്തെ സഭയിൽ ഇന്നും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. മനുഷ്യർ ഇന്ന് ഈശോയെ കാണുന്നതും കേൾക്കുന്നതും സ്വീകരിക്കുന്നതും ആരാധിക്കുന്നതും സഭയിലാണ്. ദേശങ്ങളെയും സംസ്കാരങ്ങളെയും പ്രശോഭിപ്പിച്ചുകൊണ്ട് കർത്താവിന്റെ സഭ ചരിത്രത്തിനൊപ്പം നീങ്ങുന്നു. എല്ലാ ദേശത്തും എല്ലാ കാലത്തും മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും മിശിഹായെയും അവിടുത്തെ സഭയെയും ആവശ്യമുണ്ട്. സത്യം, നീതി, സഹാനുഭാവം, സ്വാതന്ത്ര്യം മുതലായ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ സമൂഹത്തെ പടുത്തുയർത്തുവാൻ സഭ സകല ജനപദങ്ങളെയും സഹായിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമ്മിപ്പിക്കുന്നതുപോലെ ശരീരത്തിൽ ആത്മാവെന്നപോലെയാണ് ലോകത്തിൽ ക്രിസ്ത്യാനി (LG 38).

അനീതിയും ചൂഷണവും അക്രമവുമില്ലാതെ, സ്നേഹത്തി ലൂന്നിയ ഒരു സാമൂഹിക വ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിന് മുൻനിരയിൽനിന്ന് പ്രവർത്തിക്കുവാൻ സഭയ്ക്ക് കടമയുണ്ട്. "പൊതുക്കാര്യങ്ങളിൽ പ്രവീണരും തത്തുല്യമാംവിധം ക്രിസ്തീ യവിശ്വാസങ്ങളിൽ അടിയുറച്ചവരുമായി കത്തോലിക്കർ പൊതു ഉദ്യോഗങ്ങൾ വഹിക്കുവാൻ മടിക്കരുത്'' (AA 14) എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ അൽമായരെ ഓർമ്മിപ്പിക്കു ന്നത്. സ്വാർത്ഥതയുടെയും ലാഭക്കൊതിയുടെയും അധികാര ദുർവിനിയോഗത്തിന്റെയും പരിതാപകരമായ സമകാലിക ചുറ്റു പാടുകളിൽ നാം നിഷ്ക്രിയരും നിസ്സംഗരുമായിരിക്കുന്നത് അപ കടകരമാണ്. അമ്മയായ തിരുസ്സഭയുടെ തറവാട്ടിൽ ജനിച്ചു വള രാൻ കഴിഞ്ഞതിന്റെ ആത്മാഭിമാനത്തോടെ സാമൂഹിക - രാഷ്ട്രീയ പ്രവർത്തനമേഖലകളിൽ ക്രിയാത്മകമായ ഇട പെടലുകൾ നടത്തുവാൻ സഭാമക്കൾക്ക് കഴിയണം. വർഗീയ തയും വിദ്വേഷവും നിറഞ്ഞ ധ്രുവീകരണങ്ങൾ തിന്മനിറഞ്ഞ താണ്. എന്നാൽ സഭാസ്നേഹവും സമുദായബോധവും അഭി മാനകരമാണ്. സ്ത്രീ പുരുഷവ്യത്യാസമില്ലാതെ ക്രൈസ്തവർ നാടിന്റെ മുഖ്യധാരയിലേക്കിറങ്ങി പ്രവർത്തിക്കാൻ മുന്നോട്ടു വരുമ്പോൾ മനുഷ്യാവതാരത്തിന്റെ സത്ഫലങ്ങൾ നമ്മിലൂടെ മറ്റുള്ളവർക്ക് അനുഭവവേദ്യമാകും. അരാഷ്ട്രീയ ചിന്തകൾ വെടിഞ്ഞ് നന്മ നിറഞ്ഞ സമൂഹരൂപീകരണം ലക്ഷ്യമാക്കി സഭാ സ്നേഹത്തോടെ സമകാലിക സാമൂഹിക പരിസരങ്ങളിൽ യുവാ ക്കളും മുതിർന്ന അല്മായരും സജീവമാകേണ്ടത് അനിവാര്യ മാണ്. ഇവിടെയെല്ലാം പ്രാവിന്റെ നിഷ്കളങ്കതയ്ക്കൊപ്പം സർപ്പ ത്തിന്റെ വിവേകവും കൂടി കൈമുതലായിരിക്കണം.

മംഗലവാർത്തക്കാലത്തിൽ ദൈവമാതാവായ കന്യകാമ

റിയത്തെ സഭ പ്രത്യേകമാംവിധം ഓർമ്മിക്കുന്നു. വ്യക്തിജീവിതത്തെയും കുടുംബങ്ങളെയും രാഷ്ട്രങ്ങളെയും ഇന്ന് ഗ്രസിക്കുന്ന സങ്കീർണ്ണമായ നിരവധി പ്രശ്നങ്ങളിൽ അമ്മ എന്ന നിലയിൽ സന്നിഹിതയായിക്കൊണ്ട് പങ്കുചേരുന്നവളായി സഭ മറിയത്തെ ദർശിക്കുന്നു (രക്ഷകന്റെ അമ്മ, 52). ഇളയമ്മയായ എലിസബത്തിനെ സന്ദർശിക്കുമ്പോഴും കാനായിലെ കല്യാണവീട്ടിലും ആരുടെയും പ്രേരണ കൂടാതെ അന്യരുടെ ആവശ്യങ്ങളിലേക്കിറങ്ങിച്ചെന്ന് ക്രിയാത്മകമായി ഇടപെടുന്ന മറിയത്തെ നാം കാണുന്നുണ്ടല്ലോ. “കൃപ നിറഞ്ഞവൾ” എന്നാണ് സ്വർഗ്ഗം അവളെ വിളിക്കുന്നത്. അമ്മയുടെ പ്രിയമക്കൾ എന്ന നിലയിൽ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും നന്മ നിറഞ്ഞവരായിരിക്കുവാൻ ഉത്സാഹിക്കുമെന്ന് ഈ ക്രിസ്മസ് കാലത്ത് നമുക്ക് പ്രതിജ്ഞയെടുക്കാം. ക്രിസ്ത്യാനികളുടെ സഹായമായ മറിയം നമ്മുടെ എല്ലാം ഭവനങ്ങളിലും യഥോചിതം വണങ്ങപ്പെടട്ടെ.

പുൽക്കൂട്ടിൽ പിറന്ന ഈശോയുടെ ശാന്തിയും സന്തോഷവും നിത്യം നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ. പ്രത്യാശയോടും ധൈര്യത്തോടുംകൂടെ പുതുവത്സരത്തിലേക്ക് പ്രവേശിക്കുവാൻ പിറവിത്തിരുനാൾ ആചരണം നമ്മെ സഹായിക്കട്ടെ.

മിശിഹായിൽ വാത്സല്യപൂർവ്വം,



കാഞ്ഞിരപ്പള്ളി
25.11.2020

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

---

NB : ഈ ഇടയലേഖനം 2020 ഡിസംബർ 6-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

# 2020 ഡിസംബർ 20 ബൈബിൾ ഞായർ

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാന പ്രകാരം ദൈവവചനത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന മാസമാണല്ലോ യേശുവിന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഡിസംബർ. ദൈവവചനത്തിലേക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെല്ലാൻ നമ്മെ സഹായിക്കുന്നതാണ് കേരളസഭയുടെ വചനപാരായണമാസാചരണം. സഭാജീവിതത്തിൽ ദൈവവചനത്തിന്റെ പ്രാധാന്യം ഓർമപ്പെടുത്താൻ ആരാധനാവത്സരത്തിലെ ഒരു ഞായർ വചനഞായറായി ആഘോഷിക്കണമെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ്പാപ്പ 'അപ്പെരുയിത് ഇല്ലിസ്' എന്ന അപ്പസ്തോലിക ലേഖനത്തിൽ ഉദ്ബോധിപ്പിക്കുന്നതനുസരിച്ച്, 2020 ഡിസംബർ 20 ബൈബിൾ ഞായറായി കേരളസഭ ആചരിക്കുന്നു. ക്രൈസ്തവവിശ്വാസികൾ അവരുടെ ജീവിതം ദൈവവചനത്താൽ പുഷ്ടിപ്പെടുത്തണമെന്നാണ് സഭ ഇതുവഴി ആഗ്രഹിക്കുന്നത്.

**വി. ജെറോമിന്റെ ബൈബിൾ ആഭിമുഖ്യവും സഭയും**

ബൈബിൾ പണ്ഡിതനായ വി. ജെറോമിന്റെ 1600-ാം മരണവാർഷികം ആചരിച്ച ഇക്കഴിഞ്ഞ സെപ്റ്റംബർ 30-ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ "വിശുദ്ധ ലിഖിതത്തോടുള്ള ഭക്തി" എന്ന അപ്പസ്തോലികസന്ദേശം നല്കുകയുണ്ടായി. എഴുതപ്പെട്ട ദൈവവചനത്തോടുള്ള വിശുദ്ധന്റെ "സജീവവും ഹൃദ്യവുമായ സ്നേഹം" പിഞ്ചെല്ലാൻ ഈ ലേഖനത്തിൽ പരിശുദ്ധ പാപ്പാ സഭാസമൂഹത്തെ ആഹ്വാനം ചെയ്യുന്നു. കർത്താവിനെ വിശുദ്ധഗ്രന്ഥത്തിൽ നിരന്തരം അന്വേഷി

ക്കുകയും അതുവഴി അറിയുകയും ചെയ്ത ഈ വിശുദ്ധന്റെ വിശുദ്ധ ലിഖിതത്തോടുള്ള സ്നേഹം ഒരു മഹാനദിപോലെ ഒഴുകുകയും അത് അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലങ്ങളെയെല്ലാം പരിപോഷിപ്പിക്കുകയും ചെയ്തു.

സഭാസമൂഹത്തിന് ഇന്നും പ്രചോദനമേകുന്നവയാണ് വി. ജെറോമിന്റെ ജീവിതത്തിലെ പല നിർണായക ചുവടുവയ്പുകളും സംഭവങ്ങളും. എ.ഡി. 386 മുതൽ പാലസ്തീനയിൽ താമസിച്ച അദ്ദേഹം ബത്‌ലെഹെമിലെ തിരുപ്പിറവിഗ്രോട്ടോയുടെ സമീപം രണ്ട് ആശ്രമങ്ങൾ സ്ഥാപിക്കുകയും ഈ സമൂഹങ്ങളിൽ വിശുദ്ധഗ്രന്ഥവായനയ്ക്ക് വലിയ പ്രാധാന്യം കൊടുക്കുകയും ചെയ്തു. വിശുദ്ധഗ്രന്ഥം മൂലഭാഷയിൽത്തന്നെ വായിക്കണമെന്ന് താത്പര്യപ്പെട്ടിരുന്ന അദ്ദേഹം സങ്കീർത്തനങ്ങൾ ഹീബ്രുഭാഷയിൽ ആലപിക്കാൻ താൻ സ്ഥാപിച്ച ഈ സമൂഹങ്ങളെ സഹായിച്ചിരുന്നു. വിശുദ്ധഗ്രന്ഥത്തിന്റെ ശ്രദ്ധാപൂർവമായ ശ്രവണം വഴിയാണ് തന്നെത്തന്നെ മനസ്സിലാക്കുന്നതും ദൈവത്തിന്റെയും സഹോദരീസഹോദരന്മാരുടെയും മുഖം കണ്ടെത്തുന്നതുമെന്ന് വി. ജെറോമിന് ബോധ്യമുണ്ടായിരുന്നു. വിശുദ്ധലിഖിതങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നതു ഗ്രഹിക്കാതെ ദൈവത്തോടുള്ള സ്നേഹം ഉറവയെടുക്കുകയില്ല. ഹൃദയത്തിൽ നിറയുന്ന ഈ സ്നേഹമാണ് ക്രൈസ്തവജീവിതത്തെ പരിപോഷിപ്പിക്കുന്നത്.

വിശുദ്ധലിഖിതങ്ങളിൽ സഭയെ ഭരമേല്പിച്ചിരിക്കുന്ന ദൈവവചനത്തോടുള്ള തീവ്രമായസ്നേഹമാണ് വി. ജെറോമിന്റെ ആധ്യാത്മികതയുടെ പ്രത്യേകത. വി. ഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണെന്നു പറയുന്ന വിശുദ്ധൻ ക്രിസ്തുവിനെക്കുറിച്ചറിയാൻ വിശുദ്ധ ഗ്രന്ഥം മുഴുവൻ ആവശ്യമാണെന്ന് പഠിപ്പിക്കുന്നു. എമ്മാവൂസി

ലേക്കു പോകുന്ന ശിഷ്യരോട് തന്നെക്കുറിച്ചുള്ള രഹസ്യം വിശദീകരിക്കാൻ ക്രിസ്തു സങ്കീർത്തനങ്ങളും പ്രവാചകരെയും ഉദ്ധരിക്കുന്നതു നാം കാണുന്നുണ്ട് (ലൂക്കാ 4,16-21; 24,27.44-47). അപ്പസ്തോലപ്രവർത്തനങ്ങളിലെ ശിഷ്യപ്രമുഖരായ പത്രോസിന്റെയും പൗലോസിന്റെയും പ്രഘോഷണങ്ങളും പഴയനിയമത്തിൽ വേരുറപ്പിച്ചവയായിരുന്നു. പഴയനിയമകൃാൻവാസിൽ മാത്രമേ മരണോത്ഥാനങ്ങളിൽ വെളിപ്പെടുന്ന ക്രിസ്തുവിനെ ആഴത്തിൽ അറിയുവാൻ സാധിക്കുകയുള്ളൂ. നാം വിശുദ്ധഗ്രന്ഥംമുഴുവൻ വായിക്കുകയെന്ന ആവശ്യകതയിലേക്കാണ് ഇതു വിരൽചൂണ്ടുന്നത്. വിശുദ്ധഗ്രന്ഥപഠനത്തിന് വി. ജെറോം വലിയ പ്രാധാന്യം നല്കിയിരുന്നു. ദൈവവചനം ഗ്രഹിക്കാൻ വ്യക്തിപരമായ പരിശ്രമം ആവശ്യമാണ്. എന്നാൽ അതോടൊപ്പം, മുദ്രവയ്ക്കപ്പെട്ടതുപോലെയുള്ള വിശുദ്ധലിഖിതത്തിലെ സന്ദേശമായ ക്രിസ്തുവിനെ അറിയാൻ അവിടന്നുതന്നെ മുദ്രകൾ തുറക്കണമെന്നും (വെളി 5,1-10) നാമറിയണം. ഉന്നതങ്ങളിൽനിന്നുമാത്രമേ അതിലെ കൃപാവർഷം നമുക്ക് വെളിപ്പെടുത്തിക്കിട്ടുകയുള്ളൂ (ലൂക്കാ 4,17-21).

**വിശുദ്ധഗ്രന്ഥവും ലിറ്റർജിയും**

ദൈവവചനത്തിന്റെ ഭവനം സഭയായതിനാൽ, വചനത്തിന്റെ ആഴത്തിലേക്കിറങ്ങാൻ ലിറ്റർജിക്കു പ്രാധാന്യം കൊടുക്കണമെന്ന് പരിശുദ്ധ ബനഡിക്റ്റ് XVI-ാമൻ പാപ്പ "കർത്താവിന്റെ വചനം" എന്ന അപ്പസ്തോലികാഹ്വാനത്തിൽ പറയുന്നു (നമ്പർ 52). വിശുദ്ധഗ്രന്ഥവും ലിറ്റർജിയുമായുള്ള ബന്ധം സഭാസമൂഹം കൂടുതൽ മനസ്സിലാക്കേണ്ടതുണ്ട്. ദൈവവചനവും ലിറ്റർജിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനാക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ വിശദീകരിക്കുന്നത് (ആരാധനാക്രമം, 24)

ഇവിടെ പ്രസക്തമാണ്. ദൈവം തന്റെ ജനത്തോടു സംസാരിക്കുന്ന സവിശേഷ പശ്ചാത്തലമാണ് ലിറ്റർജി. വിശുദ്ധലിഖിതങ്ങളിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുതന്നെയാണ് ലിറ്റർജിയിലൂടെ സംസാരിക്കുന്നത്. ദൈവവചനത്തിന്റെ പൂർണവും തുടരുന്നതും കാര്യക്ഷമവുമായ അവതരണമാണ് ആരാധനാഘോഷങ്ങൾ. വിശുദ്ധകുർബാനയിലാണ് ദൈവവചനവായനയും ലിറ്റർജിയും തമ്മിലുള്ള ബന്ധം അതിന്റെ പാരമ്യത്തിലെത്തുന്നത്. ആരാധനാവത്സരത്തിന്റെ വിവിധ കാലങ്ങളിലൂടെ വിശുദ്ധലിഖിതം സജീവമായി പ്രഘോഷിക്കപ്പെടുകയും അതുവഴി സഭ രക്ഷാകരരഹസ്യത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്യുന്നു. ആരാധനാനുഷ്ഠാനങ്ങളിൽ ദൈവവചനത്തോടൊപ്പം പരിശുദ്ധാത്മാവിന്റെ ആന്തരിക പ്രവർത്തനവുമുണ്ട്. വിശുദ്ധലിഖിതരചനയിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവുതന്നെയാണ് അതിന്റെ സന്ദേശം ഓരോ വ്യക്തിയിലും ലിറ്റർജിയിലൂടെ എത്തിക്കുന്നത്. അതുവഴി ലിറ്റർജിയിൽ ദൈവവചനം കാലികവും സജീവവുമായ വചനമായി ആഘോഷിക്കപ്പെടുന്നു.

**വിശുദ്ധഗ്രന്ഥവും കേരളസഭയും**

വിശുദ്ധലിഖിതത്തോടുള്ള വി. ജെറോമിന്റെ “സജീവവും ഹൃദ്യവുമായ സ്നേഹം” കേരളസഭയിൽ പ്രകടമാണെന്നത് ഏറെ അഭിമാനകരമാണ്. ദൈവവചനത്തോടുള്ള ആഭിമുഖ്യം പലതലങ്ങളിലായി ഇവിടെ ആഴപ്പെടുന്നു എന്നു പറയാം. കേരളത്തിലെങ്ങുമുള്ള വചനപ്രഘോഷണങ്ങളും ബൈബിൾ പഠനവേദികളും ആഗോളതലത്തിൽത്തന്നെ പ്രശംസിക്കപ്പെടുന്ന ലോഗോസ് ക്വിസ് പോലുള്ള സംരംഭങ്ങളും സമ്പൂർണ ബൈബിൾ പാരായണവും ബൈബിളിലേക്ക് ഇറങ്ങിച്ചെല്ലാൻ സഭാതനയരെ വളരെയധികം സഹായിക്കുന്നുണ്ട്. ക്രിസ്തു

വിനെ കൂടുതലായി അറിയാൻ വിശുദ്ധഗ്രന്ഥംമുഴുവൻ വായിക്കണമെന്ന വിശുദ്ധ ജറോമിന്റെ ഉപദേശമാണ് കേരളസഭ ഇവിടെ പിഞ്ചെല്ലുന്നത്.

വി. ജെറോം സഭയ്ക്കു പകർന്നു നല്കിയ മറ്റൊരു പാരമ്പര്യമാണ് വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിനുള്ള പ്രാധാന്യം. ഈ പ്രാധാന്യം തിരിച്ചറിഞ്ഞ് കേരള കത്തോലിക്കാ മെത്രാൻസമിതി ബൈബിൾകമ്മീഷന്റെ നേതൃത്വത്തിൽ ഈ രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നു. എഴുതപ്പെട്ട ദൈവവചനം അതിന്റെ സംശുദ്ധിയിൽ ദൈവജനത്തിന്റെ പക്കൽ എത്തണമെന്ന ആഗ്രഹത്തോടെയാണ്, 1981-ൽ പിഒസി പുറത്തിറക്കിയ മലയാള ബൈബിൾ വീണ്ടും മൂലഭാഷകളുമായി ബൈബിൾവിജ്ഞാനീയത്തിലെ പുതിയ ഉൾക്കാഴ്ചകളുടെ വെളിച്ചത്തിൽ ഒത്തുനോക്കി പരിഷ്കരിക്കാൻ ബൈബിൾ കമ്മീഷനെ ചുമതലപ്പെടുത്തിയത്. പഴയനിയമപരിഷ്കരണം ബൈബിൾ പണ്ഡിതന്മാരുടെ നേതൃത്വത്തിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. പരിഷ്കരണം പൂർത്തിയാക്കിയ പുതിയനിയമം ഹ്രസ്വവ്യാഖ്യാനങ്ങളും കുറിപ്പുകളുമായി പഠനബൈബിളായി പിഒസിയിൽനിന്നു പ്രസിദ്ധീകരിച്ചു. വിശുദ്ധഗ്രന്ഥപഠനത്തിന് ഊന്നൽ നല്കണമെന്ന "വിശുദ്ധലിഖിതത്തോടുള്ള ഭക്തി" എന്ന സന്ദേശത്തിലെ ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനം ഉൾക്കൊണ്ട്, വചനപഠനവേദികളിലും പ്രാർഥനക്കൂട്ടായ്മകളിലും ബൈബിൾ കമ്മീഷന്റെ ഈ പുതിയനിയമ പഠനബൈബിൾ ഉപയോഗിക്കാൻ ഏവരും താത്പര്യമെടുക്കണം.

ദൈവവചനപഠനത്തിന് മൂലഭാഷകളുമായുള്ള പരിചയം അനിവാര്യമാണെന്ന് വിശുദ്ധ ജെറോം പറയുന്നുണ്ട്. ഞാനൊരു പുരോഹിതനായിരുന്നെങ്കിൽ വിശുദ്ധഗ്രന്ഥം ആഴത്തിൽ മന

സ്സിലാക്കാൻ ഹീബ്രു-ഗ്രീക്ക് ഭാഷകൾ പഠിക്കുമായിരുന്നെന്ന വിശുദ്ധ കൊച്ചുത്രേസ്യയുടെ തീക്ഷ്ണതയും സഭാസമൂഹത്തിന് ഇവിടെ മാതൃകയാണ്. മൂലഭാഷയിൽ വചനം വായിക്കാൻ സഹായകമാണ് ബൈബിൾ സൊസൈറ്റിയുടെ പുതിയ സംഭാവനയായ മലയാളം-ഗ്രീക്ക് പുതിയനിയമം ഇന്റർലീനിയർ. ഹീബ്രു -ഗ്രീക്ക് ഭാഷകൾ ലളിതമായ രീതിയിൽ പഠിക്കാനുള്ള പഠന ഗ്രന്ഥങ്ങളും സൊസൈറ്റി പുറത്തിറക്കിയിട്ടുണ്ട്. മതപഠനക്ലാസുകളിൽ ഈ ഭാഷകൾ കുട്ടികളെ പരിചയപ്പെടുത്തുന്നത് നല്ലൊരു തുടക്കമായിരിക്കും.

വിശുദ്ധഗ്രന്ഥത്തിന്റെ ആഴങ്ങളിലേക്കിറങ്ങാനും ആത്മീയമായ ശക്തിസംഭരിക്കാനും സഹായിക്കുന്നതാണ് “ദൈവികവായന”. ദൈവവചനഭാഗങ്ങൾ വായിച്ച് ധ്യാനിക്കുകയും അത് ജീവിതത്തിലേക്കു പകർത്താൻ ശ്രമിക്കുകയും ചെയ്യുന്ന പുരാതനമായ ഒരു വചനധ്യാനരീതിയാണിത്. വായന, വിചിന്തനം, പ്രാർഥന, ധ്യാനം, പ്രവൃത്തി എന്നിങ്ങനെയുള്ള അഞ്ചു പടികളാണ് ഇതിനുള്ളത്. ഇടവകകളിൽ “ദൈവികവായന”യ്ക്കു വേദികളൊരുക്കി, ദൈവജനത്തെ ആത്മീയമായി ശക്തിപ്പെടുത്തുന്നത് ഈ കോവിഡ്കാലത്തെ വലിയ ഒരു ആത്മീയശുശ്രൂഷയായിരിക്കും.

കോവിഡ് 19 പടർന്നു പിടിച്ച ഈ നാളുകളിൽ കുടുംബങ്ങളിൽ കൂടുതൽ വായിക്കപ്പെടുന്നത് ബൈബിൾ ആണെന്നത് ഏറെ സന്തോഷകരമാണ്. വചനപാരായണമാസമായ ഡിസംബറിൽ ദേവാലയങ്ങളിൽ അധികംപേർക്ക് ഒന്നിച്ചു കൂടുവാൻ സാധിക്കാത്ത പശ്ചാത്തലത്തിൽ ഇടവകകൾ നേതൃത്വം കൊടുത്ത് വീടുകളിൽ അഖണ്ഡബൈബിൾ പാരായണം സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. നിരവധി രൂപതകളും സംഘടനകളും വ്യക്തികളും ഈ സമയത്ത് ബൈബിൾ അധിഷ്ഠിത

ഓൺലൈൻപ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു എന്നത് സന്തോഷത്തോടെ ഇവിടെ അനുസ്മരിക്കുന്നു.

വിശുദ്ധ ജെറോമിനുണ്ടായിരുന്നപോലെ, "സജീവവും ഹൃദ്യവുമായ സ്നേഹം" വിശുദ്ധലിഖിതത്തോടു പുലർത്താൻ സഭാവിശ്വാസികളേവരെയും സ്നേഹപൂർവം ആഹ്വാനം ചെയ്തുകൊണ്ടും ക്രിസ്മസിന്റെ ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ടും,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**

ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**

വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**

വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

---

NB : 2020 ഡിസംബർ 20-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

CL/No. 12/2020

# സർക്കുലർ

## കുടുംബദിനം

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ മക്കളേ,

കുടുംബം എന്ന ദൈവികസംവിധാനത്തിൽ ജനിച്ചവരും ജീവിക്കുന്നവരുമാണ് നാമെല്ലാവരും. തന്റെ മക്കൾക്ക് ഭൂമിയിൽ സന്തോഷത്തോടും സുരക്ഷിതത്വത്തോടുംകൂടെ ജീവിക്കാൻ ദൈവപിതാവ് ഒരുക്കുന്ന അതിവിശിഷ്ടമായ ഇടമാണ് കുടുംബം. അതിന്റെ ശോഭ കുറയ്ക്കുന്നതോ സന്തോഷം കെടുത്തുന്നതോ ആയ ഒന്നും അവിടുത്തെ പിതൃഹൃദയത്തിൽ ഇല്ല.

കൂടുതൽ സമയം കുടുംബത്തിലായിരിക്കുവാനും കുടുംബവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ ചിന്തിക്കുവാനുമൊക്കെ അവസരം കിട്ടിയ കാലമാണല്ലോ ഈ കോവിഡ്-19 മഹാമാരിയുടെ കാലം. എവിടെയെല്ലാമായിരുന്നാലും ആരെല്ലാം ആയാലും നമ്മുടെ വേരുകൾ കുടുംബത്തിലാണെന്നും നമുക്ക് മടങ്ങിവരാനുള്ള ഇടം സ്വന്തം കുടുംബമാണെന്നും ഈ കാലം നമ്മെ പഠിപ്പിച്ചു. അതോടൊപ്പം തന്നെ മനുഷ്യന്റെ അടിസ്ഥാന ജീവിതവ്യവസ്ഥയായ കുടുംബം നേരിടുന്ന പഴയതും പുതിയതുമായ അനേകം വെല്ലുവിളികൾ ഈ കാലം നമ്മുടെ മുമ്പിൽ തുറന്നുവയ്ക്കുകയും ചെയ്തു.

നാം ജീവിക്കുന്ന ഈ കാലവും നാടും വിശ്വാസാധിഷ്ഠിതമായ കുടുംബങ്ങൾ വളർത്തിക്കൊണ്ടുവരേണ്ടതിന്റെ ആവശ്യകത നമ്മെ കൂടുതൽ ഗൗരവമായി ഓർമ്മിപ്പിക്കുന്നു. വിശ്വാ

സജീവിതവും സഭാജീവിതവും വെല്ലുവിളികളിലൂടെ കടന്നുപോകുന്നു എന്ന് നാം പറയുമ്പോൾ അത് കൂടുതൽ ആഴത്തിൽ കുടുംബത്തെയാണ് വെല്ലുവിളിക്കുന്നത് എന്ന സത്യം നാം അവഗണിക്കരുത്. ക്രൈസ്തവവിശ്വാസജീവിതത്തിലെ മാന്ദ്യമോ വിശ്വാസതിരസ്കാരമോ അടിസ്ഥാനരഹിതമായ വിമർശനങ്ങളോ ഒക്കെ മൂല്യങ്ങളുടെ കുഴമറിച്ചിൽ കൂടുതൽ രൂക്ഷമാക്കുകയേ ഉള്ളു. മൂല്യങ്ങളിലാണ് കുടുംബത്തിന്റെ കെട്ടുറപ്പ് എന്നതിനാൽ അവയിലുള്ള വെള്ളം ചേർക്കലും അവയെ അവഗണിക്കലും ആത്യന്തികമായി കുടുംബത്തെ തകർത്തുകളയും. കുടുംബസംസ്കാരം നശിക്കുന്ന നാടും ജനപദങ്ങളും മണ്ണടിയുകയും ചെയ്യും.

മനുഷ്യവ്യക്തികളാണല്ലോ കുടുംബത്തിന്റെ അടിസ്ഥാനഘടകം. കുടുംബം നിലനിൽക്കുകയും മുമ്പോട്ടുപോവുകയും ചെയ്യണമെങ്കിൽ അവിടെ മനുഷ്യനുണ്ടാകണം. കുടുംബത്തിന്റെ അടിസ്ഥാനഘടകമായ മനുഷ്യരുടെ എണ്ണം തന്നെ നമ്മുടെ കുടുംബങ്ങളിൽ വളരെ അപകടകരമായ രീതിയിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നത് അതീവഗൗരവമായി നാം കാണേണ്ട വസ്തുതയാണ്. നമ്മുടെ നാട്ടിൽ ന്യൂനപക്ഷങ്ങൾക്കിടയിലെ സൂക്ഷ്മന്യൂനപക്ഷമായി നാം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. അത് നമ്മുടെ ശക്തി കുറയ്ക്കുകയും സ്വരം ദുർബലമാക്കുകയും ചെയ്യുന്നു. നമ്മുടെ നേർക്കുള്ള സംഘടിത ആക്രമണങ്ങളെ ഫലപ്രദമായി നേരിടാൻ ആൾബലം കുറഞ്ഞുപോകുന്ന നമുക്ക് പലപ്പോഴും സാധിക്കുന്നുമില്ല. ജനാധിപത്യസംവിധാനത്തിൽ ആളെണ്ണം തന്നെയാണ് പ്രധാനം.

നമ്മുടെ ചരിത്രത്തിന്റെ അതിനിർണ്ണായകമായ ഒരു ഘട്ടത്തിലാണ് നാം ജീവിക്കുന്നത്. രണ്ടായിരത്തിലേറെ വർഷങ്ങളായി ഇവിടെ നിലനിൽക്കുന്ന നമ്മുടെ സമൂഹം തുടരണമോ അതോ തുടച്ചുമാറ്റപ്പെടണമോ എന്ന് ഈ കാലഘട്ടത്തിൽ ജീവിക്കുന്ന നാമാണ് നിശ്ചയിക്കാൻ പോകുന്നത്. ക്രൈസ്തവകത്തോലിക്കാ കുടുംബങ്ങളിലെ ജനനനിരക്ക് ഇപ്പോഴുള്ള രീതിയിലാണ് തുടരുന്നതെങ്കിൽ നമ്മുടെ സമൂഹത്തിന്റെ ആയുസ്സ് അധികം വർഷങ്ങളുണ്ടാകാനിടയില്ല. കഴിഞ്ഞ പത്തു പതിനഞ്ചു വർഷങ്ങൾക്കുള്ളിൽ വിവാഹിതരായവരും വരുന്ന പത്ത് ഇരുപതു വർഷങ്ങൾക്കുള്ളിൽ വിവാഹിതരാകാൻ പോകുന്നവരുമായ ദമ്പതികളിൽനിന്ന് കൂടുതൽ മക്കൾ ജനിക്കുന്നില്ലെങ്കിൽ സ്വയം വംശഹത്യ നടത്തിയ, ആത്മഹത്യ ചെയ്ത ഒരു സമൂഹമായി കേരളകത്തോലിക്കർ ചരിത്രപുസ്തകങ്ങളിൽ തലകുനിച്ചു നിൽക്കേണ്ടിവരുമെന്ന കാര്യത്തിൽ സംശയമില്ല.

നമ്മുടെ സുഖത്തിനും സൗകര്യത്തിനും സമ്പത്തിനും വേണ്ടി മക്കളുടെ എണ്ണം കുറയ്ക്കുമ്പോൾ അതു സമൂഹത്തിലും സഭയിലും നമ്മുടെതന്നെ കുടുംബങ്ങളിലും ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ നമ്മുടെ നിലനില്പ്പുതന്നെ ചോദ്യം ചെയ്യുന്ന അവസ്ഥയിലേക്ക് കാര്യങ്ങളെ എത്തിച്ചു. മക്കളുടെ നല്ല ഭാവിക്കു വേണ്ടിയെന്ന പേരിൽ അംഗസംഖ്യ വെട്ടിക്കുറച്ചപ്പോൾ ഭാവിയിൽ അവരുടെമേൽ വച്ചുകൊടുക്കുന്ന വലിയഭാരങ്ങൾ എത്രയെന്ന് നാം ചിന്തിച്ചില്ല. അഞ്ചോ എട്ടോ ഒക്കെ മക്കൾ വഹിച്ചിരുന്ന കുടുംബഭാരം രണ്ടോ മൂന്നോ പേരിലേക്ക് ചുരുങ്ങുമ്പോൾ അതു കുടുംബങ്ങളിൽ സൃഷ്ടിക്കുന്ന സമ്മർദ്ദങ്ങൾ വളരെ

വലുതാണ്. മക്കൾ കൂടുതലുള്ള സമൂഹങ്ങൾ വിദ്യാഭ്യാസപരമായും, രാഷ്ട്രീയമായും ഒക്കെ ബഹുദൂരം മുന്നേറുന്നതുകണ്ട് അസൂയപ്പെട്ടിട്ട് കാര്യമില്ല. നമ്മുടെ സ്വാർത്ഥതയും സുഖലോലുപതയും വിട്ട് ഉണർന്നെഴുന്നേറ്റില്ലെങ്കിൽ നാം തിരിച്ചുവരാനാവാത്തവിധം പരാജയപ്പെട്ടുപോകും.

"നിങ്ങളുടെ എണ്ണം കുറഞ്ഞുപോകരുത്" (ജെറമിയ 29:6) എന്ന് ദൈവമായ കർത്താവ് ജെറമിയാപ്രവാചകനിലൂടെ ഇസ്രായേൽജനത്തെ ഓർമ്മിപ്പിച്ചത് ചെറിയസമൂഹമായിപ്പോയാൽ അവർ രാഷ്ട്രീയമായും സാമൂഹ്യമായും ഞെരുക്കപ്പെടുമെന്നതിനാൽ മാത്രമല്ല ഉന്നതജീവിതമൂല്യവും ആദർശവുമുള്ള ദൈവജനം കുറഞ്ഞുപോയാൽ ലോകത്തിനു മാതൃക നൽകാനും മാനവസംസ്ക്കാരം നിലനിർത്താനും ആളുണ്ടാവില്ലയെന്നതുകൊണ്ടുമാണ്. ലോകത്തെ നവീകരിക്കുവാനും മൂല്യങ്ങളിൽ ഉറപ്പിച്ചുനിറുത്തുവാനും ക്രൈസ്തവസംസ്ക്കാരം ഈ ലോകത്തിൽ വളരേണ്ടതുണ്ട്. അതു ക്രൈസ്തവകുടുംബങ്ങളിൽനിന്നാണ് നാമെടുക്കുന്നത്. മൂല്യങ്ങളും സംസ്ക്കാരവുമില്ലാത്ത ആൾക്കൂട്ടങ്ങൾ മനുഷ്യവംശത്തിന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയാണ്.

വൈവാഹികജീവിതത്തെ ശ്രേഷ്ഠമായ ദൈവവിളിയായിത്തന്നെ നാം മനസ്സിലാക്കണം. ഈ വിളി ലഭിച്ചവർ അതിലേയ്ക്ക് പ്രവേശിക്കുന്നത് വല്ലാതെ നീട്ടിക്കൊണ്ടുപോകുന്ന പ്രവണത നമ്മുടെയിടയിലുണ്ട്. ഇണയും സഖിയുമായ ഒരാൾ ജീവിതത്തിലുണ്ടാകണമെന്നാഗ്രഹിക്കുന്ന യൗവനത്തിൽതന്നെ നമ്മുടെ ചെറുപ്പക്കാർ വിവാഹിതരാകട്ടെ. ചെറുപ്രായത്തിലാ

രംഭിക്കുന്ന ബന്ധങ്ങൾക്കാണ് ഊഷ്മളതയും ഉറപ്പും കൂടുത ലുണ്ടാകുന്നത്. സുഖദുഃഖങ്ങളിലും ഉയർച്ച താഴ്ചകളിലും പ്രലോഭനങ്ങളിലും പ്രതിസന്ധികളിലും ഒക്കെ ഒപ്പം നിൽക്കാൻ ഏറ്റവും അനുയോജ്യരായത് ജീവിതപങ്കാളികൾതന്നെയാണ്. നവയൗവനത്തിൽതന്നെ ദമ്പതികൾ മക്കൾക്ക് ജന്മം നൽകി ത്തുടങ്ങട്ടെ. അത് അവരുടെ ബന്ധത്തെ ദൃഢമാക്കുകയും അവരെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കുകയും ചെയ്യും.

കുടുംബം ഒരു സാമൂഹികസംവിധാനം മാത്രമല്ല; നമ്മുടെ നിലനിൽപ്പിന്റെ ആധാരംകൂടിയാണ്. കുടുംബത്തെ അവഗണി ച്ചാൽ മനുഷ്യവംശത്തിന് നിലനില്പ്പില്ല. ശരിയായ കുടുംബ ജീവിതമില്ലാതെ വിശ്വാസവളർച്ചയുമില്ല. ഉത്തമക്രൈസ്തവകു ടുംബങ്ങളാൽ ഭൂമി നിറയാൻ ഈ കുടുംബദിനത്തിൽ തിരുക്കു ടുംബത്തോട് നമുക്കു പ്രാർത്ഥിക്കാം.

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി
26.11.2020

NB : ഈ സർക്കുലർ 2020 ഡിസംബർ 27-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

**1. വിവാഹാഘോഷം മുടക്ക്**

മംഗലവാർത്തക്കാലത്തോടനുബന്ധിച്ച് ഇരുപത്തഞ്ചുനോമ്പിൽ വിവാഹാഘോഷങ്ങൾക്ക് മുടക്കുണ്ടായിരിക്കുന്നതാണ്.

**2. മാർ തെയദോറിന്റെ അനാഫൊറ**

പൗരസ്ത്യ സുറിയാനി സഭയിൽ മംഗലവാർത്തക്കാലം ഒന്നാം ഞായർ മുതൽ ഓശാനഞായർ ഉൾപ്പെടെയുള്ള കാലയളവിൽ വിശുദ്ധ കുർബാനയ്ക്ക് മാർ തെയദോറിന്റെ ക്രമമാണ് ഉപയോഗിച്ചിരുന്നത്. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം, പരസ്യജീവിതം, പീഡാസഹനം, മരണം എന്നിവ അനുസ്മരിക്കുന്ന മംഗലവാർത്തക്കാലത്തും ദനഹാക്കാലത്തും നോമ്പുകാലത്തും ക്രിസ്തുജ്ഞാനീയപരമായി പ്രാധാന്യമുള്ള ഈ അനാഫൊറ ഉപയോഗിക്കുന്നത് ഉചിതമായിരിക്കും.

**3. രൂപതക്കച്ചേരിക്ക് അവധി**

ക്രിസ്മസിനോടനുബന്ധിച്ച് ഡിസംബർ 24, 25, 26 തീയതികളിൽ രൂപതക്കച്ചേരിക്ക് അവധിയായിരിക്കും.

**4. ബൈബിൾ ഞായർ**

കെ.സി.ബി.സി. നിശ്ചയിച്ചിരിക്കുന്ന ബൈബിൾ ഞായർ 2020 ഡിസംബർ 20-ാം തീയതിയാണ്. ഇതു സംബന്ധിച്ച സർക്കുലർ 2020 ഡിസംബർ 20-ാം തീയതി വായിക്കേണ്ടതാണ്.

**5. തിരുക്കുടുംബദിനം**

ക്രിസ്മസ് കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണല്ലോ തിരുക്കുടുംബദിനമായി നമ്മൾ ആചരിക്കുക. ഇപ്രാവശ്യം 2020 ഡിസംബർ 27-ാം തീയതിയാണു തിരുക്കുടുംബദിനം. ഇതു സംബന്ധിച്ച സർക്കുലർ 2020 ഡിസംബർ 27-ാം തീയതി ഞായറാഴ്ച വായിക്കേണ്ടതാണ്.

### 6. പൗരോഹിത്യ സുവർണ്ണ ജൂബിലി

മാർ മാത്യു അറയ്ക്കൽ, റവ. ഫാ. ആന്റണി കൊച്ചാങ്കൽ, റവ. ഫാ. ജോയി ചിറ്റൂർ ഇവരാണ് ഈ വർഷം പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷിക്കുന്നത്. 2021 ഫെബ്രുവരി മാസത്തിൽ രൂപതാതലത്തിൽ ഇവരുടെ ജൂബിലി ആഘോഷിക്കുന്നതാണ്.

### 7. 2020-2021 വർഷത്തെ കണക്ക്

പള്ളികളിൽ നിന്നും ഇവിടെ അടയ്ക്കുവാനുള്ള രൂപതാവിഹിതം കുടിശ്ശിഖ 2021 ഫെബ്രുവരി 15 ന് മുമ്പായി രൂപതാഫൈനാൻസ് ഓഫീസിൽ അടച്ച് സഹായിക്കുമല്ലോ.

### 7. Appointments

| | | |
|---|---|---|
| Rev. Fr. Pazheparampil Augustine | - | Vicar in Charge, Elangulam |
| Rev. Fr. Njallimackal Varghese | - | Assistant Director, Sahiyadri Ayurveda Pharmaceuticals, Hospital and Training Centre, Pothupara and the Secretary to the Bishop Emeritus His Excellency Mar Mathew Arackal |
| Rev. Fr. Thomas Mattamundayil | - | Secretary, Seminarians' Formation Fund |

### Relieved

| | | |
|---|---|---|
| Rev. Fr. Augustine Kariapuram | - | Vicar, Elangulam (on leave) |

## രൂപതാ ബുള്ളറ്റിൻ വാർഷിക വരിസംഖ്യ

രൂപതാബുള്ളറ്റിന്റെ വാർഷിക വരിസംഖ്യ അടയ്ക്കുവാനുള്ളവർ ഡിസംബർ 31-നു മുമ്പായി രൂപതാ ഫിനാൻസ് ഓഫീസിൽ വാർഷിക വരിസംഖ്യയായ 250 രൂപ അടച്ച് തീർക്കേണ്ടതാണ്. മുൻകുടിശ്ശിഖയുള്ളവർ അതും അടച്ചുതീർക്കാൻ ശ്രദ്ധിക്കുമല്ലോ.

ഫിനാൻസ് ഓഫീസ് - ഫോൺ : 04828-202600

# പൗരോഹിത്യ രജത ജൂബിലി ആശംസകൾ



## റവ. ഫാ. ആന്റണി തോക്കനാട്ട്

ഇളങ്ങുളം ഇടവക തോക്കനാട്ട് ലൂക്ക്-ത്രേസ്യാമ്മ ദമ്പതികളുടെ മകനായി ആന്റണി തോക്കനാട്ട് 1965 ഡിസംബർ 16 ന് ജനിച്ചു. ഇളങ്ങുളം സെന്റ് മേരീസ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. തുടർന്ന് പാലാ സെന്റ് തോമസ് കോളേജ്, കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കോളേജ് എന്നിവിടങ്ങളിൽനിന്നുമായി പ്രീഡിഗ്രിയും ബിരുദവും യഥാക്രമം പൂർത്തിയാക്കി. പൗരോഹിത്യത്തിലേക്കുള്ള ദൈവവിളി തിരിച്ചറിഞ്ഞ് പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. തുടർന്ന് ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ M.Sc. പഠനം പൂർത്തിയാക്കി. അതിനുശേഷം

പൂനെ പേപ്പൽ സെമിനാരിയിൽ തത്വശാസ്ത്ര ദൈവശാസ്ത്രപഠനം നടത്തി. അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ കൈവയ്പു വഴി 1995 മെയ് 30-ാം തീയതി പൗരോഹിത്യപട്ടം സ്വീകരിച്ചു.

കോരുത്തോട് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യനിയമനം. തുടർന്ന് ആനക്കല്ല് ഇടവകയിൽ അസി. വികാരിയായും സെന്റ് ആന്റണീസ് സ്കൂളിന്റെ വൈസ്പ്രിൻസിപ്പലായും സേവനം ചെയ്തു. തുടർന്ന് സെന്റ് ആന്റണീസ് പബ്ലിക് സ്കൂളിന്റെ പ്രിൻസിപ്പലായി നീണ്ടകാലം സ്തുത്യർഹമായ സേവനം ചെയ്തു. റാന്നി സിറ്റഡൽ സീനിയർ സെക്കണ്ടറി സ്കൂളിന്റെ ഡയറക്ടറായും ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഇക്കാലയളവിൽ ആനക്കല്ല് ഇടവക വികാരിയായും റാന്നി, കരിക്കാട്ടൂർ ഇടവകകളിൽ ഇടക്കാല ശുശ്രൂഷകനായും സേവനം ചെയ്തു. തുടർന്ന് കണ്ണിമല ഇടവക വികാരിയായും സേവനം ചെയ്തു. ഇപ്പോൾ അമേരിക്കയിൽ അജപാലനശുശ്രൂഷ ചെയ്യുന്നു.

വിദ്യാഭ്യാസത്തിലും ബിരുദാനന്തരബിരുദമുള്ള (M.Ed) ബഹു. ആന്റണി തോക്കനാട്ടച്ചൻ അറിയപ്പെടുന്ന വിദ്യാഭ്യാസവിദഗ്ദ്ധനാണ്. പ്രശസ്തമായ ആനക്കല്ല് സെന്റ് ആന്റണീസ് പബ്ലിക് സ്കൂളിന്റെ വളർച്ചയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ അദ്ദേഹത്തിനായിട്ടുണ്ട്. മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസ സമീപനങ്ങളിലൂടെയും വ്യക്തിബന്ധങ്ങളിലൂടെയും തന്റെ വിദ്യാർത്ഥികളെ മികവുള്ളവരാക്കുവാൻ അച്ചൻ ബദ്ധശ്രദ്ധനായിരുന്നു. ബഹുമാനപ്പെട്ട ആന്റണി തോക്കനാട്ടച്ചന് കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാനിർഭരമായ പൗരോഹിത്യ രജതജൂബിലി ആശംസകൾ നേരുന്നു.



# റവ. ഫാ. അഗസ്റ്റിൻ അത്തിമൂട്ടിൽ

എരുമേലി ഇടവകയിൽ അത്തിമൂട്ടിൽ ജേക്കബ് - അന്ന ദമ്പതികളുടെ മകനായി 1968 ഓഗസ്റ്റ് 17 ന് അജി എന്നറിയപ്പെടുന്ന അഗസ്റ്റിൻ അത്തിമൂട്ടിൽ ജനിച്ചു. എരുമേലി സെന്റ് തോമസ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും നടത്തി. തുടർന്ന് പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ വൈദികപരിശീലനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ് സെമിനാരിയിൽ തത്വശാസ്ത്രപഠനവും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി. അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ കൈവയ്പ്പുവഴി 1995 ഡിസംബർ 26-ന് ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചു.

കട്ടപ്പന, മുണ്ടക്കയം, കൽത്തൊട്ടി ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്തു. അതിനുശേഷം ബിരുദാനന്തര ബിരു

ദവും B.Ed. ഉം നേടി. കരിക്കാട്ടൂർ, ചേമ്പളം, പത്തനംതിട്ട, പാലൂർക്കാവ് ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. കൂവപ്പള്ളി അമൽജ്യോതി എൻജിനീയറിംഗ് കോളേജിന്റെ അസിസ്റ്റന്റ് മാനേജർ, മാനേജർ ഇൻ ചാർജ്, മാനേജർ എന്നീ നിലകളിൽ തന്റെ പ്രാഗത്ഭ്യം തെളിയിച്ചു. അമേരിക്കയിലും അദ്ദേഹം അജാപലനശുശ്രൂഷചെയ്തിട്ടുണ്ട്. ഇപ്പോൾ പേഴുംപാറ പള്ളിയുടെ വികാരിയായി സേവനം ചെയ്യുന്നു.

നിശ്ചയദാർഢ്യത്തോടെ ഏതുകാര്യവും – അജപാലനം, മാനേജ്മെന്റ്, നിർമ്മാണം – പൂർത്തിയാക്കുന്ന അനിതരസാധാരണമായ കഴിവ് അജി അച്ചനുണ്ട്. പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ബഹുമാനപ്പെട്ട അഗസ്റ്റിൻ അത്തിമൂട്ടിലച്ചന് രൂപതാകുടുംബത്തിന്റെ സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ.




# റവ. ഫാ. പോൾ നെല്ലിപ്പള്ളിൽ

പുത്തൻകൊരട്ടി ഇടവകയിൽ നെല്ലിപ്പള്ളിൽ വർഗീസ്-മേരി ദമ്പതികളുടെ മകനായി 1966 സെപ്റ്റംബർ 26 ന് പോൾ നെല്ലിപ്പ ള്ളിൽ ജനിച്ചു. കൊരട്ടി സെന്റ് മേരീസ് സ്കൂളിൽ പ്രാഥമിക വിദ്യാ ഭ്യാസവും എരുമേലി സെന്റ് തോമസ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാ ഭ്യാസവും പൂർത്തീകരിച്ചു. വൈദികപരിശീലനത്തിനായി പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര-ദൈവ ശാസ്ത്ര പഠനം പൂർത്തിയാക്കി. 1995 ഡിസംബർ 26-ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ കൈവയ്പ്പുവഴി ശുശ്രൂഷാപൗ രോഹിത്യം സ്വീകരിച്ചു.

പൊൻകുന്നം, വലിയതോവാള, ആനിക്കാട് ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായും കുടുക്കവള്ളി എസ്റ്റേറ്റിന്റെ അസി. മാനേ ജരായും സേവനം ചെയ്തു. എലിവാലിക്കര, മണിപ്പുഴ,

ഏയ്ഞ്ചൽവാലി, നിർമ്മലഗിരി, ചെറുവള്ളി, വെച്ചൂച്ചിറ എന്നീ ഇട വകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. ഇപ്പോൾ ചെങ്കൽ ഇട വകയുടെ വികാരിയായി പ്രവർത്തിക്കുന്നു.

ഇടവകകളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് കൃത്യതയോടെ ആദ്ധ്യാത്മിക ശുശ്രൂഷ ചെയ്യുന്ന പോളച്ചൻ നർമ്മത്തോടെ കാര്യ ങ്ങൾ തുറന്നുപറയുന്ന വ്യക്തിത്വത്തിന് ഉടമയാണ്. പൗരോഹിത്യ ത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ബഹു. പോൾ നെല്ലിപ്പള്ളി അച്ചന് രൂപതാകുടുംബത്തിന്റെ സ്നേഹനിർഭരമായ പ്രാർത്ഥനാ ശംസകൾ നേരുന്നു.



# റവ. ഫാ. ജോസഫ് വാഴപ്പനാടിയിൽ

ഏയ്ഞ്ചൽവാലി ഇടവകയിൽ വാഴപ്പനാടിയിൽ തോമസ്-ഏലിക്കുട്ടി ദമ്പതികളുടെ പുത്രനായി 1966 ഫെബ്രുവരി 23-ന് ഔസേപ്പച്ചൻ എന്നറിയപ്പെടുന്ന ജോസഫ് വാഴപ്പനാടിയിൽ ജനിച്ചു. കണമല സെന്റ് തോമസ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും ഉമ്മിക്കുപ്പ സെന്റ് മേരീസ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും നടത്തി. വൈദികപരിശീലനത്തിനായി പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ ചേർന്നു. തത്ത്വശാസ്ത്ര-ദൈവശാസ്ത്ര പരിശീലനങ്ങൾ വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ പൂർത്തിയാക്കി. 1995 ഡിസംബർ 27-ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിൽ നിന്നും ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചു.

വണ്ടൻമേട് പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യശുശ്രൂഷ. നസ്രാണിപുരം, കരുണാപുരം ഇടവകകളിൽ വികാ

രിയായും മേട്ടുക്കുഴി കുരിശുപള്ളിയുടെ വികാർ-ഇൻ-ചാർജ്ജായും, കോരുത്തോട് ഇടവകയിൽ അസി. വികാരിയായും സേവനം ചെയ്തു. വൈദികപരിശീലനകാലത്തുതന്നെ സോഷ്യൽ വർക്കിൽ ബിരുദാനന്തരബിരുദം കരസ്ഥമാക്കിയ അച്ചൻ ജർമ്മനിയിലെ മ്യൂൺസ്റ്റർ രൂപതയിൽ 15 വർഷത്തോളം സേവനം ചെയ്തു. ഇപ്പോൾ അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്ററിന്റെയും സാൻ ജോസ് പ്രീസ്റ്റ് ഹോമിന്റെയും ഡയറക്ടറായി പ്രവർത്തിച്ചുവരുന്നു.

ആഴമായ സഭാസ്നേഹവും, ലോകപരിചയവുമുള്ള ഔസേപ്പച്ചൻ വളരെ ഹൃദ്യതയോടും സ്നേഹത്തോടുംകൂടിയാണ് എല്ലാവരോടും ഇടപെടുന്നത്. പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ബഹു. ജോസഫ് വാഴപ്പനാടിയിൽ അച്ചന് രൂപതാകുടുംബത്തിന്റെ സ്നേഹാശംസകൾ.



# റവ. ഫാ. ജേക്കബ് കൈപ്പൻപ്ലാക്കൽ

കാഞ്ഞിരപ്പള്ളി ഇടവകയിൽ കൈപ്പൻപ്ലാക്കൽ ചാക്കോ-അന്നമ്മ ദമ്പതികളുടെ പുത്രനായി 1968 ഏപ്രിൽ 07-ന് ജേക്കബ് കൈപ്പൻപ്ലാക്കൽ ജനിച്ചു. കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും, ചിറക്കടവ് സെന്റ് എഫ്രേം സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. തുടർന്ന് പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ വൈദികപരിശീലനത്തിനായി ചേർന്നു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽനിന്നും തത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങളും പൂർത്തിയാക്കി. 1995 ഡിസംബർ 28-ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിൽ നിന്നും പൗരോഹിത്യപട്ടം സ്വീകരിച്ചു.

ആനിക്കാട്, കട്ടപ്പന ഇടവകകളിൽ അസി. വികാരിയായി സേവനം ചെയ്തു. മീൻകുഴി, സീതത്തോട്, കൂത്താട്ടുകുളം ഇടവകകളുടെ ആക്ടിംഗ് വികാരിയും ചേമ്പളം, പേഴുംപാറ ഇടവകകളുടെ

വികാർ അഡ്മിനിസ്ട്രേറ്ററും എലിവാലിക്കര ഇടവകയുടെ വികാർ ഇൻ ചാർജും തേർഡ് ക്യാമ്പ്, പാണപിലാവ്, ചെമ്പനോലി, കരിക്കാട്ടൂർ, വെച്ചൂച്ചിറ ഇടവകകളിൽ വികാരിയുമായി ശുശ്രൂഷ ചെയ്തു. പൊൻകുന്നം ആശാനിലയം സ്കൂളിലെ അധ്യാപകനായും അസി. ഡയറക്ടറായും സേവനം ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇടമൺ ഇടവകയിലാണ് അജപാലനശുശ്രൂഷ നിർവ്വഹിക്കുന്നത്. റാന്നി സിറ്റഡൽ സ്കൂൾ അധ്യാപകനുമാണ്.

തന്റെ ശുശ്രൂഷാമേഖലകളിലെല്ലാം ദൈവജനത്തിന്റെ സമഗ്രമായ നന്മ ലക്ഷ്യമാക്കിയാണ് ജേക്കബച്ചൻ പ്രവർത്തിക്കുന്നത്. പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ബഹു. ജേക്കബ് കൈപ്പൻപ്ലാക്കലച്ചന് രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.




# റവ. ഡോ. ജോസഫ് നെല്ലിമലമറ്റം

ആനിക്കാട് ഇടവക നെല്ലിമലമറ്റം തോമസ് - ഏലിക്കുട്ടി ദമ്പതികളുടെ മകനായി 1969 ജൂലൈ 21-ന് ജോസഫ് നെല്ലിമലമറ്റം ജനിച്ചു. ആനിക്കാട് സെന്റ് തോമസ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. തുടർന്ന് പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങൾ നടത്തി. 1995 ഡിസംബർ 29-ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

മേലോരം, ചെങ്ങളം, ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്തു. പൗരസ്ത്യദൈവശാസ്ത്രത്തിലും സുറിയാനി ഭാഷയിലും ബിരുദാനന്തരബിരുദധാരിയാണ്. സാൽസ്ബർഗ് യൂണി

വേഴ്സിറ്റിയിൽനിന്നും സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പ്രശംസനീയമാംവിധം ഡോക്ടറേറ്റും കരസ്ഥമാക്കി. ഹോളണ്ടിലെ വിവിധ ഇടവകകളിൽ അജപാലനശുശ്രൂഷയും നിർമ്മലഗിരി, മുള ങ്കുന്ന്, ആലംപള്ളി, മുറിഞ്ഞപുഴ ഇടവകകളിൽ വികാരിയായും സേവനം ചെയ്തു. ഇപ്പോൾ മ്ലാമല ഇടവകയിൽ സ്തുത്യർഹമായ സേവനം ചെയ്യുന്നു. മ്ലാമല ഇടവകയുടെ സമഗ്രമായ പുരോഗതി ക്കായി ബഹു. അച്ചൻ ചെയ്യുന്ന സംഭാവനകൾ പ്രത്യേകം പ്രശംസ അർഹിക്കുന്നതാണ്.

പൗരസ്ത്യദൈവശാസ്ത്രത്തിലും ആത്മീയതയിലും പണ്ഡി തനായ ബഹു. നെല്ലിമലമറ്റത്തിലച്ചൻ ശാന്തമായും നിശബ്ദമായും ദൈവജനത്തിന്റെ യഥാർത്ഥ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ശുശ്രൂഷ ചെയ്യുന്ന അജപാലകനാണ്. തന്റെ പൗരോഹിത്യരജതജൂബിലിയുടെ ഈ ധന്യവേളയിൽ കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ പ്രാർത്ഥ നാശംസകൾ.



# റവ. ഫാ. തോമസ് ഞള്ളിയിൽ

ചെറുവള്ളി ഇടവകയിൽ ഞള്ളിയിൽ എബ്രാഹം-റോസമ്മ ദമ്പതികളുടെ മകനായി 1970 മെയ് 28 ന് തോമസ് ഞള്ളിയിൽ ജനിച്ചു. ചെറുവള്ളി സെന്റ് മേരീസ് സ്കൂൾ, എസ്.സി.ടി.എം. സ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമികവിദ്യാഭ്യാസവും ചിറക്കടവ് സെന്റ് എഫ്രേംസ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും നടത്തി. തുടർന്ന് പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ വൈദികപരിശീലനം ആരംഭിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്നും തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1995 ഡിസംബർ 30-ാം തീയതി അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ കൈവയ്പ്പുവഴി ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചു.

മേരികുളം, ഇളങ്ങുളം ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്തു. പെരുന്തേനരുവി, ബഥനിമല, പെരുനാട്,

ഇഞ്ചിയാനി, പെരിയാർ വള്ളക്കടവ്, നസ്രാണിപുരം, മുക്കൂട്ടുതറ ഇടവകകളിൽ വികാരിയായി സേവനം ചെയ്തു. മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ അസി. ഡയറക്ടറായി സാമൂഹിക പ്രതിബദ്ധതയോടെ സേവനം ചെയ്തു. ഇപ്പോൾ പാലൂർക്കാവ് ഇടവകയിൽ ശുശ്രൂഷ ചെയ്യുന്നു.

ശാന്തമായി, പ്രസന്നമായി ഭരമേല്പിക്കപ്പെട്ട ദൈവീകശുശ്രൂഷ മിശിഹായുടെ എളിമയോടെ നിർവഹിക്കുന്ന പുരോഹിതനാണ് ബഹു. ഞള്ളിയിൽ തോമസച്ചൻ. പൗരോഹിത്യ രജതജൂബിലിയുടെ മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം രൂപതാകുടുംബം ഒന്നാകെ ആശംസിക്കുന്നു.



# റവ. ഫാ. മാത്യു വടക്കേൽ

പെരുവന്താനം ഇടവകയിൽ വടക്കേൽ മാത്യു-കത്രീന ദമ്പതികളുടെ പുത്രനായി 1968 ജനുവരി 26-ന് റോയി വടക്കേൽ ജനിച്ചു. പെരുവന്താനം ഗവൺമെന്റ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും പെരുവന്താനം സെന്റ് ജോസഫ്സ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും നടത്തി. പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി. 1995 ഡിസംബർ 31-ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിൽ നിന്നും ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചു.

കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി വൈദികശുശ്രൂഷ ആരംഭിച്ചു. തുടർന്ന് അഴങ്ങാട് പള്ളിയിൽ വികാരിയായി നിയമിതനായി. രൂപതാ ഫാമിലി അപ്പസ്റ്റോലേറ്റ്,

പാലമ്പ്ര മാർ തോമാ ബാലികാഭവൻ, ഇളങ്ങുളം സാൻജോസ് ബാല ഭവൻ, കാഞ്ഞിരപ്പള്ളി ഹോം ഓഫ് പീസ്, എലിക്കുളം സെറിനിറ്റി ഹോം, തമ്പലക്കാട് എമ്മാനുവേൽ റിന്യൂവൽ സെന്റർ തുടങ്ങിയവ യുടെ ഡയറക്ടറായും തമ്പലക്കാട് പെനുവേൽ ആശ്രമത്തിന്റെ അഡ്മിനിസ്ട്രേറ്ററായും തുടർന്ന് ഡയറക്ടറായും, ചോറ്റുപാറ വി. ജിയന്നാ തീർത്ഥാടനകേന്ദ്രത്തിന്റെ ഡയറക്ടറായും സേവനം ചെയ്തു. ഇപ്പോൾ വണ്ടൻപതാൽ ആശ്രമത്തിന്റെയും നല്ലിടയൻ റീഹാബിലിറ്റേഷൻ സെന്ററിന്റെയും, ഡിപ്പാർട്ട്മെന്റ് ഓഫ് സ്പെഷ്യൽ കെയർ ഹോംസ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ്, സ്റ്റുഡൻസ് എഡ്യൂക്കേഷൻ പ്രോഗ്രാം, നല്ല സമറായൻ ആശ്രമം, ചെങ്കൽ ആശാകിരൺ പ്രോജക്ട് തുടങ്ങിയ വിവിധ സാമൂഹിക പ്രവർത്തനങ്ങളുടെ ഡയറക്ടറാണ്. കേരളസർക്കാരിന്റെ കീഴിലുള്ള ഓർഫനേജ് കൺട്രോൾ ബോർഡിന്റെ ചെയർമാൻ, കെ.സി.ബി.സി. യുടെ കെയർഹോംസ് ആൻഡ് സ്പെഷ്യൽ സ്കൂൾ കമ്മീഷന്റെ സെക്രട്ടറി, സംസ്ഥാനസാമൂഹ്യനീതി ക്ഷേമവകുപ്പിന്റെ വിവിധ ഉപ ദേശകസമിതികളിൽ അംഗം എന്നിങ്ങനെ വിവിധ മേഖലകളിൽ നിസ്തുലസേവനം ചെയ്തു വരുന്നു. കാഞ്ഞിരപ്പള്ളി രൂപതാ സേഫ് എൻവയർമെന്റൽ കമ്മിറ്റിയിലെ അംഗംകൂടിയാണ്.

മിശിഹായുടെ കരുണാർദ്രസ്നേഹം അതിന്റെ പൂർണ്ണതയിൽ സർവ്വരിലുമെത്തിക്കുവാൻ അക്ഷീണം അദ്ധ്വാനം ചെയ്യുന്ന റോയി അച്ചൻ കേരള കത്തോലിക്കാസഭയുടെ സാമൂഹിക പ്രവർത്തനങ്ങ ളുടെ മുഖച്ഛായതന്നെയാണ്. തന്റെ പൗരോഹിത്യസ്വീകരണത്തിന്റെ രജതജൂബിലി നിറവിൽ എല്ലാവിധ പ്രാർത്ഥനാശംസകളും രൂപതാ കുടുംബം ആശംസിക്കുന്നു.



# റവ. ഫാ. ജോർജ് കൊച്ചുപറമ്പിൽ

കൽത്തൊട്ടി ഇടവകയിൽ കൊച്ചുപറമ്പിൽ ജോർജ് - അന്നമ്മ ദമ്പതികളുടെ മകനായി 1969 ജനുവരി 16-ന് ജോർജ് കൊച്ചുപറമ്പിൽ ജനിച്ചു. മുരിക്കുംവയൽ ഗവൺമെന്റ് സ്കൂൾ, കൽത്തൊട്ടി എ.എം.യു.പി. സ്കൂൾ, നരിയമ്പാറ മന്നം മെമ്മോറിയൽ സ്കൂൾ തുടങ്ങിയ വിദ്യാലയങ്ങളിലായി സ്കൂൾ വിദ്യാഭ്യാസം നടത്തി. പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്നും തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1996 ജനുവരി 1-ാം തീയതി അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ കൈവയ്പ്പുവഴി പൗരോഹിത്യ പട്ടം സ്വീകരിച്ചു.

കോരുത്തോട്, എരുമേലി ഇടവകകളിൽ അസി. വികാരിയായി സേവനം ചെയ്തു. മേലോരം, പാണപിലാവ്, രാമക്കൽമേട്, കൊച്ചു

തോവാള, ചെന്നാക്കുന്ന് ഇടവകകളിൽ വികാരിയായിരുന്നു. രൂപതാ റ്റെമ്പറൻസ് മൂവ്മെന്റ്, ജീസസ് ഫ്രട്ടേണിറ്റി, ഇൻഫാം തുടങ്ങിയവയുടെ ഡയറക്ടറായി സേവനം ചെയ്തു. തമ്പലക്കാട് പെനുവൽ ആശ്രമത്തിന്റെ അസോസിയേറ്റ് ഡയറക്ടറായിരുന്നു. ഇപ്പോൾ മേപ്പാറ ഇടവകയുടെ വികാരിയാണ്. അവിടെ പാരീഷ് ഹാൾ പണി പൂർത്തിയാക്കിയ ശേഷം ദൈവാലയനിർമ്മാണത്തിന്റെ കഠിനപ്രയത്നങ്ങളിലാണ്.

തന്നെ ഭരമേല്പിച്ചിരിക്കുന്ന ദൈവജനത്തിനുവേണ്ടി അത്യദ്ധ്വാനം ചെയ്യുന്ന നല്ല ഇടയനായ പൗരോഹിത്യരജതജൂബിലി ആഘോഷിക്കുന്ന ബഹു. ജോർജ് കൊച്ചുപറമ്പിലച്ചന് സ്നേഹപൂർവം രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.



# റവ. ഡോ. സെബാസ്റ്റ്യൻ പാലമൂട്ടിൽ

രാമക്കൽമെട്ട് ഇടവകയിൽ തോമസ്-അന്നമ്മ ദമ്പതികളുടെ മകനായി 1968 ഡിസംബർ 29-ാം തീയതി സെബാസ്റ്റ്യൻ പാലമൂട്ടിൽ ജനിച്ചു. രാമക്കൽമെട്ട് സേക്രട്ട് ഹാർട്ട് സ്കൂളിൽ തന്റെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി. 1996 ജനുവരി 2-ാം തീയതി അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ കൈവയ്പ്പിലൂടെ പൗരോഹിത്യപട്ടം സ്വീകരിച്ചു.

അണക്കര, എലിക്കുളം, കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകകളിൽ അസി. വികാരിയായി സേവനം ചെയ്തു. കരിക്കാട്ടൂർ ഇടവകയിൽ വികാർ അഡ്മിനിസ്ട്രേറ്ററായിരുന്നു. തുടർന്ന് റോമിൽ ഉപരിപഠനത്തിനായി അയയ്ക്കപ്പെടുകയും തത്വശാസ്ത്രത്തിൽ ഡോക്ടർ

ബിരുദം നേടുകയും ചെയ്തു. മംഗലപ്പുഴ സെമിനാരിയിൽ വിസിറ്റിംഗ് പ്രൊഫസറായും അണക്കര പി.എ.സി. ഡയറക്ടറായും സേവനം ചെയ്തു. തുടർന്ന് ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ പ്രൊഫസറായും, പ്രൊക്കുറേറ്ററായും ഇപ്പോൾ റെക്ടറായും പ്രശംസാർഹമാംവിധം സേവനം ചെയ്യുന്നു. സെമിനാരിയിൽ തത്വശാസ്ത്ര അധ്യാപകനായിരിക്കെതന്നെ ജർമ്മനിയിലെ റെയ്ഗൻസ്ബുർഗ് സർവ്വകലാശാലയിൽനിന്നും ദൈവശാസ്ത്രത്തിലും ഡോക്ടർ ബിരുദം നേടിയെന്നത് അഭിമാനാർഹമായ കാര്യമാണ്.

തത്വശാസ്ത്ര-ദൈവശാസ്ത്ര മേഖലകളിൽ പാണ്ഡിത്യം പുലർത്തുന്ന ബഹു. സെബാസ്റ്റ്യൻ പാലമൂട്ടിലച്ചൻ വിശ്വാസത്തിലും ബോധ്യങ്ങളിലും അടിയുറച്ച് തന്നെ ഭരമേല്പിച്ച ശുശ്രൂഷകൾ ഭംഗിയായി നിർവ്വഹിക്കുന്ന വൈദികനാണ്. പൗരോഹിത്യരജതജൂബിലിയുടെ മംഗളങ്ങൾ കാഞ്ഞിരപ്പള്ളി രൂപതാ കുടുംബം പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.



## റവ. ഫാ. തോമസ് കുറ്റിപ്പാലയ്ക്കൽ

വെള്ളാരംകുന്ന് ഇടവകയിൽ കുറ്റിപ്പാലയ്ക്കൽ തോമസ് - അന്നമ്മ ദമ്പതികളുടെ മകനായി 1969 ഏപ്രിൽ 18-ാം തീയതി ജനിച്ചു. മുരിക്കടി M.A.I. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും വെള്ളാരംകുന്ന് സെന്റ് മേരീസ് സ്കൂളിൽ ഹൈസ്കൂൾ പഠനവും നടത്തി. പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ നടത്തി. 1996 ജനുവരി 3 ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിൽ നിന്നും ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചു.

കൽത്തൊട്ടി, ആനക്കല്ല് ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്തു. പത്തനംതിട്ട, മൈലപ്ര, കൊച്ചുതോവാള, പീരുമേട്, മുറിഞ്ഞപുഴ, ചെല്ലാർകോവിൽ, കുഴിത്തൊളു ഇടവകക

ളിൽ വികാരിയായിരുന്നു. കുട്ടിക്കാനം മരിയൻ കോളേജിൽ നിന്നും സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദം നേടി. പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ ജോയിന്റ് ഡയറക്ടറായിരുന്നു. ഇപ്പോൾ ന്യൂയോർക്ക് അതിരൂപതയിൽ അജപാലനശുശ്രൂഷ ചെയ്യുന്നു.

സുസ്മേരവദനനും ശാന്തപ്രകൃതക്കാരനുമായ ബഹു. തോമസ് കുറ്റിപ്പാലയ്ക്കലച്ചൻ തന്റെ ബോധ്യങ്ങളിൽ അടിയുറച്ച് ശുശ്രൂഷ ചെയ്യുന്ന വ്യക്തിയാണ്. പൗരോഹിത്യരജതജൂബിലിയുടെ മംഗളങ്ങൾ സ്നേഹപൂർവ്വം രൂപതാകുടുംബം ആശംസിക്കുന്നു.



## റവ. ഫാ. ജോസ് ചവറപ്പുഴ

മ്ലാമല ഇടവകയിൽ ചവറപ്പുഴ വർഗീസ് - ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1968 ജനുവരി 5 ന് ജോസ് ചവറപ്പുഴ ജനിച്ചു. മ്ലാമല ഫാത്തിമ സ്കൂളിലും വണ്ടിപ്പെരിയാർ പഞ്ചായത്ത് സ്കൂളിലും തന്റെ സ്കൂൾ വിദ്യാഭ്യാസം നടത്തി. പൊടിമറ്റം മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ തത്വശാസ്ത്ര- ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി. 1996 ജനുവരി 4-ാം തീയതി അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ കൈവയ്പ്പ് വഴി പൗരോഹിത്യപട്ടം സ്വീകരിച്ചു.

വലിയതോവാള, അണക്കര, മേരികുളം, ഇളങ്ങുളം ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്തു. മുണ്ടിയെരുമ, കൽത്തൊട്ടി, മരിയഗിരി, പുളിങ്കട്ട, അന്യാർതൊളു, നിർമ്മലാപുരം, തേർഡ് ക്യാമ്പ് ഇടവകകളിൽ വികാരിയായിരു

ന്നു. വിവിധ സ്കൂളുകളിൽ അധ്യാപകനായി സേവനം ചെയ്തു. ഇപ്പോൾ കൊച്ചുതോവാള ഇടവകവികാരിയും കട്ടപ്പന സെന്റ് ജോർജ് ഹൈസ്കൂളിൽ അധ്യാപകനായും പ്രവർത്തിക്കുന്നു.

തികഞ്ഞ പ്രായോഗികപരിജ്ഞാനവും സ്നേഹപൂർവ്വകമായ ഇടപെടലുകളും ബഹു. ജോസ് ചവറപ്പുഴയച്ചന്റെ പ്രത്യേകതകളാണ്. തന്റെ അധ്യാപനശുശ്രൂഷയിലൂടെ അറിവും മൂല്യങ്ങളുമുള്ള തലമുറകളെ അദ്ദേഹം വാർത്തെടുക്കുകയാണ്. പൗരോഹിത്യരജതജൂബിലിയുടെ മംഗളങ്ങൾ കാഞ്ഞിരപ്പള്ളി രൂപതാകുടുംബം സ്നേഹപൂർവ്വം ആശംസിക്കുന്നു.



# പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## ക്രിസ്തീയജീവിതം സഭാത്മകജീവിതം
### (തിരുവചനഭാഗം: 1 പത്രോ 2,1–25)

സഭാസമൂഹത്തിന്റെ സ്വഭാവവും ജീവിതശൈലിയും എന്തായിരിക്കണമെന്ന് പത്രോസ്ശ്ലീഹാ ഈ വചനഭാഗത്ത് വ്യക്തമാക്കുന്നു. സഭാസമൂഹത്തിനു നേതൃത്വംകൊടുക്കുന്ന പുരോഹിതരുടെ ആദ്ധ്യാത്മികജീവിതത്തിനും ശുശ്രൂഷയ്ക്കും ഈ വചനഭാഗം പ്രചോദനകരമാകും. ഈ വചനഭാഗത്തെ താഴെപ്പറയുംവിധം വിഭജിക്കാം.

1. സഭ: വചനമാകുന്ന പാലിനു ദാഹിക്കുന്ന സമൂഹം (2,1–3)
2. സഭ: മിശിഹായിൽ പണിയപ്പെടുന്ന ആത്മീയഭവനം (2,4–8)
3. സഭ: പുരോഹിതജനം – ദൈവജനം (2,9–10)
4. സഭ: മാതൃകാപരമായ ജീവിതം നയിക്കുന്ന സമൂഹം (2,11–17)
5. സഭ: സഹനജീവിതം നയിക്കുന്ന സമൂഹം (2,18–25)

**1. സഭ: വചനമാകുന്ന പാലിനു ദാഹിക്കുന്ന സമൂഹം**

"*രക്ഷയിലേക്കു വളർന്നുവരേണ്ടതിന് നിങ്ങൾ പരിശുദ്ധവും ആത്മീയവുമായ പാലിനുവേണ്ടി ഇളംപൈതങ്ങളെപ്പോലെ ദാഹിക്കുവിൻ. കർത്താവു നല്ലവനാണെന്നു നിങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുണ്ടല്ലോ*" (2,2–3).

കഴിഞ്ഞകാലജീവിതത്തിലെ തിന്മയുടെ കാലുഷ്യങ്ങളെ ഉപേക്ഷിക്കാനുള്ള ശക്തമായ ആഹ്വാനമാണ് ഇവിടെ പത്രോസ്ശ്ലീഹാ നല്കുന്നത്. മാമ്മോദീസാ സ്വീകരിച്ചതിനുശേഷമുള്ള ജീവിതാവസ്ഥ പഴയതിൽനിന്നും തികച്ചും വ്യത്യസ്തമാണെന്ന് ശ്ലീഹാ അനുസ്മ

രിപ്പിക്കുന്നുണ്ട് (1,3.23). ശ്ലീഹാ സംബോധന ചെയ്യുന്ന സഭാംഗങ്ങൾ അടുത്തകാലത്തുമാത്രം വിശ്വാസം സ്വീകരിച്ചവരാണ് എന്ന നിഗമനത്തെ സാധൂകരിക്കുന്നതാണ് "ആത്മീയമായ പാലിനുവേണ്ടി ദാഹിക്കുക", "ഇളംപൈതങ്ങൾ" തുടങ്ങിയ പദപ്രയോഗങ്ങൾ. ഈ പദങ്ങൾ പ്രയോഗിക്കുന്നതിലൂടെ വിശ്വാസത്തിൽ അവർ ഇപ്പോഴും ശൈശവാവസ്ഥയിലാണെന്ന് അവരെ ഓർമ്മിപ്പിക്കുകയാണ്. തിന്മയുടെ ശക്തികൾ ഇപ്പോഴും സജീവമായിരിക്കുന്നതും പാപപങ്കിലമായ പഴയകാലത്തിലേക്ക് ഇപ്പോഴും ചാഞ്ഞിരിക്കുന്ന മനുഷ്യപ്രകൃതിക്കനുസൃതമായ അവരുടെ ജീവിതാവസ്ഥയെയാണ്, വിശ്വാസത്തിലെ ശൈശവാവസ്ഥ എന്നതിലൂടെ വിവക്ഷിക്കുന്നത്.

ഈ അവസ്ഥയിൽ രക്ഷയിലേക്കു വളർന്നുവരേണ്ടതിന് പരിശുദ്ധവും ആത്മീയവുമായ പാലിനുവേണ്ടി ഇളംപൈതങ്ങളെപ്പോലെ ദാഹിക്കണമെന്നാണ് ശ്ലീഹാ ഉപദേശിക്കുന്നത്. 'ആത്മീയമായ' എന്നതിന് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത് 'ലോഗിക്കോസ്' എന്ന വാക്കാണ്. 'ലോഗോസ്' അഥവാ 'വചനം' എന്നതിൽനിന്നാണ് ഈ വാക്കുണ്ടാകുന്നത്. അതുകൊണ്ട് വചനമാകുന്ന പാലാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ദൈവവചനമാകുന്ന പാൽ അതിന്റെ പരിശുദ്ധിയിൽ സ്വീകരിച്ച് വിശ്വാസജീവിതത്തെ പരിപോഷിപ്പിക്കണമെന്നാണ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നത്. പരിശുദ്ധാരൂപിയിൽ ജനിച്ച് അരൂപിയാൽ നയിക്കപ്പെടുന്ന ക്രിസ്തീയജീവിതം നയിക്കണമെങ്കിൽ, 'അരൂപിയുടെ വാൾ' (എഫേ 6,17) ആയ വചനത്തിലധിഷ്ഠിതമായ ജീവിതം നയിക്കണം. പുരോഹിതന്റെ പ്രഥമശുശ്രൂഷയായി നാം മനസ്സിലാക്കിയിട്ടുള്ളത് വചനശുശ്രൂഷതന്നെയാണ്. വചനശുശ്രൂഷയിലൂടെ പുരോഹിതൻ വിശ്വാസികളെ പക്വതയിലേക്കു വളർത്തണമെന്ന് ഈ ഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നു.

**2. സഭ: മിശിഹായിൽ പണിയപ്പെടുന്ന ആത്മീയഭവനം**

*"അതിനാൽ സജീവശിലയായ അവനെ നമുക്കു സമീപിക്കാം. മനുഷ്യർ തിരസ്കരിച്ചതും ദൈവം തെരഞ്ഞെടുത്തതുമായ അമൂല്യശിലയാണ് അവൻ. നിങ്ങൾ സജീവശിലകൾകൊണ്ടുള്ള ഒരു ആത്മീയഭവനമായി പടുത്തുയർത്തപ്പെടട്ടെ. ഈശോമിശിഹാവഴി*

*ദൈവത്തിനു സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിതജനമാവുകയും ചെയ്യട്ടെ"* (2,4-5).

സഭയുടെ അടിസ്ഥാനം ശ്ലീഹന്മാരും പ്രവാചകന്മാരുമാണെങ്കിൽ ഈ അടിസ്ഥാനത്തിന്റെ മൂലക്കല്ല് മിശിഹാതന്നെയാണ് (എഫേ 2,20). 'മൂലക്കല്ലിന്' അനുരൂപമായ കല്ലുകൾകൊണ്ട്, അതിനോടു ചേർന്നു പോകുന്ന കല്ലുകൾകൊണ്ടാണ് ഭവനം പടുത്തുയർത്തപ്പെടുന്നത്. മിശിഹായിൽ വിശ്വസിക്കുന്നവരുടെ കൂട്ടായ്മയായ ആത്മീയഭവനത്തിലെ വിശുദ്ധ പുരോഹിതരെയും സ്വീകാര്യമായ ബലികളെയും കുറിച്ചുള്ള വിവരണമാണ് തുടർന്നു നല്കപ്പെടുന്നത് (2,5-6). ക്രൈസ്തവർ ലോകദൃഷ്ടിയിൽ അവഗണിക്കപ്പെട്ടവരും പ്രയോജനരഹിതരുമായി കണക്കാക്കപ്പെടുമെങ്കിലും ദൈവദൃഷ്ടിയിൽ അവർ വിശുദ്ധ പുരോഹിതരും ദൈവത്തിന്റെ സ്വന്തം ഭവനവുമായിത്തീർന്നിരിക്കുന്നു എന്നാണ് ശ്ലീഹാ പറയുന്നത്. ദൈവാലയത്തിൽ ആരാധന നടത്തുന്നു എന്ന അർത്ഥത്തിലല്ല, വിശ്വാസികളുടെ സമൂഹംതന്നെ ദൈവാലയമായി മാറിയിരിക്കുന്നു എന്നാണ് ഇതർത്ഥമാക്കുന്നത്. സീയോനിൽ ദൈവം സ്ഥാപിച്ച കല്ല് ജറുസലേം ദൈവാലയത്തിന്റെ പ്രതീകമാണ്. പ്രസ്തുത ദൈവാലയത്തിനു പകരമായി സീയോനിൽ സ്ഥാപിതമായ ദൈവഭവനം അവിടുത്തെ തിരുസ്സഭയാണ്.

വിശ്വാസികൾ സഭയായി സമ്മേളിക്കുന്നത് പരിശുദ്ധ കുർബാനയാഘോഷാവസരത്തിലാണ്. വി. പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. അപ്പം മുറിക്കലിനായി സമ്മേളിക്കുന്ന വിശ്വാസികളുടെ സമൂഹത്തെയാണ് ശ്ലീഹാ സഭയെന്നു വിശേഷിപ്പിക്കുന്നത്: "നിങ്ങൾ സഭയായി സമ്മേളിക്കുമ്പോൾ നിങ്ങളുടെയിടയിൽ ഭിന്നിപ്പുകളുണ്ടെന്നു ഞാൻ കേൾക്കുന്നു" (1 കൊറി 11,18). പരിശുദ്ധ കുർബാനയർപ്പിക്കുന്ന സമൂഹമാണല്ലോ ത്രിയേക ദൈവത്തിന്റെ ഭവനമായിത്തീരുന്നത്. മിശിഹാ കൂദാശാപരമായി തന്റെ ബലിയർപ്പണത്തിലൂടെ സന്നിഹിതനാകുന്നു; മിശിഹായോടൊപ്പം പിതാവും പരിശുദ്ധാത്മാവും ആ സമൂഹത്തിൽ സന്നിഹിതരാകുന്നു. വിശ്വാസികളുടെ സമൂഹം മിശിഹായുടെ ശരീരരക്തങ്ങളോടൊപ്പം അവരുടെ ജീവിതമാകുന്ന ശരീരരക്തങ്ങൾ ചേർത്തുവച്ച് ബലിയിൽ

പങ്കുചേരുന്നതിലൂടെ ബലിയർപ്പിക്കുന്ന സമൂഹം ദൈവത്തിന്റെ ആലയമായി മാറുന്നു. ഇപ്രകാരം ബലിയർപ്പിക്കുന്നതിന് വിശ്വാസികൾക്കു നേതൃത്വം നല്കുവാൻ പുരോഹിതനു കഴിയണം. അതു സാധിക്കണമെങ്കിൽ പുരോഹിതൻതന്നെ അപ്രകാരം ജീവിക്കുന്നവനും ബലിയർപ്പിക്കുന്നവനുമാകണം.

### 3. സഭ: പുരോഹിതജനം

"*എന്നാൽ, നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്. അതിനാൽ, അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതകരമായ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകൾ പ്രകീർത്തിക്കണം. മുമ്പു നിങ്ങൾ ഒരു ജനമായിരുന്നില്ല; ഇപ്പോൾ നിങ്ങൾ ദൈവത്തിന്റെ ജനമായിരിക്കുന്നു. മുമ്പു നിങ്ങൾക്കു കരുണ ലഭിച്ചിരുന്നില്ല; ഇപ്പോൾ കരുണ ലഭിച്ചിരിക്കുന്നു*" (2,9-10).

അവിശ്വാസികളുടെ ദൃഷ്ടിയിൽ ക്രൈസ്തവർ അവഗണിക്കപ്പെട്ടവരും നിന്ദ്യരുമായി തോന്നാം. മിശിഹായും പൊതുവേ അപ്രകാരമാണല്ലോ വിലയിരുത്തപ്പെട്ടത്. എന്നാൽ മിശിഹാ മഹത്ത്വീകൃതനായതുപോലെ വിശ്വാസികളും മഹത്ത്വീകൃതരാകും. വിശ്വാസത്തിന്റെ ഈ കാഴ്ചപ്പാടിൽ ക്രൈസ്തവർക്ക് ഒരു സ്വത്വാവബോധമുണ്ടായിരിക്കണം. വിശ്വാസികളുടെ സമൂഹം ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനപദവുമാണ്. "രാജകീയ പുരോഹിതഗണവും വിശുദ്ധ ജനപദവും" എന്ന പദപ്രയോഗം പുറ 19,6 നെ ആധാരമാക്കിയുള്ളതാണ്. ദൈവം തന്റെ സ്വന്തമായി അവരെ തെരഞ്ഞെടുത്തതിനാൽ അവർ ദൈവപക്ഷത്ത് സജീവമായി നിലയുറപ്പിക്കണം. ദൈവം പരിശുദ്ധനായതുകൊണ്ട് അവർ പരിശുദ്ധമായ ജീവിതം നയിക്കണം. ലോകത്തിലാണെങ്കിലും ലോകത്തിന്റേതാകാതെ ദൈവത്തിന്റേതായി ജീവിക്കണം (യോഹ 17,15-16). അതുപോലെതന്നെ 'പുരോഹിതജന'മെന്ന നിലയിൽ ദൈവത്തിനും മനുഷ്യർക്കുമിടയിൽ ഒരു പാലമായി വർത്തിക്കുകയും വേണം.

വിശ്വാസികളുടെ രാജകീയപൗരോഹിത്യം നാം ഗൗരവമായി കണക്കിലെടുക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. പലപ്പോഴും സഭയിലെ പൗരോഹിത്യം, ശുശ്രൂഷാപൗരോഹിത്യത്തിൽ ഒതുങ്ങിനില്ക്കുന്നുണ്ട്. രാജകീയ പൗരോഹിത്യത്തിന്റെ പ്രാധാന്യവും പ്രത്യേകതകളും വിസ്മരിക്കപ്പെടുകയാണ്. ഇതു സഭാജീവിതത്തിനും മനുഷ്യസമൂഹത്തിനും വലിയ നഷ്ടമാണ്. വിശ്വാസികളുടെ സമൂഹം ലോകത്തിനും ദൈവത്തിനുമിടയ്ക്കു നില്ക്കുന്ന ശുശ്രൂഷ നിർവഹിക്കുവാൻ കടപ്പെട്ടവരാണ്. ദൈവത്തിന്റെ കൃപകൾ മനുഷ്യകുലത്തിനു നല്കുവാനും മനുഷ്യകുലത്തിന്റെ ആവശ്യങ്ങൾ ദൈവത്തിങ്കലേക്ക് എത്തിക്കുവാനുമുള്ള വലിയ ഒരു ദൗത്യം നിർവഹിക്കുവാൻ സഭാംഗങ്ങൾ കടപ്പെട്ടവരാണ്. അതിനുള്ള പ്രധാനപ്പെട്ട ഒരു മാർഗ്ഗം സഭയുടെ പ്രാർത്ഥനകൾ ചൊല്ലുക എന്നുള്ളതാണ്. അത് ഇന്ന് പ്രായോഗികമായി ഇല്ലാതായിരിക്കുന്നു. യാമപ്രാർത്ഥനകൾ കുടുംബങ്ങളുടെയും വിശ്വാസികളുടെ സമൂഹങ്ങളുടെയും പ്രാർത്ഥനകളായി മാറേണ്ടിയിരിക്കുന്നു. അതിലൂടെമാത്രമേ വിശ്വാസികൾക്ക് അവരുടെ പൗരോഹിത്യദൗത്യം നിർവഹിക്കാനാവുകയുള്ളു. ഇതേപ്പറ്റി അവരെ ബോധവൽക്കരിക്കുവാനും അത് നടപ്പിൽ വരുത്തുവാനും പുരോഹിതർക്കു കഴിയണം.

**4. സഭ: മാതൃകാപരമായി ജീവിക്കുന്ന സമൂഹം**

"*പ്രിയപ്പെട്ടവരേ, നിങ്ങളുടെ ആത്മാവിനെതിരായി പോരാടിക്കൊണ്ടിരിക്കുന്ന ശാരീരിക പ്രവണതകളിൽനിന്നു പരദേശികളും വിപ്രവാസികളുമെന്ന നിലയിൽ, ഒഴിഞ്ഞുനില്ക്കാൻ നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു. വിജാതീയരുടെയിടയിലുള്ള നിങ്ങളുടെ പെരുമാറ്റം നന്നായിരിക്കട്ടെ. നിങ്ങൾ ദുഷ്കർമ്മികളാണെന്നു നിങ്ങൾക്കെതിരായി പറയുന്നവർ നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ട് പ്രത്യാഗമനദിവസം ദൈവത്തെ സ്തുതിക്കട്ടെ*" (2,11-12).

വിജാതീയ അധികാരികളോടുള്ള കടമയെപ്പറ്റിയാണ് ഈ ഭാഗത്ത് പത്രോസ്ശ്ലീഹാ പരാമർശിക്കുന്നത്. ശാരീരികപ്രവണതകളെ ആത്മാവിനെതിരായി പോരാടുന്ന ശക്തികളായി വിശേഷിപ്പിക്കുന്നത് ക്രൈസ്തവർക്കെതിരായി പോരാടുന്ന വിജാതീയരെ

അനുസ്മരിപ്പിക്കുന്നതാണ്. ഈശോയിൽ വിശ്വസിക്കുന്നവരെയാണ് പത്രോസ്ശ്ലീഹാ ആത്മാവിനാൽ നയിക്കപ്പെടുന്നവരായി ഇവിടെ വില യിരുത്തുന്നത്. അല്ലാത്തവർ ജഡത്തിന്റെ ദുരാശകളാൽ നയിക്കപ്പെ ടുന്നവരാണ്. തന്മൂലം "ജഡികാശകളിൽനിന്ന് അകലം പാലിക്കണം" എന്ന ആഹ്വാനത്തിലൂടെ വിശ്വാസവിരുദ്ധമായവയിൽനിന്ന് അകന്നു നില്ക്കാനുംകൂടി ശ്ലീഹാ ആവശ്യപ്പെടുന്നുണ്ട്. വിശ്വാസികളും വിജാ തീയരും തമ്മിലുള്ള സംഘർഷത്തെ നന്മയും തിന്മയും തമ്മിലുള്ള സംഘർഷവുമായും, ദൈവവും സാത്താനും തമ്മിലുള്ള സംഘർഷ വുമായും പത്രോസ് താരതമ്യപ്പെടുത്തുന്നു. ഇപ്രകാരം തങ്ങളെ ഒറ്റ പ്പെടുത്തുന്ന സാഹചര്യങ്ങളെ മാതൃകാപരമായ ജീവിതത്തിലൂടെ നേരിടുവാനാണ് പത്രോസ്ശ്ലീഹാ ഇവിടെ ആഹ്വാനം ചെയ്യുന്നത്.

അതോടൊപ്പം വിജാതീയരായ ഭരണാധികാരികൾക്കു വിധേയ രായിരിക്കാനും ശ്ലീഹാ ഉപദേശിക്കുന്നുണ്ട് (2,13-14). ഇതു വിശ്വാസപര മായ വിഷയങ്ങളിലല്ല; സാമൂഹികവും രാഷ്ട്രീയവുമായ പൗര ധർമ്മങ്ങളിൽ മാത്രമാണെന്ന് സന്ദർഭം വ്യക്തമാക്കുന്നുണ്ട്. ക്രിസ്ത്യാനി ഒരു നല്ല പൗരനായിരിക്കണം എന്ന ആശയത്തിനാണ് ഇവിടെ ഊന്നൽ നല്കിയിരിക്കുന്നത്. സമാനമായ ആശയങ്ങൾ പുതി യനിയമത്തിൽ മറ്റു ഭാഗങ്ങളിലും നമുക്കു കാണാവുന്നതാണ് (റോമാ 13,1-7; തീത്തോ 3,1; 1 തിമോ 2,1-3). ക്രൈസ്തവരെ രാജ്യസ്നേഹമി ല്ലാത്തവരായി അധിക്ഷേപിക്കാൻ ആർക്കും അവസരം കൊടുക്കരുത്. മാതൃകാപരമായി പൗരധർമ്മം നിർവഹിക്കുന്നതിലൂടെ തങ്ങളുടെ ശത്രു ക്കളുടെ വായ അടപ്പിക്കാനാവുമെന്നും, തങ്ങളെക്കുറിച്ചുള്ള ദൈവിക പദ്ധതി നിറവേറ്റാനാകുമെന്നും പത്രോസ്ശ്ലീഹാ ഇവിടെ വ്യക്തമാക്കു ന്നുണ്ട് (2,15-16). ഇപ്രകാരം ജീവിക്കുവാൻ വിശ്വാസികളെ പരിശീലി പ്പിക്കേണ്ടത് പുരോഹിതന്റെ പ്രധാനപ്പെട്ട ഒരു കടമയായി കരുതി അജ പാലനശുശ്രൂഷ നിർവഹിക്കുവാൻ നമുക്കു സാധിക്കണം.

**5. സഭ: സഹനദാസരുടെ സമൂഹം**

*"അന്യായമായി പീഡിപ്പിക്കപ്പെടുമ്പോൾ, ദൈവചിന്തയോടെ വേദനകൾ ക്ഷമാപൂർവ്വം സഹിച്ചാൽ അത് അനുഗ്രഹകാരണമാകും. തെറ്റു ചെയ്തിട്ട് അടിക്കപ്പെടുമ്പോൾ ക്ഷമയോടെ സഹിച്ചാൽ*

*നിങ്ങൾക്ക് എന്തു മഹത്ത്വമാണുള്ളത്? നിങ്ങൾ നന്മ ചെയ്തിട്ടു പീഡകൾ സഹിക്കേണ്ടി വന്നാൽ, അതു ദൈവസന്നിധിയിൽ പ്രീതികരമാണ്. ഇതിനായിട്ടാണു നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. എന്തെന്നാൽ, മിശിഹാ നിങ്ങൾക്കുവേണ്ടി സഹിക്കുകയും നിങ്ങൾ അനുകരിക്കുന്നതിനുവേണ്ടി നിങ്ങൾക്കു മാതൃക നല്കുകയും ചെയ്തിരിക്കുന്നു*" (2,19-21).

അധികാരികൾക്കു വിധേയരായി ജീവിക്കുവാനുള്ള ഉപദേശത്തിന്റെ ഭാഗമായി അടിമകളായ വിശ്വാസികൾക്കു നല്കുന്ന നിർദ്ദേശങ്ങളാണ് ഈ ലേഖനഭാഗം അവതരിപ്പിക്കുന്നത്. അടിമത്ത വ്യവസ്ഥിതി അന്ന് അംഗീകരിക്കപ്പെട്ട വ്യവസ്ഥിതിയായി കരുതപ്പെട്ടിരുന്നു. ആ പശ്ചാത്തലത്തിൽ അടിമകളായ വിശ്വാസികൾ തങ്ങളുടെ യജമാനന്മാർക്ക്, അവർ നല്ലവരോ, ശാന്തരോ, ദുഷ്ടരോ, ആരായിരുന്നാലും, എല്ലാ ആദരവോടുംകൂടെ അവർക്കു വിധേയരായിരിക്കണമെന്നാണ് പത്രോസ് ഉപദേശിക്കുന്നത് (2,18). മിശിഹായുടെ കുരിശിലെ സഹനങ്ങൾ എത്രമാത്രം അന്യായമായിരുന്നു എന്നു ചിന്തിച്ചുകൊണ്ട്, തങ്ങളുടെ സഹനങ്ങളെ മിശിഹായുടെ സഹനത്തിൽ പങ്കുചേരാനുള്ള ക്ഷണമായി മനസ്സിലാക്കാനാണ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നത്. ഏശയ്യാ 53 ലെ സഹനദാസന്റെ ചിത്രം മനസ്സിൽ കണ്ടുകൊണ്ടായിരിക്കണം ശ്ലീഹാ ഈ ഉപദേശം നല്കുന്നത്. ഈശോ അരുളിച്ചെയ്ത സുവിശേഷഭാഗ്യങ്ങളിൽ അവസാനത്തേത് (മത്താ 5,10-12) ഓർമ്മിപ്പിക്കുന്ന ഒരുപദേശമാണിത്.

വിശ്വാസികളുടെ ജീവിതത്തിൽ, ഒഴിവാക്കാൻ പറ്റാത്ത സഹനങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. അപ്രകാരമുള്ള സാഹചര്യങ്ങളിൽ ആ സഹനങ്ങളെ നാം എങ്ങനെ നേരിടണമെന്ന് ഈ വചനഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. സഹനങ്ങൾ ഈലോകജീവിതത്തിന്റെ അവശ്യഘടകമാണ്. വിശ്വാസത്തിന്റെ വെളിച്ചത്തിൽ അവയെ നേരിടാൻ സഭാംഗങ്ങൾക്കു കഴിയണം. സഭാംഗങ്ങൾക്കു നേതൃത്വം നല്കുന്ന പുരോഹിതനും ഇതിനു കഴിയണം. അതിനുള്ള ഏകമാർഗ്ഗം നമ്മുടെ സഹനങ്ങളെയെല്ലാം ഈശോയുടെ സഹനത്തോടു ചേർത്തുവയ്ക്കുക എന്നതുമാത്രമാണ്. സഹനദാസനായ

ഈശോയുടെ ചിത്രം അതിന് നമ്മെ സഹായിക്കും. വി. പൗലോസ്ശ്ലീഹായുടെ വാക്കുകൾ സഹനത്തെ ആരോഗ്യകരമായി നേരിടാൻ സഹായകരമാണ്: "സഭയാകുന്ന തന്റെ ശരീരത്തെപ്രതി മിശിഹായ്ക്കു സഹിക്കേണ്ടിവന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു" (കൊളോ 1,24). മിശിഹായുടെ ഭൗതികശരീരത്തിലെ സഹനത്തിൽ കുറവൊന്നുമില്ലെങ്കിലും അവിടുത്തെ മൗതികശരീരത്തിലെ സഹനത്തിൽ കുറവുണ്ട്. സഭയിലെ അവസാനത്തെ അംഗത്തിന്റെ സഹനത്തോടുകൂടി മാത്രമേ ആ കുറവു നികത്തപ്പെടുകയുള്ളൂ. ഈ കാഴ്ചപ്പാടു സ്വന്തമാക്കി ജീവിതസഹനങ്ങളെ നേരിടുവാൻ പുരോഹിതനു കഴിയണം. പുരോഹിതൻ നയിക്കുന്ന വിശ്വാസികളുടെ സമൂഹത്തിനും കഴിയണം.

**ജീവിതസൂചിക**

1. വചനശുശ്രൂഷയിലൂടെ എല്ലാ പ്രായത്തിലുമുള്ളവർക്കും വിശ്വാസപരിശീലനം നല്കുന്നതിന് ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
2. പരിശുദ്ധ കുർബാനാനുഭവത്തിലൂടെ സഭയെ ദൈവാലയമായി പടുത്തുയർത്തുവാൻ ഞാൻ എങ്ങനെ ശ്രമിക്കുന്നു?
3. സഭ പുരോഹിതജനമാണെന്നുള്ള ബോധവൽക്കരണം ഞാൻ നടത്തുന്നുണ്ടോ?
4. മാതൃകാപരമായ ജീവിതത്തിലൂടെ സമൂഹത്തെയും രാഷ്ട്രത്തെയും സ്വാധീനിക്കുവാൻ ജനങ്ങളെ ഞാൻ പരിശീലിപ്പിക്കുന്നുണ്ടോ?
5. സഹനങ്ങളെ ഈശോയുടെ സഹനങ്ങളോടു ചേർത്തു സ്വീകരിക്കുവാൻ സാധിക്കുന്നുണ്ടോ? അപ്രകാരം ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. തോമസ് ചീരംകുന്നേൽ | 40,000/- |
| റവ. ഫാ. ജോഷി വാണിയപ്പുരയ്ക്കൽ | 12,000/- |
| റവ. ഫാ. വർഗ്ഗീസ് പുത്തൻചിറ | 1,00,000/- |
| റവ. ഫാ. ജോസി ചിറയ്ക്കൽ | 1,00,000/- |

**ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ**
**(പ്രസിഡന്റ്)**

---

## സ്നേഹസ്മരണയ്ക്ക്



റവ.ഡോ. എ.സി. ഈപ്പൻ (28-12-1976)



ഫാ.ജേക്കബ് ഏർത്തയിൽ (12-12-1986)



ഫാ.തോമസ് ഏർത്തയിൽ (07-12-1992)



ഫാ.തോമസ് മണ്ണംപ്ലാക്കൽ (18-12-1981)

# അജപാലനോത്തേജന വിഭാഗം

**ആരാധനാവത്സര കലണ്ടർ**

2021 വർഷത്തെ ആരാധനവത്സര കലണ്ടറുകൾ തയ്യാറായി ക്കഴിഞ്ഞു. ഓർഡറുകൾക്കനുസരിച്ച് നിശ്ചിത കോപ്പികൾ ഇടവക കളിൽ എത്തിച്ചിട്ടുണ്ട്. നേരത്തെ ലഭിച്ച ഓർഡറുകൾക്കനുസരിച്ചു മാത്രമാണ് കോപ്പികൾ പ്രിന്റ് ചെയ്തിരിക്കുന്നത്. അതിനാൽ പിന്നീട് ലഭിച്ച ഓർഡറുകൾക്കനുസരിച്ച് കലണ്ടറുകൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ലെന്ന കാര്യം ഹൃദയപൂർവ്വം മനസ്സിലാക്കുമല്ലോ.

ഡിസംബർ 31-ന് മുൻപ് കലണ്ടറിന്റെ തുക നേരിട്ട് നല്കു കയോ (10000 രൂപയും അതിൽ കൂടുതലും തുക ബാങ്ക് ട്രാൻസ്ഫ റിലൂടെ മാത്രമേ സ്വീകരിക്കാനാവൂ.) ബാങ്ക് ട്രാൻസ്ഫർ നടത്തു കയോ ചെയ്യുമല്ലോ. ബാങ്ക് ട്രാൻസ്ഫറിനു ശേഷം Whatsapp message/ഫോണിൽ വിളിച്ചറിയിക്കുമല്ലോ. **9846803036, 9496033110**

For Bank Transfer

1. Sahydri Credit Society, Kanjirapally, A/c No. 0122 (Co-Ordinator, Department of Pastoral Animation)
2. Federal Bank, Kanjirapally, A/c No. 10310100264341, Diocese of Kanjirapally, Department of Pastoral Animation, IFSC - FDRL0001031

**ദശാംശശേഖരണം**

പിറവിത്തിരുനാളിനോടനുബന്ധിച്ച് നടത്തുന്ന ജീവൻ ദശാം ശശേഖരണം ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ ഡിസം ബർ മാസത്തിൽ നടത്തുന്നില്ല. സാഹചര്യങ്ങൾ അനുകൂലമാകുന്ന തനുസരിച്ച് ഈ വർഷത്തെ ദശാംശശേഖരണം നമുക്കൊരുമിച്ച് ക്രമീ കരിക്കാം.

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

**ഡിസംബർ മാസത്തെ കർമ്മപരിപാടികൾ**

| | | |
|---|---|---|
| 1 ചൊവ്വ | - | കലാമത്സരങ്ങളിൽ സമ്മാനാർഹരായവരുടെ ലിസ്റ്റ് ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കേണ്ട ദിനം. |
| 12 ശനി | - | ഫൊറോനാതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചവരുടെ ലിസ്റ്റ് രൂപതാകേന്ദ്രത്തിലെത്തിക്കേണ്ട അവസാന തീയതി |
| 13 ഞായർ | - | കാവൽവിളക്ക് - സീസൺ 5 മാതാപിതാക്കൾക്കുള്ള ഓൺലൈൻ കോൺഫ്രൻസ് |
| 19 ശനി | - | മാത്യു കുര്യാക്കോസ് മേപ്പലക്കാട്ട് മെമ്മോറിയൽ മതാധ്യാപക ക്വിസ് |
| 20 ഞായർ | - | ഇടവകതല ക്രിസ്തുമസ് മത്സരങ്ങൾ |
| 25 ബുധൻ | - | ക്രിസ്തുമസ് - മുതിർന്ന ബന്ധുജനങ്ങൾക്ക് ക്രിസ്തുമസ് കോൾ |
| 28 തിങ്കൾ | - | കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ |

**കാവൽവിളക്ക് സീസൺ 5**

സൺഡേസ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രത്യേകമായ ഓൺലൈൻ കോൺഫ്രൻസാണ് കാവൽവിളക്ക് സീസൺ 5. ഡിസംബർ 13-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ 4.30 വരെ നടത്തപ്പെടുന്ന ഓൺലൈൻ സമ്മേളനം തലശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ ജോർജ് ഞരളക്കാട്ട് ഉദ്ഘാടനം ചെയ്യും. തുടർന്ന് മാർ ജോസഫ് പാംപ്ലാനി നയിക്കുന്ന ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. Zoom മീറ്റിംഗിൽ ആയിരം പേർക്ക് join ചെയ്യാനാവും. ബാക്കിയുള്ളവർക്ക് പ്രസ്തുത പരിപാടിയുടെ You Tube ലിങ്ക്

നല്കുന്നതാണ്. ഇന്നിന്റെ പ്രത്യേകസാഹചര്യത്തിൽ കുട്ടികളുടെ വിശ്വാസജീവിതത്തിൽ മാതാപിതാക്കളുടെ പങ്ക് എന്ന വിഷയത്തെ ആസ്പദമാക്കി ക്രമീകരിച്ചിരിക്കുന്ന വെബിനാറിൽ സൺഡേസ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികളുടെയും മാതാപിതാക്കളെ പങ്കെടുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**മാത്യു കുര്യാക്കോസ് മെമ്മോറിയൽ മതാദ്ധ്യാപക ക്വിസ് 2020**

മതാധ്യാപനരംഗത്ത് 77 വർഷങ്ങൾ നിസ്തുലസംഭാവനകൾ നല്കിയ കുട്ടിസാറിന്റെ ഓർമ്മയ്ക്കായി അഭിവന്ദ്യ പിതാവിന്റെ ആഗ്രഹപ്രകാരം മതാധ്യാപകക്വിസ്സിന് മാത്യു കുര്യാക്കോസ് മേപ്പലക്കാട്ട് മെമ്മോറിയൽ മതാധ്യാപകക്വിസ് എന്ന് പുനർനാമകരണം ചെയ്തിരിക്കുകയാണ്. ഓരോ ഇടവകയിൽനിന്നും രണ്ടുപേരടങ്ങുന്ന ഒരു ടീമിന് ഡിസംബർ 19-ാം തീയതി നടത്തപ്പെടുന്ന പ്രസ്തുത ഓൺലൈൻ ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

**മതാധ്യാപകക്വിസിന്റെ വിഷയങ്ങൾ**

നിയമാവർത്തനം 22-34, പ്രഭാ:18-22; വി. മർക്കോസ് 1-8; 1 കോറി 1-8; വിശ്വാസവഴിയിലെ സംശയങ്ങൾ ഭാഗം 3, 4 (പേജ് 80-115), പൊതുവിജ്ഞാനം (സഭാപരം), കുർബാന പുസ്തകം, രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി പ്രേഷിതപ്രവർത്തനത്തെപ്പറ്റി (പേജ് 412-422).

പങ്കെടുക്കുന്ന അധ്യാപകരുടെ പേര് ഡിസംബർ 12-നു മുമ്പായി 9645322452 (ബ്രദർ ജോയ്സ്) എന്ന നമ്പരിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്.

**സ്ഥിതിവിവരം**

ഇക്കഴിഞ്ഞ മാസങ്ങളിൽ ഒട്ടുമിക്ക ഇടവകകളും ഈ വർഷത്തെ സ്ഥിതിവിവരം പൂരിപ്പിച്ച് ഓരോ ക്ലാസിലെയും അധ്യാപകരുടെയും കുട്ടികളുടെയുമെല്ലാം ലിസ്റ്റ് update ചെയ്ത് ഓഫീസിൽ അറിയിച്ചു. പ്രത്യേകം അനുമോദനങ്ങൾ. ഇനിയും സ്ഥിതിവിവരം ഓൺലൈനിൽ update ചെയ്യാനുള്ളവർ എത്രയുംവേഗം അവ പൂർത്തിയാക്കി ഓഫീസിൽ വിവരം അറിയിക്കുമല്ലോ.

## ഓഫീസ് റിക്കാർഡുകൾ

2020 – 21 വിശ്വാസപരിശീലന വർഷത്തെ ഓഫീസ് റിക്കാർഡുകൾ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ പൂർത്തിയാക്കാൻ ശ്രദ്ധിക്കുമല്ലോ. ഈ വർഷം വിദേശത്തുനിന്നും മറ്റിടങ്ങളിൽനിന്നും പുതുതായി വന്ന കുട്ടികളുടെ TC, കുട്ടികളുടെ മാർക്ക് രജിസ്റ്റർ, മറ്റ് ഓഫീസ് റിക്കാർഡുകൾ etc. കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ആനിമേറ്റേഴ്സ് പരിശോധനയ്ക്കായി വരുന്നില്ലെങ്കിലും പതിവുപോലെതന്നെ എല്ലാ കാര്യങ്ങളും മുന്നോട്ടു നീങ്ങുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

## CTC, HDC കോഴ്സുകൾ

2019–20 വർഷത്തെ CTC, HDC കോഴ്സുകളുടെ ഫൈനൽ പരീക്ഷയും ഡിസംബർ മാസത്തിൽതന്നെ നടത്തി പ്രസ്തുത കോഴ്സുകൾ പൂർത്തിയാക്കാൻ ആഗ്രഹിക്കുന്നു. പരീക്ഷകളുടെ തീയതി ഉടൻതന്നെ അറിയിക്കുന്നതാണ്. Assignments പൂർത്തിയാക്കാനുള്ളവർ എത്രയും വേഗം തന്നെ അവ പൂർത്തിയാക്കുവാനും പരീക്ഷകൾക്കായി ഒരുങ്ങുവാനും ശ്രദ്ധിക്കുമല്ലോ.

## മാർ മാത്യു വട്ടക്കുഴി മെമ്മോറിയൽ സിമ്പോസിയം

നാലാമത് മാർ മാത്യു വട്ടക്കുഴി മെമ്മോറിയൽ കാറ്റക്കെറ്റിക്കൽ സിമ്പോസിയം നവംബർ 22–ാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു. അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴിപ്പിതാവിന്റെ നാലാം ചരമവാർഷികദിനമായ അന്നേദിവസം ഉച്ചകഴിഞ്ഞ് മൂന്നുമണിക്കു നടത്തപ്പെട്ട ഓൺലൈൻ സിമ്പോസിയം കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. മാർ ജോസ് പുളിക്കൽ അധ്യക്ഷത വഹിച്ച കോൺഫ്രൻസിൽ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. വികാരി ജനറാൾ പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കലച്ചൻ മോഡറേറ്ററായിരുന്നു. വെരി റവ. ഡോ. തോമസ് പൂവത്താനിക്കുന്നേൽ, റവ. ഡോ. വർഗീസ് കൊച്ചുപറമ്പിൽ എന്നിവർ വിശ്വാസപരിശീലനത്തിന്റെ കാലികപ്രസക്തി, കോവിഡ് 19 ഉയർത്തുന്ന വിശ്വാസസംബന്ധമായ വെല്ലുവിളികൾ, പരിഹാര

ങ്ങൾ തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് പേപ്പർ അവതരിപ്പിച്ചു. വികാരി ജനറാൾമാർ, രൂപതാ വൈദികർ, സമർപ്പിതർ, വിശ്വാസജീവിത പരിശീലകർ, സംഘടനാ പ്രതിനിധികൾ, മാർ മാത്യു വട്ടക്കുഴിപ്പിതാവിന്റെ കുടുംബാംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്ത സിമ്പോസിയം 4.45 ന് സമാപിച്ചു. റവ. ഡോ. അഗസ്റ്റിൻ പുതുപ്പറമ്പിൽ സ്വാഗതവും ആനിമേറ്റർ ശ്രീ. തോമസ് ആലഞ്ചേരിൽ നന്ദിയും പറഞ്ഞു.

**സൺഡേസ്കൂൾ അദ്ധ്യാപകവെബിനാർ**

മാറുന്ന കാലഘട്ടത്തിൽ വിശ്വാസജീവിതപരിശീലകരുടെ പങ്ക് എന്ന വിഷയത്തെ ആസ്പദമാക്കി രൂപതയിലെ മതാധ്യാപകർക്കായി വെബിനാർ നടത്തപ്പെട്ടു. നവംബർ 14-ാം തീയതി നടത്തപ്പെട്ട ഓൺലൈൻ സമ്മേളനത്തിൽ കാഞ്ഞിരപ്പള്ളി അമൽജ്യോതി കോളേജ് മുൻ പ്രിൻസിപ്പൽ റവ. ഫാ. ജോസ് കണ്ണംപുഴ ക്ലാസ് നയിച്ചു. അഭിവന്ദ്യ പിതാവും, വികാരി ജനറാളച്ചന്മാരും വിശ്വാസപരിശീലകരെ അഭിസംബോധനചെയ്തു സംസാരിച്ചു. അന്നേദിവസം zoom മീറ്റിംഗിലും തുടർന്നു വന്ന ദിവസങ്ങളിൽ യുട്യൂബിലുമായി ഭൂരിപക്ഷം വിശ്വാസജീവിതപരിശീലകരും പങ്കുചേർന്നു.

**മതാധ്യാപകദിനം**

നവംബർ 4-ാം തീയതി മതാധ്യാപകരുടെ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ വ്യത്യസ്തതയോടെ ആചരിച്ചു. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി രൂപതയിലെ വിശ്വാസജീവിതപരിശീലകർക്കായി വീഡിയോ സന്ദേശം നല്കി. നവംബർ 8-ാം തീയതി ഞായറാഴ്ച വിവിധ ഇടവകകളിൽ അധ്യാപകരെ ആദരിച്ചു.

**ക്രിസ്തുമസിനൊരുങ്ങാം**

കുട്ടികൾ ഏറ്റവും ഒരുക്കത്തോടെ ആചരിക്കുന്ന തിരുനാളാണല്ലോ ക്രിസ്തുമസ്. വ്യത്യസ്തതയോടെ മത്സരങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുവാനും മുതിർന്ന ബന്ധുക്കളെ ഫോൺവിളിച്ച് ക്രിസ്തുമസ് ആശംസകളറിയിക്കുവാനും കിട

പ്പുരോഗികളെ പ്രത്യേകം അന്വേഷിക്കുവാനും ഡിസംബർ 28-ാം തീയതി കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ദിനത്തിൽ കുഞ്ഞുങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും ഓർമ്മിക്കുമല്ലോ.

**കലാമത്സരങ്ങൾ**

ഇടവകതല മത്സരങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഒന്നാം സമ്മാനാർഹരായവരുടെ പേരുകൾ ഫൊറോനാകേന്ദ്രങ്ങളിൽ എത്തിക്കുവാൻ പ്രയത്നിച്ച ബഹു. വൈദികർക്കും വിശ്വാസജീവിതപരിശീലകർക്കും അഭിനന്ദനങ്ങൾ. ലഭിച്ച വീഡിയോകൾ ഫൊറോനാസമിതി പരിശോധിച്ച് അനുയോജ്യരായ വിധികർത്താക്കളെക്കൊണ്ട് വിലയിരുത്തി ഫൊറോനാതലത്തിൽ ഒന്നാം സമ്മാനാർഹമായവ ഡിസംബർ 12-നു മുമ്പായി സുവാറയിലേക്ക് അയച്ചുനൽകുവാൻ ശ്രദ്ധിക്കുമല്ലോ. ഡയറക്ടറച്ചന്റെയോ ബ്രദർ ജോയ്സിന്റെയോ (9645322452) നമ്പരിലേയ്ക്ക് അയയ്ക്കാവുന്നതാണ്. വീഡിയോകളിൽ യാതൊരുവിധ എഡിറ്റിംഗും പാടുള്ളതല്ല.

**സെന്റ് തോമസ് വിഭാഗത്തിന്റെ വാർഷികപ്പരീക്ഷ**

കോവിഡ് 19 വൈറസ് വ്യാപനം നിയന്ത്രണവിധേയമായാൽ പതിവുപോലെ ഫെബ്രുവരി ആദ്യശനിയാഴ്ച (ഫെബ്രുവരി 6) തന്നെ സെന്റ് തോമസ് വിഭാഗത്തിന്റെ പരീക്ഷകൾ നടത്തപ്പെടുന്നതാണ്. മറ്റുവിഭാഗങ്ങളിലുള്ളവർക്ക് തുടർന്നും വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നല്കപ്പെടും. വ്യക്തമായ അറിയിപ്പുകൾ പിന്നീട് നല്കുന്നതാണ്.

**ഓൺലൈൻ രജിസ്ട്രേഷൻ**

2020 - 21 പ്രവർത്തനവർഷത്തെ വാർഷിക പരീക്ഷയെഴുതാനുള്ള സെന്റ് തോമസ് വിഭാഗത്തിലെ കുട്ടികളുടെ ഓൺലൈൻ രജിസ്ട്രേഷൻ ഡിസംബർ 30 നു മുമ്പായി പൂർത്തിയാക്കേണ്ടതാണ്. പത്താംക്ലാസിലെ കുട്ടികളുടെ പ്രൊഫൈൽ എന്റർ ചെയ്യുവാനും 11, 12 ക്ലാസുകളിലെ കുട്ടികളുടെ പ്രൊഫൈലിലുള്ള തെറ്റുകൾ തിരുത്തുവാനും ഡിസംബർ 30 വരെ മാത്രമേ അവസരമുണ്ടായിരിക്കുകയുള്ളു.

മറ്റു ക്രമീകരണങ്ങൾ സാധ്യമല്ലെങ്കിൽ Honey Drops for Teens - നെ ആസ്പദമാക്കി 11-ാം ക്ലാസിലെ കുട്ടികൾക്ക് പ്രൊജക്ട് തയ്യാറാക്കാവുന്നതാണ്. 10, 12 ക്ലാസുകളിലെ കുട്ടികളുടെ പരീക്ഷാഫീസ് 50 രൂപയും 11-ാം ക്ലാസിലെ കുട്ടികളുടേത് 30 രൂപയുമാണ്.

**കൈയ്യെഴുത്തുമാസിക**

കുട്ടികളുടെ കലാഭിരുചികൾ പ്രകടമാക്കാനുള്ള ഉത്തമവേദിയാണ് കൈയ്യെഴുത്തുമാസിക. ഭവനങ്ങളിലിരുന്നു തന്നെ കുട്ടികൾ തയ്യാറാക്കുന്ന രചനകൾ ഒരുമിച്ചണിയിച്ചൊരുക്കി കൈയ്യെഴുത്തുമാസിക തയ്യാറാക്കാൻ കൂടുതൽ ഇടവകകൾ മുന്നോട്ടുവരുന്നു എന്നത് അഭിനന്ദനാർഹമായ കാര്യമാണ്. **കുടുംബം ഭൗമിക പറുദീസ** എന്ന വിഷയത്തെ ആസ്പദമാക്കി കൈയ്യെഴുത്തുമാസിക തയ്യാറാക്കി ഫെബ്രുവരി 28 നു മുമ്പ് സുവാറ ഓഫീസിൽ എത്തിക്കുമല്ലോ.

**ലേഖനമത്സരം**

മതാധ്യാപകരുടെ ലേഖനമത്സരത്തിന്റെ വിഷയം **കുടുംബം ഈശോയോടൊത്ത്: പ്രതിസന്ധികൾക്കുമപ്പുറത്തേക്ക്.** സമർപ്പിക്കേണ്ട അവസാന തീയതി 2021 ഫെബ്രുവരി 28.

**സ്വാഗതം**

സുവാറ സി.എം.എൽ. ഓഫീസുകളിലേക്ക് ഇടക്കാലശുശ്രൂഷയ്ക്കായി നിയമിതനായിരിക്കുന്ന കട്ടപ്പന വള്ളക്കടവ് ഇടവകാംഗമായ തെക്കേവയലിൽ ജോയ്സ് ബ്രദറിന് ഹാർദ്ദമായ സ്വാഗതം.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**മിഷൻ ക്വിസ് 2020**

മാർ മാത്യു വട്ടക്കുഴി മെമ്മോറിയൽ മിഷൻക്വിസ് 2020 നവംബർ 28-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. 74 ഇടവകകളിൽ നിന്നുള്ള കുട്ടികളുടെ ടീമുകൾ പങ്കെടുത്തു. വിജയികൾക്ക് എവർ റോളിംഗ് ട്രോഫിയും യഥാക്രമം 3000, 2500, 2000, 1500, 1000 എന്നിങ്ങനെ ക്യാഷ് അവാർഡും സമ്മാനിക്കപ്പെടുന്നതാണ്.

ഓൺലൈൻ ക്വിസ് വിജയകരമായി നടത്തുവാൻ യത്നിച്ച ഓഫീസ് സ്റ്റാഫ്, റീജന്റ്സ്, ശ്രീ. ജോബി പുളിക്കൽ, ശ്രീ. അജു അഞ്ചനാട്ട് എന്നിവരെയും സമ്മാനത്തുക സ്പോൺസർ ചെയ്ത മാർ മാത്യു വട്ടക്കുഴിപ്പിതാവിന്റെ കുടുംബാംഗങ്ങളേയും നന്ദിയോടെ ഓർക്കുന്നു.

**ഫൊറോനാതല ക്രിസ്തുമസ് ആഘോഷങ്ങൾ**

കരോൾഗാനമത്സരങ്ങൾ, ലിവിംഗ് ക്രിബ്, ക്രിസ്തുമസ് കഥകൾ, രചനകൾ തുടങ്ങിയവയിലൂടെ ഫൊറോനാ - ഇടവക തലങ്ങളിൽ ക്രിസ്തുമസ് അവിസ്മരണീയമാക്കുവാൻ ശ്രദ്ധിക്കുമല്ലോ. കൂടുതൽ നിർദ്ദേശങ്ങൾക്ക് വാട്സ് ആപ്പ് മെസ്സേജുകൾ ശ്രദ്ധിക്കുമല്ലോ.

**വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ**

മിഷൻലീഗിന്റെ ഉപമദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ ദിനമായ ഡിസംബർ 6-ാം തീയതിയോടനുബന്ധിച്ച് വീഡിയോ സന്ദേശങ്ങൾ പങ്കുവയ്ക്കുവാനും എക്സിക്യൂട്ടീവ് അംഗങ്ങൾ ഒരുമിച്ചുകൂടി മാനുവൽ ബുക്ക് പൂരിപ്പിക്കുവാനും ഫ്രാൻസിസ് നാമധാരികളെ അനുമോദിക്കുവാനും ശ്രദ്ധിക്കുമല്ലോ.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**



# ബൈബിൾ അപ്പോസ്തലേറ്റ്

**ബൈബിൾ പാരായണമാസം**

ഡിസംബർ മാസം ബൈബിൾ പാരായണമാസമായി കേരള സഭ ആചരിക്കുകയാണല്ലോ. മാംസംധരിച്ച വചനമായ ഈശോയെ അനുഭവിക്കുവാൻ ധ്യാനാത്മകമായ ബൈബിൾ വായന ഏറെ സഹായകരമാണ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഇടവകകളിലും കുടുംബങ്ങളിലും അഖണ്ഡബൈബിൾ പാരായണം, ബൈബിൾ ക്വിസ്, ലോഗോസ് മോഡൽ ക്വിസ്, ഓൺ ലൈൻ ബൈബിൾ ടാബ്ലോ, സ്കിറ്റ് തുടങ്ങി വ്യത്യസ്തത നിറഞ്ഞ പരിപാടികൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ലോഗോസ് ക്വിസ്**

കോവിഡ്-19 വ്യാപനം ഇനിയും നിയന്ത്രണവിധേയമാകാത്തതിനാൽ ഡിസംബർ മാസം അവസാനം നടത്താൻ നിശ്ചയിച്ചിരുന്ന ലോഗോസ് ക്വിസ് മാർച്ച് മാസം 21-ാം തീയതിയിലേക്ക് മാറ്റിവച്ചിരിക്കുകയാണ്. ബൈബിൾ വായിക്കുവാനും പഠിക്കുവാനുമുള്ള വലിയ അവസരമായിക്കണ്ട് താല്പര്യമുള്ളവരെ ചേർക്കുവാനും പേരു നല്കിയിട്ടുള്ളവർ നന്നായി പഠിച്ചൊരുങ്ങുവാനും ശ്രദ്ധിക്കുമല്ലോ. ജനുവരി 31-വരെ രജിസ്ട്രേഷൻ തീയതി നീട്ടിയിട്ടുണ്ട്.

**ഓൺലൈൻ ബൈബിൾ ക്ലാസ്**

പുതുതായി ആരംഭിക്കുന്ന ഓൺലൈൻ ബൈബിൾ ക്ലാസിൽ പങ്കുചേരാനാഗ്രഹിക്കുന്നവർ ഡിസംബർ 25 നു മുമ്പായി സുവാറ ഓഫീസിലോ താഴെപ്പറയുന്ന നമ്പരിലോ പേരുനല്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഫോൺ നമ്പർ: 9645322452 (ബ്രദർ ജോയ്സ് തെക്കേവയലിൽ).

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**തിബേരിയാസ്**

പരിശുദ്ധ കുർബാനയെക്കുറിച്ചുള്ള പഠനങ്ങൾ യുവജനങ്ങളിലേയ്ക്കെത്തിക്കുന്നതിന്റെ ഭാഗമായി ഒക്ടോബർ 1 മുതൽ 31 വരെ തിബേരിയാസ് നടത്തപ്പെട്ടു. സീറോ മലബാർ കുർബാനയുടെ ഘടനയെക്കുറിച്ചുള്ള പഠനപരമ്പര, കുർബാനയുടെ ആദ്ധ്യാത്മികത ജീവിക്കുന്നതുമായി ബന്ധപ്പെട്ട വീഡിയോ പരമ്പര, ക്വിസ് മത്സരം എന്നിവ ഇതിന്റെ ഭാഗമായി നടന്നു.

**WE ARE WITH WOMEN**

KCYM സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ഒക്ടോബർ 5 ന് നടത്തപ്പെട്ട WWW- We are With Women Campaign–ൽ സ്ത്രീകൾക്കെതിരായി നടക്കുന്ന ചൂഷണങ്ങൾക്കെതിരെ രൂപതയിലെ 4 വനിതാ പ്രതിനിധികൾ പ്രസംഗങ്ങൾ അവതരിപ്പിച്ചു.

**ഉത്സവ്**

രൂപതാതല ഉത്സവ് മത്സരങ്ങൾ ഓൺലൈൻ തലത്തിൽ നടത്തപ്പെട്ടു. ഒക്ടോബർ 26 ന് രചനാ മത്സരങ്ങളും, നവംബർ 10 ന് കലാമത്സരങ്ങളും നവംബർ 20 ന് ഗ്രൂപ്പ് മത്സരങ്ങളും നടത്തപ്പെട്ടു. സമ്മാനാർഹരായവരുടെ പേരുകളും പോയിന്റ് നിലവാരവും ചുവടെ ചേർക്കുന്നു.

**രചനാ മത്സരങ്ങൾ**

**കഥാരചന**

1. Janet Sibi, Upputhara - A Grade
2. Jo Anchanatttu, Kanjirappally - A Grade
3. Navya Jose Thazhathuveettil, Peruvanthanam - A Grade

**ഉപന്യാസം**

1. Aleena Binu Plamoottil, Kattapana - A Grade
2. Aneena Maria, Ranni Pathanamthitta - A Grade
3. Jinsa Joy, Ponkunnam - A Grade

**കാർട്ടൂൺ**

1. Jaison, Ranni Pathanamthitta - A Grade

2. Taniyo Jimson, Ponkunnam - A Grade

3. Blessy Mannoor, Kanjirappally - A Grade

3. Anu Alphonsa Jacob, Ponkunnam - A Grade

**പത്രവാർത്ത രചന**

1. Riya Rose Thomas, Ponkunnam - C Grade
2. Anit Karimbanmackal, Erumely
3. Anu Mathew Vattakunnel, Peruvanthanam

**മുദ്രാവാക്യ രചന**

1. Jincy K, Ranni Pathanamthitta - B Grade
2. Feba Theres Sebastian, Ponkunnam - B Grade
3. Jobin Nedumthakady, Erumely - C Grade

**കവിതാരചന**

1. Jincy K, Ranni Pathanamthitta - A Grade

2. Delna Ezhacheril, Peruvanthanam - A Grade

2. Elizabeth Mukkattu, Peruvanthanam - A Grade

3. Dona Ammannathu, Erumely - A Grade

3. Lisa Mariam George, Velichiyani - A Grade

## നോട്ടീസ് രചന

1. Theres Adichillamackal, Erumely - A Grade
2. Jomol, Ranni Pathanamthitta - A Grade
3. Christeena Alencherry, Ranni Pathanamthitta - A Grade

## കലാ മത്സരങ്ങൾ

### English Speech Girls

1. Mettin Joseph, Ranni Pathanamthitta - A Grade
2. Shilpa Francis Thekkevayalil, Velichiyani - A Grade
2. Maria Joji Chengalam, Ponkunnam - A Grade
3. Sona, Kanjirappally - A Grade

### English Speech Boys

1. Tomin Jose, Velichiyani - A Grade
2. Alphin Tom Kanjirappally - A Grade
3. Amal Parakulangara, Erumely - A Grade
3. Shone Shaji, Mundiyeruma - A Grade

### Malayalam Speech Boys

1. Jijo Kizhkkel, Kattapana - A Grade
2. Sobin Saju Kollamparambil, Velichiyani - A Grade
2. Dominic Edakkattu, Peruvanthanam - A Grade
3. Alphin Tom, Kanjirappally - A Grade
3. Varghese Vathalloor Velichiyani - A Grade

### Malayalam Speech Girls

1. Anu Peter Parackal, Kanchiyar -Kattapana - A Grade

2. Dhanya Johnson, Angelvalley - Erumely - A Grade

2. Delna Ezhachery, Meloram- Peruvanthanam - A Grade

3. Ashna Panakuzhy, Erumely - A Grade

3. Aneesha Kunnathupathiyil, Kumali - A Grade

3. Iran Shaji, Ponkunnam - A Grade

**Light Music Girls**

1. Cathreen Liju Vattakunnel, Kanjirappally - A Grade

2. Anupama Jacob Kattoor, Anakkara - A Grade

2. Elizabeth Melettu, Katapana - A Grade

3. Feba Theres, Ponkunnam - B Grade

3. Bilbi Maria Thomas, Upputhara - B Grade

**Light Music Boys**

1. Jithin Varkey, Kanjirappally - A Grade

2. Aswin Kanjirappally - A Grade

2. Nithin Lal Upputhara - A Grade

3. Jomin Joseph Kollamparampil Kumali - A Grade

3. Christo Kallamackal Velichiyani - A Grade

**Photography**

1. Stephen Raju Rajeshbhavan Anakkara - A Grade

2. Jose Mathew Kunnathupurayidam, Valichiyani - A Grade

3. George Thomas Thekkumthottam, Ponkunnam - A Grade

**Mono Act**

1. Reenu Roy Valayathu, Kattapana - A Grade

2. Saniya Sunny, Kottayil Kanjirapally - A Grade
2. Merin Mathew Pamburickal Pazhayidom, Kanjirapally - A Grade
2. Anu Mathew Vallakunnel Kanayamkavayal, Peruvanthanam - A Grade
3. Sandra Elsa Soji, Thakidipurath, Anakara - A Grade
3. Riya Mariya Jacob, Chonkara, Marykulam, Kattappana - A Grade
3. Shalin Francis, Thekkevayalil, Karikulam, Velichiyani - A Grade

**മിമിക്രി**

1. Amal Dominic Illickamury, Kanjirapally - A Grade
2. Ajus Reji, Chenattu, Kattapana - A Grade
3. Shanu Jacob, Pullanithakidi, Ponkunnam - A Grade

**നാടോടിനൃത്തം**

1. Stephina Elizabeth Varghese Vettukallamkuzhiyil, Vellaramkunnu, Kumily - A Grade
2. Mariyat Roy, Powath, Kanjirapally - A Grade
2. Rosna Antony Arackal, Attapalam, Kumily - A Grade
3. Theresa Thomas Valavanal, Chakkupallam, Anakkara - A Grade
3. Jiya Mariya, Thundathilkunnel, Velichiyani - A Grade

## ഗ്രൂപ്പ് കലാമത്സരങ്ങൾ

**മാർഗംകളി**

1. കാഞ്ഞിരപ്പള്ളി കത്തീഡ്രൽ, കാഞ്ഞിരപ്പള്ളി - A Grade
2. അണക്കര, അണക്കര - A Grade
3. വലിയതോവാള, കട്ടപ്പന - B Grade
3. പത്തനംതിട്ട, റാന്നി – പത്തനംതിട്ട - B Grade

**ഷോർട്ട് ഫിലിം**

1. കാഞ്ഞിരപ്പള്ളി കത്തീഡ്രൽ, കാഞ്ഞിരപ്പള്ളി - A Grade
2. കട്ടപ്പന, കട്ടപ്പന - B Grade

3. അണക്കര, അണക്കര - C Grade

**SMYM ആന്തം**

1. പൊൻകുന്നം, പൊൻകുന്നം - B Grade
2. മേരികുളം, കട്ടപ്പന - B Grade
3. കാരികുളം, വെളിച്ചിയാനി - B Grade

**സംഘഗാനം**

1. കാഞ്ചിയാർ, കട്ടപ്പന - A Grade
2. ചക്കുപള്ളം, അണക്കര - A Grade
3. വെളിച്ചിയാനി, വെളിച്ചിയാനി - B Grade

**മൈം**

1. കാഞ്ഞിരപ്പള്ളി കത്തീഡ്രൽ, കാഞ്ഞിരപ്പള്ളി - A Grade
2. അണക്കര, അണക്കര - B Grade
3. മുണ്ടിയെരുമ, മുണ്ടിയെരുമ - B Grade
3. കണ്ണമ്പള്ളി, റാന്നി–പത്തനംതിട്ട - B Grade

**ഉത്സവ് 2020**

**Champions** : കാഞ്ഞിരപ്പള്ളി ഫൊറോനാ – 141 പോയിന്റ്

Runner Up : കട്ടപ്പന ഫൊറോനാ – 100 പോയിന്റ്

Second Runner Up : വെളിച്ചിയാനി ഫൊറോനാ – 84 പോയിന്റ്

**മറ്റു ഫൊറോനാകളുടെ പോയിന്റ് നിലവാരം**

പൊൻകുന്നം ഫൊറോനാ – 75 പോയിന്റ്

റാന്നി പത്തനംതിട്ട – 72 പോയിന്റ്

അണക്കര ഫൊറോനാ – 62 പോയിന്റ്

പെരുവന്താനം ഫൊറോനാ – 47 പോയിന്റ്

എരുമേലി ഫൊറോനാ – 41 പോയിന്റ്

കുമളി ഫൊറോനാ – 30 പോയിന്റ്

ഉപ്പുതറ ഫൊറോനാ – 22 പോയിന്റ്

മുണ്ടിയെരുമ ഫൊറോനാ – 12 പോയിന്റ്

**കലാ മത്സരം ഓവറോൾ**

കാഞ്ഞിരപ്പള്ളി ഫൊറോനാ - 127 പോയിന്റ്

**രചനാ മത്സരം ഓവറോൾ**

റാന്നി-പത്തനംതിട്ട - 50 പോയിന്റ്

**സാമ്പത്തിക സംവരണം**

EWS സംവരണം കേരളത്തിൽ നടപ്പാക്കിയ സർക്കാർ നടപടിയിൽ സർക്കാരിന് അഭിവാദ്യങ്ങളർപ്പിച്ച് ഒക്ടോബർ 26 ന് കാഞ്ഞിരപ്പള്ളി കുരിശിങ്കൽ ജംഗ്ഷനിൽ പ്രകടനം നടത്തി. ശ്രീ. ജയരാജ് MLA ഉദ്ഘാടനം ചെയ്തു. ശ്രീ. വർഗീസ് കുളത്തിങ്കൽ, SMYM പ്രസിഡന്റ് ആൽബിൻ തടത്തേൽ എന്നിവർ പ്രസംഗിച്ചു.

**കുരിശിന്റെ വഴി**

വിശുദ്ധ കുരിശിനെതിരെയുള്ള അവഹേളനങ്ങൾ നടന്നതിൽ പ്രതിഷേധിച്ച് ഒക്ടോബർ 26 ന് കാഞ്ഞിരപ്പള്ളി രൂപത സമിതിയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി സംഘടിപ്പിച്ചു. കത്തീഡ്രൽ ഗ്രോട്ടോ ജംഗ്ഷനിൽ ആരംഭിച്ച കുരിശിന്റെ വഴി പേട്ടക്കവല വഴി പഴയപള്ളിയിൽ അവസാനിച്ചു. ശ്രീ. ആൽബിൻ തടത്തേൽ, അബി ഐപ്പൻപറമ്പിൽ, തോമാച്ചൻ കത്തിലാങ്കൽ, എന്നിവർ നേതൃത്വം നൽകി.

**പാലാ രൂപതാ SMYM ന് പിന്തുണ**

PSC അഴിമതികൾക്കെതിരെ പാലാ രൂപത SMYM സംഘടിപ്പിക്കുന്ന റിലേ ഉപവാസത്തിന്റെ ഭാഗമായി ഒക്ടോബർ 27 ന് കടനാട് പള്ളിയിൽ നടന്ന ഉപവാസത്തിൽ കാഞ്ഞിരപ്പള്ളി രൂപതാ സമിതി അംഗങ്ങൾ നേരിട്ടെത്തി പിന്തുണ അറിയിച്ചു.

**ഒരു കിടിലൻ പ്രസംഗമത്സരം**

'സാമ്പത്തിക സംവരണത്തെ ചൊല്ലി എന്തിന് അസ്വസ്ഥത' എന്ന മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായുടെ ലേഖനത്തെ അടിസ്ഥാനമാക്കി ഒരു കിടിലൻ പ്രസംഗമത്സരം എന്ന പേരിൽ അഖിലകേരള പ്രസംഗമത്സരം സംഘടിപ്പിച്ചു. ഒക്ടോബർ 27 മുതൽ നവംബർ 10 വരെ നടത്തപ്പെട്ട പ്രസംഗമത്സരത്തിൽ നൂറിലധികംപേർ പങ്കെടുത്തു. പ്രസംഗമത്സരത്തിൽ സമ്മാനാർഹരായവരുടെ പേരുകൾ ചുവടെ കൊടുക്കുന്നു.

**Winner -**

Blessy Binu, Attukadavil, Archdiocese of Changanassery

**First Runner Up -**

Binisha Thomas, Kodancherry, Diocese of Thamarassery

**Second Runner Up -**

Irine Saji, Vattodiyil, Diocese of Kanjirappally

**Remarkable Performance**

1. Shon Shaji, Kannakkuzhiyil, Diocese of Kanjirappally
2. Augustine Dev J, Kochuparambil, Diocese of Palai
3. Elizabeth Abraham, Paikkattu, Diocese of Palai
4. Rani Theresa, Mundackal, Archdiocese of Changanassery
5. Aleena Benny, Poovakkulam, Diocese of Palakkad
6. Tom Jacob, Theverkad, Archdiocese of Changanassery
7. Amiliya Theres Chacko, Valiyaparambil, Diocese of Idukki
8. Amalu Joseph, Mundattu, Diocese of Palai
9. Mini Sunny, Mannanplackal, Diocese of Kanjirappally
10. Edison George, Alappattu, Diocese of Palai

**സവ്റ 2020**

കാഞ്ഞിരപ്പള്ളി രൂപത SMYM ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സവ്റ യുവജന സംഗമം നവംബർ 14, 15 അണക്കരയിലും, നവംബർ 21, 22 എരുമേലിയിലും പൂർത്തിയായി. ക്രൈസ്തവ യുവജനങ്ങളിൽ വളരേണ്ട സമുദായ ബോധം എന്ന വിഷയത്തെക്കുറിച്ച് പ്രൊഫസ്സർ ശ്രീ.ബിനോ പെരുന്തോട്ടം, ശ്രീ. സാജൻ പാപ്പച്ചൻ എന്നിവർ ക്ലാസ് നയിച്ചു. സവ്റയുടെ തുടർന്നുള്ള തീയതികൾ താഴെ കൊടുക്കുന്നു.

കാഞ്ഞിരപ്പള്ളി - നവംബർ 28, 29

പെരുവന്താനം - ഡിസംബർ 5, 6

കുമളി - ഡിസംബർ 12,13

മുണ്ടക്കയം - ഡിസംബർ 19,20

പൊൻകുന്നം - ഡിസംബർ 26, 27

മുണ്ടിയെരുമ - ജനുവരി 2, 3

കട്ടപ്പന - ജനുവരി 9, 10

തെക്കൻ മിഷൻ - ജനുവരി 16, 17

ഉപ്പുതറ - ജനുവരി 23, 24

വെളിച്ചിയാനി - ജനുവരി 26

**മലനാട് - SMYM കോവിഡ് ടാസ്ക് ഫോഴ്സിന് ആദരവ്**

കാഞ്ഞിരപ്പള്ളി രൂപതയിൽ കോവിഡ് ബാധിച്ചു മരിച്ച സഹോദരങ്ങളുടെ മൃതസംസ്കാര ശുശ്രൂഷകൾ നടത്തിയ വൈദികരെയും യുവജനങ്ങളെയും മലനാട് ഡെവലപ്മെന്റ് സൊസൈറ്റി ആദരിച്ചു. നവംബർ 17 ന് മലനാട് ഡെവലപ്മെന്റ് സൊസൈറ്റി ആസ്ഥാനത്ത് നടന്ന ചടങ്ങ് കാഞ്ഞിരപ്പള്ളി രൂപതാ വികാരി ജനറാൾ ഫാ. ബോബി അലക്സ് മണ്ണംപ്ളാക്കൽ ഉദ്ഘാടനം ചെയ്തു. M.D.S. ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ അധ്യക്ഷനായിരുന്നു. ചടങ്ങിൽ ആദരിക്കപ്പെട്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. Jubin George Orappuzhickal ,Kanjirappally
2. Shelly George Cherunilathu, Paloorkavu
3. Thomas Scaria Ezharmattathil, Chempanoly
4. Robins John Vadakkel, Vadakkemala
5. Mathew George Nellimalayil,Thachapuzha
6. Sijo Joseph, Kuttivayalil, Chempanoly
7. Alen Xavier Kochuveettil, Podimattom
8. Albin Varghese Thadathel, Plachhery
9. Tinu Mathew, Pathippallil, Elikulam

10. Sobin George Nedumpallil, Kuzitholu

11. Thomas Raju Kathilankal, Kanjirapally

12. Alexander Alex Makkal, Kannampally

13. Toni Kurian Thomas Kochuvayalil, Edakkunnam

14. Jinsmon James Alencheril, Madukka

15. Josin James Karakkattu, Erumely

16. Lijo K Joy Kunnappallil, Chirakadavu

17. Fr. Philip Vattayathil

18. Fr. Thomas Naripparayil

19. Fr. Varghese Kochupurackal

**സമ്മാനദാനം**

കാഞ്ഞിരപ്പള്ളി രൂപത SMYM നടത്തിയ അഖിലകേരള ഓൺലൈൻ പ്രസംഗമത്സരങ്ങളായ അതിജീവനത്തിന്റെ വാക്കുകൾ (words of survival), ഒരു കിടിലൻ പ്രസംഗ മത്സരം എന്നിവയുടെ സമ്മാനദാനം നവംബർ 23 ന് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നിർവഹിച്ചു. വികാരി ജനറാൾ വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ ആശംസകളർപ്പിച്ചു.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

## വിവാഹ ഒരുക്കധ്യാനം ഓൺലൈനിൽ

കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്തലേറ്റ് വിവാഹ ഒരുക്കധ്യാനം ഓൺലൈനായി നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്കായി 04828-205628, 04828-201100, 9497096431, 8943895505 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഉടനെ വിവാഹത്തിനായി ഒരുങ്ങുന്നവരോടും പ്രത്യേക അനുവാദം വാങ്ങി വിവാഹ ഒരുക്കധ്യാനത്തിൽ പങ്കെടുക്കാതെ വിവാഹിതരായവരോടും ഈ online ധ്യാനത്തിൽ പങ്കെടുക്കുവാൻ ബഹു. വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ.

## ബൈബിൾ പകർത്തിയെഴുത്ത്

കാഞ്ഞിരപ്പള്ളിരൂപതയുടെ മുഖപത്രമായ ദർശകൻ മാസികയും ഫാമിലി അപ്പോസ്തലേറ്റും ചേർന്ന് ബൈബിൾ പകർത്തിയെഴുതാൻ അവസരം ഒരുക്കുന്നു.

ദൈവവചനപ്രഘോഷണമാണ് ഈ ഉദ്യമത്തിന്റെ പ്രധാന ലക്ഷ്യം

- വിവിധ ഘട്ടങ്ങളിലായിട്ടാണ് ബൈബിൾ പൂർണ്ണമായും പകർത്തിയെഴുതുന്നത്.
- ഒന്നാം ഘട്ടത്തിൽ വി. മത്തായിയും വി. മർക്കോസും അറിയിച്ച സുവിശേഷങ്ങളാണ് പകർത്തി എഴുതേണ്ടത്. ഇത് 2020 ഡിസംബർ 1 - ന് ആരംഭിച്ച് 2020 ഡിസംബർ 31-ന് അവസാനിക്കും. അടുത്തഘട്ടം 2021 ജനുവരി 1- ന് ആരംഭിക്കും. ഒന്നാംഘട്ടം

പൂർത്തിയാക്കുന്നവർക്കാണ് അടുത്തഘട്ടത്തിൽ പ്രവേശിക്കാൻ സാധിക്കുക.

- ഈ ഉദ്യമത്തിൽ ഭാഗമാകാൻ ആഗ്രഹിക്കുന്നവർ Bible എന്ന് ടൈപ്പ് ചെയ്ത് 8289842002 എന്ന നമ്പറിലേക്ക് വാട്സാപ്പ് ചെയ്യുക.
- A4 പേപ്പറിലാണ് പകർത്തി എഴുതേണ്ടത്. ഇംഗ്ലീഷ് ബൈബിളും (New Revised Standard Version - NRSV) / മലയാളം ബൈബിളും (POC) പകർത്തിയെഴുതാം.
- ഡിസംബർ 1 ന് ആരംഭിക്കുന്ന ബാച്ചിൽ പ്രവേശനം നേടാൻ സാധിക്കാത്ത, ബൈബിൾ പകർത്തിയെഴുതാൻ ആഗ്രഹിക്കുന്ന വർക്ക് 2021 ജനുവരി 1 – ന് ആരംഭിക്കുന്ന അടുത്ത ബാച്ചിൽ പ്രവേശനം നേടാവുന്നതാണ്. ഇതിന്റെ ഒന്നാം ഘട്ടത്തിലും വി. മത്തായിയും വി. മർക്കോസും അറിയിച്ച സുവിശേഷങ്ങളാണ് എഴുതേണ്ടത്.
- ഈ ഉദ്യമം ഭംഗിയായി പൂർത്തീകരിക്കുന്നവർക്ക് പ്രത്യേക ഉപ ഹാരവും സർട്ടിഫിക്കറ്റും മെഡലും നൽകി ആദരിക്കുന്നതിനോ ടൊപ്പം രൂപതാതലത്തിൽ സംഗമവും നടത്തുന്നതാണ്.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# മാതൃവേദി

**പദപ്രശ്നം**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പദപ്രശ്നമത്സരത്തിന്റെ 23 ഭാഗങ്ങൾ പൂർത്തിയായി

**സമ്മാനാർഹരായവർ**

MVQ - 20 : ഗ്രേസി രാജൻ, അക്കാട്ട്, അണക്കര
MVQ - 21 : കുട്ടിയമ്മ കുരുവിള, ചെറുവള്ളിൽ കട്ടപ്പന
MVQ - 22 : ലീലാമ്മ ജോസഫ്, മാപ്പിളശ്ശേരിൽ, പാലൂർക്കാവ്
MVQ - 23 : മഞ്ജു അനീഷ്, പ്ലാമ്പറമ്പിൽ, റാന്നി.

**രചനാമത്സരം വിജയികൾ**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അമ്മമാർക്കായി നടത്തിയ രചനാമത്സരങ്ങളുടെ വിജയികൾ.

**കഥാരചന**

ഒന്നാം സമ്മാനം : ജോളി ഷിജി കൊല്ലംപറമ്പിൽ, കോരുത്തോട്
രണ്ടാം സമ്മാനം : ഷൈനി ഈറ്റപ്പുറത്ത്, വെള്ളാരംകുന്ന്
മൂന്നാം സമ്മാനം : പ്രണവിയ ലിബിൻ ഈരംപ്ലാക്കൽ, കൊല്ലമുള
: കുഞ്ഞുമോൾ പാലമുറിയിൽ, വെള്ളാരംകുന്ന്

**കവിതാ രചന**

ഒന്നാം സമ്മാനം : മോളിക്കുട്ടി സ്കറിയ, കരിയിക്കുന്നേൽ, കോരുത്തോട്
രണ്ടാം സമ്മാനം : ദീപ താഴത്തുതൈയ്യിൽ, വെള്ളാരംകുന്ന്
മൂന്നാം സമ്മാനം : ജിൽസ് പുള്ളോലിൽ, പഴയിടം

**ഉപന്യാസരചന**

ഒന്നാം സമ്മാനം : ദീപ പറമ്പകത്ത്, വെള്ളാരംകുന്ന്

രണ്ടാം സമ്മാനം : ബിന്റാ റ്റിജോ, മടിക്കാങ്കൽ, കാരികുളം

മൂന്നാം സമ്മാനം : മിസ്സി കൈപ്പൻപ്ലാക്കൽ, വെള്ളാരംകുന്ന്

**മാതൃവേദി കലോത്സവം - 2020**

ഈ വർഷത്തെ കലോത്സവം ഓൺലൈനായി ആണ് നടത്തുന്നത്. എഴുത്ത് മത്സരങ്ങൾ പൂർത്തിയായി. സ്റ്റേജ് ഇനങ്ങളാണ് ഇനി നടക്കാനുള്ളത്. ഡിസംബർ 20 ഓടുകൂടി മത്സരങ്ങൾ പൂർത്തിയാക്കാവുന്ന ഒരു സമയക്രമം ആണ് ആഗ്രഹിക്കുന്നത്. മത്സരങ്ങൾ ഓൺലൈനിൽ നടത്തുന്നതിനാൽ മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി ബൈബിൾ വാക്യം ചൊല്ലൽ, നമസ്കാരങ്ങൾ എന്നീ മത്സരങ്ങൾ ഒഴിവാക്കുകയാണ്.

**മത്സരങ്ങളുടെ നിബന്ധനകൾ ഇനി പറയുന്ന വിധത്തിലാണ്.**

**മത്സര ഇനങ്ങളും നിബന്ധനകളും**

1. **ലളിതഗാനം :** (വി. ജിയന്ന വിഭാഗം (ജൂനിയർ), വി. മോനിക്ക വിഭാഗം (സീനിയർ)).
   സമയം 5 മിനിറ്റ്, ക്രിസ്തീയഭക്തിഗാനം ആയിരിക്കണം. ക്ലാസിക്കൽ ഗാനങ്ങൾ അനുവദനീയമല്ല. ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല.
2. **പ്രസംഗം:** (വി. ജിയന്ന വിഭാഗം (ജൂനിയർ), വി. മോനിക്ക വിഭാഗം (സീനിയർ)).
   സമയം 5 മിനിറ്റ്, വിഷയം : പരസ്പരപൂരകങ്ങളായ വിശ്വാസവും വിശുദ്ധിയും.
3. **സമൂഹഗാനം :** (പൊതുവിൽ)
   സമയം 7 മിനിറ്റ്, ക്രിസ്തീയഭക്തിഗാനം ആയിരിക്കണം. ക്ലാസിക്കൽ ഗാനങ്ങൾ അനുവദനീയമല്ല. ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല. ഒരു ഗ്രൂപ്പിൽ 5 പേരിൽ കുറയാനോ 7 പേരിൽ കൂടാനോ പാടില്ല.

4. **പദ്യോച്ചാരണം :** (പൊതുവിൽ)
സമയം 5 മിനിറ്റ്, ബൈബിൾ അധിഷ്ഠിതമായ ക്രൈസ്തവ പദ്യങ്ങളാണ് അവതരിപ്പിക്കേണ്ടത്. കവിയുടെ പേരും, കവിതാ സമാഹാരത്തിന്റെ/പുസ്തകത്തിന്റെ/പദ്യത്തിന്റെ പേരും ആമുഖമായി പറയേണ്ടതാണ്.

**പൊതുനിബന്ധനകൾ**

- ഓരോ ഇനത്തിലും ഇടവകയിൽ നിന്ന് ഒന്നാം സമ്മാനം ലഭിക്കുന്ന/ തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്കാണ് ഫൊറോനാമത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കുക.
- മത്സരാർത്ഥികളെ വി. മോനിക്ക ഗ്രൂപ്പ് (സീനിയർ) (45 വയസ്സിനു മുകളിൽ) വി. ജിയന്ന ഗ്രൂപ്പ് (ജൂനിയർ) (45 വയസ്സിനു താഴെ) എന്നിങ്ങനെ തിരിച്ചിരിക്കുന്നു.
- 1974 ജനുവരി 1 ന് മുമ്പ് ജനിച്ചവർ വി. മോനിക്ക ഗ്രൂപ്പിലും, 1974 ജനുവരി 1 മുതൽ ജനിച്ചവർ വി. ജിയന്നാ ഗ്രൂപ്പിലും ഉൾപ്പെടുന്നു.
- കലോത്സവത്തിന്റെ സ്റ്റേജ് ഇനങ്ങളിൽ ഒരാൾക്ക് പങ്കെടുക്കാവുന്ന മത്സരങ്ങളുടെ എണ്ണം (ഗ്രൂപ്പ് ഇനങ്ങൾ ഉൾപ്പെടെ) രണ്ടായി നിജപ്പെടുത്തിയിരിക്കുന്നു.
- രൂപതാ ഭരണസമിതി അംഗങ്ങൾ മത്സരങ്ങളിൽ പങ്കെടുക്കുന്നില്ല.
- ഫൊറോനാ, യൂണിറ്റ് ഭാരവാഹികളുടെ മത്സരത്തിലെ പങ്കാളിത്തത്തെക്കുറിച്ച് അതാത് തലങ്ങളിൽ തീരുമാനിക്കാവുന്നതാണ്.
- ഫൊറോനാകളിൽ നിന്ന് ഔദ്യോഗികമായി നൽകുന്ന രജിസ്ട്രേഷൻ ഫോമുകളിൽ പേരുള്ളവർക്ക് മാത്രമായിരിക്കും രൂപതാ മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കുന്നത്.
- ഇടവകയിൽ നിന്ന് ഫൊറോനാ തലത്തിലേക്ക് മത്സരിക്കേണ്ട ആളുകളെ നാമനിർദ്ദേശം ചെയ്തോ മത്സരങ്ങൾ നടത്തിയോ തെരഞ്ഞെടുക്കാവുന്നതാണ്.
- റെക്കോർഡ് ചെയ്ത വീഡിയോകളായി ആണ് എൻട്രികൾ അയയ്ക്കേണ്ടത്.

# മേരിമാതാ മൈനർ സെമിനാരി

**നവംബർ 2020**

04 സെമിനാരിയിൽ രണ്ടാം സെമസ്റ്റർ ആരംഭിച്ചു.

22 മാർ മാത്യു വട്ടക്കുഴി പിതാവിന്റെ മരണവാർഷികത്തോട നുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

28-29 വൈദികവിദ്യാർത്ഥികൾക്കായുള്ള മാസധ്യാനം അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നയിക്കുകയും അവരുമായി കോൺഫറൻസ് നടത്തുകയും ചെയ്തു.

**ഫാ. ജോൺ പനച്ചിക്കൽ**
**റെക്ടർ**

---

## മാതൃവേദി

- ഫൊറോനാ മത്സരത്തിന് എൻട്രികൾ അയയ്ക്കേണ്ട വാട്സ് ആപ്പ്/ Email ഫൊറോനായിൽ നിന്ന് നൽകുന്നതാണ്.
- ഡിസംബർ 10 ന് മുമ്പ് ഇടവകതല മത്സരവും ഡിസംബർ 15 ന് മുമ്പ് ഫൊറോനാതല മത്സരവും പൂർത്തിയാക്കേണ്ടതാണ്.
- വീഡിയോയിൽ എഡിറ്റിംഗ് അനുവദനീയമല്ല.
- ഓഡിയോ റിക്കോഡിംഗിന് മൈക്രോഫോൺ ഉപയോഗിക്കാവുന്നതാണ്. റിക്കോഡിംഗിന് ക്യാമറയോ മൊബൈൽഫോണോ ഉപയോഗിക്കാവുന്നതാണ്.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

### സോണൽ സേവനസമിതി

കൊറോണ മഹാമാരിമൂലം നിലവിൽവന്ന ലോക്ക്ഡൗൺ കാലഘട്ടത്തിൽ എല്ലാമാസവും വെള്ളിയാഴ്ചതോറും 8.45 p.m. ന് തുടങ്ങി 10.00 p.m. ന് അവസാനിക്കുന്ന സേവനസമിതിയുടെ ഗൂഗിൾമീറ്റ് വഴിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന മുടങ്ങാതെ നടത്തിപ്പോരുവാൻ സാധിക്കുന്നത് ആത്മീയമേഖലയിൽ കൂടുതൽ കരുത്ത് പകരുന്നു. ആയതിനാൽ അത്യാവശ്യകാര്യങ്ങൾ എല്ലാ ആഴ്ചയിലും പങ്കുവയ്ക്കാൻ കഴിയുന്നത് വലിയ അനുഗ്രഹമായിതീരുന്നു.

### എൽ.എസ്.എസ്. (LSS)

ഇടവകതലത്തിൽ ധ്യാനങ്ങളും പ്രാർത്ഥനാഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് സഹായിക്കുന്നതലത്തിൽ 5 സബ്സോണുകളിലും LSS മോണിറ്ററിംഗ് ടീമിന്റെ നേതൃത്വത്തിൽ സബ്സോൺ റിസോഴ്സ് ടീമിന്റെ ട്രെയിനിംഗ് ഓൺലൈൻ തലത്തിൽ നടത്തുവാൻ സജ്ജീകരണങ്ങൾ നടത്തിക്കഴിഞ്ഞു.

2020 നവംബർ 11-ാം തീയതി LSS സബ് റീജൺ തലത്തിൽ നടത്തിയ കൂട്ടായ്മയിൽ LSS മോണിറ്ററിംഗ് ടീമും പങ്കെടുക്കുകയുണ്ടായി.

### സ്കൂൾ ഓഫ് ലീഡർഷിപ്പ്

നമ്മുടെ നേതൃത്വപരിശീലനപദ്ധതിയായ സ്കൂൾ ഓഫ് ലീഡർഷിപ്പ് രണ്ടുബാച്ചുകളിലായി മുന്നോട്ടുപോകുന്നു.

### മദ്ധ്യസ്ഥപ്രാർത്ഥനാമിനിസ്ട്രി

എല്ലാ ഞായറാഴ്ചകളിലും കാഞ്ഞിരപ്പള്ളി സോൺ സെൻട്രൽ മദ്ധ്യസ്ഥപ്രാർത്ഥനാമിനിസ്ട്രിയുടെ നേതൃത്വത്തിൽ 4.30 p.m. മുതൽ

6 p.m. വരെ ഗൂഗിൾമീറ്റിലൂടെ അംഗങ്ങൾ ഭവനങ്ങളിൽ ഇരുന്ന് സജീവമായി പ്രത്യേകപ്രാർത്ഥനാനിയോഗങ്ങൾ സമർപ്പിക്കുന്നു. പൊൻകുന്നം, മുണ്ടക്കയം, എരുമേലി സബ്സോണുകളിലും മദ്ധ്യസ്ഥ പ്രാർത്ഥന മുടങ്ങാതെ നടത്തിപ്പോരുന്നു. കൂടാതെ എല്ലാ ഞായറാഴ്ചകളിലും നടത്തിവരുന്ന പ്രവാചകമദ്ധ്യസ്ഥപ്രാർത്ഥനകളിൽ സോൺഅംഗങ്ങൾ പങ്കെടുത്തുവരുന്നു. സൗത്ത് സെൻട്രൽ സബ്റീജൺ തലത്തിൽ എല്ലാ മാസവും ആദ്യബുധനാഴ്ചതോറും നടത്തിവരുന്ന മദ്ധ്യസ്ഥപ്രാർത്ഥനയിലും സോണിൽനിന്നും പ്രതിനിധികൾ പങ്കുചേരുന്നുണ്ട്.

## ക്രിസ്റ്റീൻ മിനിസ്ട്രി

കാഞ്ഞിരപ്പള്ളി സോൺ ക്രിസ്റ്റീൻ മിനിസ്ട്രിയുടെ വചനക്കളരി, വചനവിരുന്ന് പ്രോഗ്രാമുകൾ എല്ലാ ദിവസവും മുടങ്ങാതെ നടന്നുവരുന്നു. ഓൾ കേരള ക്രിസ്റ്റീൻ മിനിസ്ട്രി നടത്തിയ "നക്ഷത്രകീർത്തനം" മരിയൻ സംഗീതമത്സരത്തിൽ സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം നേടിയ ഏഞ്ചൽ എസ്. മരിയ, എരുത്വാപ്പുഴ ഇൻഫെന്റ് ജീസസ് ഇടവക, കാഞ്ഞിരപ്പള്ളി സോൺ അംഗമാണ്. അഭിനന്ദനങ്ങൾ.

## തൂവാനിസാ മിനിസ്ട്രി

കാഞ്ഞിരപ്പള്ളി സോൺ തൂവാനിസാ മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന അഖണ്ഡജപമാല ഇപ്പോഴും വളരെ സജീവമായി തുടർന്നുപോകുന്നു.

## 13 മണി ആരാധന

2020 ഡിസംബർ 4-ാം തീയതി ആദ്യവെള്ളിയാഴ്ച കോവിഡ് മഹാമാരി നിയോഗം വച്ചുകൊണ്ട് നമ്മുടെ രൂപതയിലെ 40 പള്ളികളിൽ 13 മണി ആരാധന ബഹുമാനപ്പെട്ട അബ്രാഹം കടിയക്കുഴി അച്ചന്റെ ആത്മീയനേതൃത്വത്തിൽ നടത്തുന്നു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# ആവേ മരിയ റിട്രീറ്റ് സെന്റര്‍

പഴയകൊരട്ടി ആവേമരിയ നിത്യാരാധന ചാപ്പലില്‍ രാവിലെ 8 മണി മുതല്‍ വൈകിട്ട് 8 മണി വരെ എല്ലാ ദിവസങ്ങളിലും നിത്യാരാധന നടത്തപ്പെടുന്നു.

**ഫാ. മാത്യു ഓലിക്കല്‍**
**ഡയറക്ടര്‍**

# മരിയൻ റിട്രീറ്റ് സെന്റർ

**ആദ്യശനി ഓൺലൈൻ ബൈബിൾ കൺവെൻഷൻ**

നവംബർ 7ന് രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ ആദ്യശനി ബൈബിൾ കൺവെൻഷൻ ഡയറക്ടർ ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു.

**US English Retreat 2020**

നവംബർ 13,14 തീയതികളിലായി അമേരിക്കയിലുള്ളവർക്കു വേണ്ടി ധ്യാനം നടന്നു. ബഹുമാനപ്പെട്ട ഡോമിനിക് അച്ചൻ വചന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജയ്സൺ, ബ്രദർ ജോസി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**കൃപാഭിഷേകം ഓൺലൈൻ കൺവെൻഷൻ**

നവംബർ 20,21,22 തീയതികളിലായി വൈകുന്നേരം 5 മണിമുതൽ രാത്രി 9.30 വരെ കൃപാഭിഷേകം കൺവെൻഷൻ ഓൺലൈനിലൂടെ നടത്തി. വിശുദ്ധ കുർബാനയ്ക്കും വചന പങ്കുവെയ്ക്കലിനും ബഹുമാനപ്പെട്ട ഡോമിനിക്കച്ചൻ നേതൃത്വം നൽകി. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജോബിൻസ്, ബ്രദർ ജെയ് സൺ, ബ്രദർ ജോസ്സി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**RESURRECTION**

"RESURRECTION" എന്ന ശുശ്രൂഷയിലൂടെ ബഹുമാനപ്പെട്ട ഡോമിനിക് അച്ചൻ എല്ലാദിവസവും മൂന്നുമണിക്ക് ദൈവവചന പ്രഘോഷണം YouTube ചാനലിലൂടെ പങ്കുവയ്ക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1:30 നും തിങ്കൾ വൈകിട്ട് 5നും , വ്യാഴം രാവിലെ 6:30 നും കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളി രാവിലെ 6:30നും

ചൊവ്വ രാവിലെ 6:30 നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തപ്പെടുന്നു.

**ഓൺലൈൻ ശുശ്രൂഷ**

മരിയൻ ധ്യാനകേന്ദ്രത്തിലൂടെ ഓൺലൈനായി കുരിശിന്റെ വഴി, വി. കുർബാന, വചനശുശ്രൂഷ, ആരാധന എന്നും വൈകിട്ട് 5 മുതൽ രാത്രി 8 വരെ നടന്നുകൊണ്ടിരിക്കുന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, റവ. ഫാ. മനു പുത്തൻവീട്ടിൽ എന്നിവർ നേതൃത്വം നല്കുകയും വചനം പങ്കുവയ്ക്കുകയും ചെയ്യുന്നു.


**മധ്യസ്ഥപ്രാർത്ഥനാസഹായം**

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥ പ്രാർത്ഥനകൾക്കായി ഫോണിലൂടെ ആവശ്യപ്പെടുന്നതിനായി സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

വിളിക്കേണ്ട ഫോൺ നമ്പറുകൾ 730 60 65 493, 730 60 86 060, 730 60 55 176, 952 60 22 215.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. മനു പുത്തൻവീട്ടിൽ**
**(സ്പിരിച്വൽ ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- ലോറേഞ്ചിലെ ഏതാനും മഠങ്ങളിൽ റിന്യൂവൽ പ്രോഗ്രാം നടത്തി.
- ചാമംപതാൽ പുഷ്പാരാം ഫോർമേഷൻ ഹൗസിൽ വച്ച് ഫോർമേഷൻ ഡേ ആഘോഷിച്ചു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. പോസ്റ്റുലൻസും നോവിസസും മിസ്ട്രസ്മാരും ഇതിൽ സംബന്ധിച്ചു.
- ജൂണിയർ സിസ്റ്റേഴ്സ്, ആസ്പിരൻസ്, കാൻഡിഡേറ്റ്സ് എന്നിവരെ ഉൾപ്പെടുത്തി ഫോർമേഷൻ ഡേ ആഘോഷം പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.
- പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലിയുടെ നാമഹേതുകതിരുനാൾ പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിച്ചു.
- **ആദരാഞ്ജലികൾ**

  സി. ജസ്റ്റിൻ സി.എം.സി. (97) കൊടിമരത്തുംമൂട്ടിൽ 21-11-2020 ശനിയാഴ്ച നിര്യാതയായി. കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് മഠാംഗമായ സിസ്റ്റർ അദ്ധ്യാപികയായി നീണ്ട വർഷക്കാലം കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് സ്കൂളിൽ സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്ക്കാരശുശ്രൂഷകൾ 22-11-2020 ഞായർ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തി കത്തീഡ്രൽ പള്ളി സെമിത്തേരിയിൽ സംസ്ക്കരിച്ചു.

- സി.എം.സി. വിഷൻ എന്ന യുട്യൂബ് ചാനലിലൂടെ സിസ്റ്റേഴ്സ് ആരാധനയും ധ്യാനങ്ങളും നടത്തുന്നു.

- മാർ മാത്യു വട്ടക്കുഴി പിതാവിന്റെ അനുസ്മരണാർത്ഥം കാഞ്ഞിരപ്പള്ളി രൂപതവിശ്വാസപരിശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ "വിശ്വാസപരിശീലനത്തിന്റെ കാലികപ്രസക്തി കോവിഡ് - 19 ഉയർത്തുന്ന ചോദ്യങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കി വിദഗ്ദ്ധർ നടത്തിയ സിമ്പോസിയത്തിൽ സി.എം.സി. സിസ്റ്റേഴ്സ് പ്രാർത്ഥനാഗാനം ആലപിക്കുകയും സംബന്ധിക്കുകയും ചെയ്തു.

- വി. ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെയും വി. എവുപ്രാസ്യാമ്മയുടെയും വിശുദ്ധപദപ്രഖ്യാപനദിനത്തോട് അനുബന്ധിച്ച് നവംബർ 22-ാം തീയതി പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലും ചാവറ-എവുപ്രാസ്യ വാരാചരണം ഉദ്ഘാടനം നടത്തുകയും നവംബർ 23-ാം തീയതി പ്രത്യേക പരിപാടികൾ ക്രമീകരിക്കുകയും ചെയ്തു. ഈ രണ്ടു വിശുദ്ധരെ അനുസ്മരിച്ചുകൊണ്ട് ഒരാഴ്ച നീണ്ടുനിൽക്കുന്ന കർമ്മപരിപാടികൾ മഠങ്ങളിലും ഇടവകകളിലും നടത്തി.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- ചേനപ്പാടി മഠത്തോടനുബന്ധിച്ച് പുതിയതായി നിർമ്മിച്ച ചാപ്പലിന്റെ ആശീർവാദകർമ്മം അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് നിർവ്വഹിച്ചു.

- ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സി. അമലയുടെ അദ്ധ്യക്ഷതയിൽ ലോക്കൽ സുപ്പീരിയേഴ്സിനായി സൂം മീറ്റിംഗ് നടത്തി.

- ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ സമ്പൂർണ്ണ ബൈബിൾ പാരായണത്തിൽ സി. റാണി ജോസ്, സി. അർപ്പിത എന്നിവർ പങ്കെടുത്തു.

- റവ. ഫാ. അലക്സ് CSsR ക്ലാസുകൾ നൽകി ജൂണിയർ സിസ്റ്റേഴ്സിനെ വ്രതവാഗ്ദാനത്തിന് ഒരുക്കി.
- വിവിധ സന്യാസിനീ സമൂഹങ്ങളിൽ പരിശീലനത്തിലായിരിക്കുന്നവരെ ഒരുമിച്ചു ചേർത്ത് പൊടിമറ്റം നിർമ്മല തിയോളജിക്കൽ കോളേജിൽ വച്ച് നടത്തിക്കൊണ്ടിരുന്ന ക്ലാസുകൾ പുനരുദ്ധരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനായി അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടത്തിയ മീറ്റിംഗിൽ സി. ജോസി ട്രീസാ പങ്കെടുത്തു.
- പ്രൊവിൻഷ്യൽ സി. അമല കാഞ്ചിയാർ, പരപ്പ്, സ്വരാജ്, മ്ലാമല, കീരിക്കര, പ്രൊവിൻഷ്യൽ ഹൗസ് എന്നീ മഠങ്ങളിൽ കാനോനിക സന്ദർശനം നടത്തി.
- റവ. ഫാ. ജോയി വള്ളോംകുന്നേലിന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കുകയും പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് സി. റ്റെസ് മരിയ, സി. ജോസി ട്രീസ എന്നിവരും അച്ചനോടൊപ്പം ഷിമോഗ മിഷനിൽ ശുശ്രൂഷകൾ നിർവ്വഹിച്ച മറ്റ് സിസ്റ്റേഴ്സും കോട്ടയത്ത് MCBS പ്രൊവിൻഷ്യൽ ഹൗസിൽ പോയി അന്തിമോപചാരം അർപ്പിച്ച് പ്രാർത്ഥിച്ചു.
- ഒന്നാം വർഷം നോവീസസിന് സി. സെലിൻ കുടിയിരിക്കൽ മുക്കാലി സ്റ്റഡി ഹൗസിൽ വച്ച് 10 ദിവസത്തെ ഡിറക്റ്റഡ് റിട്രീറ്റ് നടത്തി.
- മുക്കുളം, തെക്കേമല, പാലമ്പ്ര, പെരുവന്താനം എന്നീ ഇടവകകളിലെ നാലുകുടുംബങ്ങൾ സന്ദർശിച്ച് ഭവനനിർമ്മാണത്തിന് സംഭാവന നൽകി.
- നോവീസ് മിസ്ട്രസ് സി. ജൂലി നോവീസസ്സിന്റെ ഭവനങ്ങൾ സന്ദർശിച്ചു.
- അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് നിർമ്മലഗിരി, പെരുവന്താനം, നൊവിഷ്യറ്റ് ഹൗസ് എന്നീ മഠങ്ങളിൽ സൗഹൃദസന്ദർശനം നടത്തി.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- കോരൂത്തോട് സാരഥിയൂണിറ്റിലെ അംഗങ്ങൾക്ക് പച്ചക്കറികൃഷി ആരംഭിക്കുന്നതിനായി Grow Bag വാങ്ങാൻ സഹായം നൽകി.
- ബഹു. തോമസ്സ് മറ്റപ്പള്ളി അച്ചന്റെ നിര്യാണത്തിൽ പ്രൊവിൻഷ്യൽ ടീം മൃതദേഹം സന്ദർശിച്ച് പ്രാർത്ഥിച്ചു.
- ജനറൽ കൗൺസിലർ സി. അനിറ്റ് ചാലങ്ങാടി നടത്തിയ Eucharistic Apostolate Webminar -ൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. ദീപ്തി പച്ചിലംകാട്ടിലും രണ്ട് പ്രതിനിധികളും സംബന്ധിച്ച് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.
- ജനറൽ കൗൺസിലർ സി. ആനി കുറിച്ചിയിൽ നടത്തിയ Founders Cause Webminar -ൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. ആൻസി ചെറുശ്ശേരിയും പ്രതിനിധികളും സംബന്ധിച്ച് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.
- പൊൻകുന്നം മഠത്തിൽ കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് എത്തുകയും പ്രായമായ അമ്മമാരെ സന്ദർശിച്ച് പൈതൃകാശീർവ്വാദം നൽകുകയും ചെയ്തു.
- Voice of Nuns സംഘടിപ്പിച്ച Webinar-ൽ പ്രൊവിൻഷ്യൽ ടീം സംബന്ധിച്ചു.
- നിർമ്മലാ തിയളോജിക്കൽ കോളേജിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്താൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ മീറ്റിംഗിൽ ബഹു. പ്രൊവിൻഷ്യലമ്മ സംബന്ധിച്ചു.
- Educational Webminar - വിദ്യാഭ്യാസരംഗത്ത് വിദേശത്തും ,സ്വദേശത്തുമായി പ്രവർത്തിക്കുന്ന എല്ലാ സിസ്റ്റേഴ്സിനുമായി നടത്തിയ Zoom Meeting -ൽ എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു.

ബഹു. പ്രൊവിൻഷ്യലമ്മ ആമുഖ സന്ദേശവും, വിദ്യാഭ്യാസ കൗൺസിലർ സി. മെർളിൻ കാഞ്ഞിരത്തിങ്കൽ മുഖ്യപ്രഭാഷണവും നടത്തി.

- കോരൂത്തോട് ഇടവകയിൽ ഉൾപ്പെട്ട 3 വ്യക്തികൾക്ക് വീട് വയ്ക്കുന്നതിനായി മഠം വക സ്ഥലത്തുനിന്നും 16 സെന്റ് ഭൂമിയും, കട്ടപ്പനയിൽ വാടകയ്ക്ക് താമസിക്കുന്ന ഒരു വ്യക്തിക്ക് വണ്ടന്മേട് മഠം വക സ്ഥലത്തിന്റെ 10 സെന്റ് ഭൂമിയും ദാനമായി നൽകി.
- ബഹു. പ്രൊവിൻഷ്യലമ്മ ലോറേഞ്ച് ഭാഗങ്ങളിൽ ഉള്ള ഏതാനും മഠങ്ങളിൽ കാനോനികസന്ദർശനം നടത്തി.
- കൂരിയ ബിഷപ് അഭിവന്ദ്യ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ സൗഹൃദസന്ദർശനം നടത്തി.
- പുതുക്കിപ്പണിത എലിക്കുളം, പേഴുംപാറ മഠങ്ങളുടെ വെഞ്ചരിപ്പുകർമ്മം നടത്തി.
- പാസ്റ്ററൽ കൗൺസിൽ Webminar - ൽ ബഹു. പ്രൊവിൻഷ്യലമ്മ സംബന്ധിച്ചു.
- ഫൈനാൻസ് ഓഫീസേഴ്സിനായി FCRA സംഘടിപ്പിച്ച KLM Webminar - ൽ ബഹു.പ്രൊവിൻഷ്യലമ്മയും, സി. വിനീതയും സംബന്ധിച്ചു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റ പതിനഞ്ചാം ശ്രാദ്ധം കോവിഡ് മാനദണ്ഡം അനുസരിച്ചു നടത്തേണ്ട വിധം തീരുമാനിക്കാൻ, കട്ടപ്പന ഫൊറോനാ പള്ളി വികാരി ബഹുമാനപ്പെട്ട ഫാദർ ജോസഫ് തെക്കേവയലിന്റെ അധ്യക്ഷതയിൽ മീറ്റിംഗ് സെന്റ് ജോൺസ് ഹോസ്പിറ്റലിന്റെ കോൺഫറൻസ് ഹാളിൽ വച്ച് നടത്തി.
- സുപ്പീരിയർ ജനറൽ ബഹു. സിസ്റ്റർ മേഴ്സി തോമസ് SCJG ഓൺലൈൻ പാസ്റ്ററൽ കൗൺസിലിൽ പങ്കെടുത്തു.

- കട്ടപ്പന സാരഥി അംഗമായ സിബി സിറിയക്കിന്റെ വത്സല പിതാവിന്റെ നിര്യാണത്തിൽ ഭവനം സന്ദർശിച്ചു സിസ്റ്റേഴ്സ് അനുശോചനം രേഖപ്പെടുത്തി .
- നിത്യവ്രതവാഗ്ദാനത്തിനു ഒരുങ്ങുന്ന, സിസ്റ്റേഴ്സിനു ബഹു. ഫാദർ തോമസ്കുട്ടി OFM Cap. റിട്രീറ്റ് നടത്തി .
- ബഹു. ഫാദർ റോബിൻ വട്ടത്തറ ജൂനിയർ സിസ്റ്റേഴ്സിനു മൂന്നു ദിവസത്തെ ക്ലാസ് നടത്തി.
- ബ്രദർ ഫോർത്തുനാത്തൂസിന്റെ പതിനഞ്ചാം ശ്രാദ്ധചാരണ ദിവ്യബലിക്ക് കാഞ്ഞിരപ്പള്ളി രൂപത വികാരി ജനറാൾ പെരിയ ബഹു. ഫാദർ ബോബി മണ്ണംപ്ലാക്കൽ മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് കബറിടത്തിൽ പ്രാർത്ഥനയും നേർച്ച വിതരണവും നടത്തി .
- ബിഷപ്പ് എമരിത്തൂസ് അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് ബ്രദർ ഫോർത്തുനാത്തൂസിന്റ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു .
- ബ്രദർ ഫോർത്തുനാത്തൂസിന്റെ പതിനഞ്ചാം ശ്രാദ്ധദിനത്തോട് അനുബന്ധിച്ചു സെന്റ് ജോൺ ഓഫ് ഗോഡ് ഷെൽട്ടർ ഹോമിൽ വച്ച് ബ്രദർ ഫോർത്തുനാത്തൂസിനെക്കുറിച്ച് ക്വിസ്സ് മത്സരം നടത്തി .
- അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തിയ ദിവ്യബലിയോട് അനുബന്ധിച്ചു നാല് സിസ്റ്റേഴ്സ് തങ്ങളുടെ നിത്യവ്രതവാഗ്ദാനം നടത്തി.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- voice of nuns- ന്റെ ആഭിമുഖ്യത്തിൽ നടത്തിയ zoom മീറ്റിംഗിൽ പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു
- സന്യാസസമർപ്പണത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനായി കാരിസം ധ്യാനം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു

- സന്യാസസമർപ്പണത്തിന്റെ Silver, Golden ജൂബിലി ആഘോഷം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ദിവ്യബലി അർപ്പിച്ച് സഹോദരിമാർക്ക് അനുമോദന ആശംസകൾ നൽകി

- പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. മേരി ഫിലിപ്പ് എസ്. എച്ച് വണ്ടൻപതാൽ, കണ്ണിമല ഭവനങ്ങളിൽ കാനോനിക സന്ദർശനം നടത്തി

- നിർമ്മല തിയോളജിക്കൽ കോളേജിൽ ഈ വർഷത്തെ തിയോളജി ക്ലാസിനെ സംബന്ധിച്ച് പ്രൊവിൻഷ്യൽ സുപ്പീരിയേഴ് സിനായി അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ അധ്യക്ഷതയിൽ കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. മേരി ഫിലിപ്പ് എസ്. എച്ച് പങ്കെടുത്തു.

- കോവിഡ്19-ന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ സന്യാസാർത്ഥിനികൾക്കായുള്ള തിയോളജിക്കൽ ക്ലാസ് തൽക്കാലത്തേയ്ക്ക് എസ് എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് തുടങ്ങുവാൻ തീരുമാനിച്ചു.

- ഇരുപത്തിരണ്ടാമത് Renewal Assembly എസ് എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തപ്പെട്ടു. ഫാ. ജോയ് M C B S -ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ സി. മേരി ഫിലിപ്പ് എസ്. എച്ച്, റവ സിസ്റ്റർ ട്രീസ അല്ലേശ് എസ്. എച്ച് എന്നിവർ പങ്കെടുത്തു.

- രൂപത പ്രൊക്യുറേറ്റർ ബഹു. ഫാ. മാർട്ടിൻ വെള്ളിയാംകുളം അച്ചന്റെ ഫീസ്റ്റ് ആഘോഷം പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി. മേരി ഫിലിപ്പ് എസ്. എച്ച് ബഹുമാനപ്പെട്ട അച്ചന് ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നു.

- ഏദൻ പദ്ധതിയുടെ ഭാഗമായി കുറഞ്ഞചിലവിലുള്ള മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തിരുഹൃദയ ഭവനങ്ങളോട് ചേർന്ന്

അവിടേക്കാവശ്യമായുള്ള മത്സ്യകൃഷി നടത്തുവാനുള്ള സംരംഭത്തിന് തുടക്കം കുറിച്ചു. ഇത്തരത്തിൽ മേരികുളം, കട്ടപ്പന, പൊടിമറ്റം, കുറുമ്പൻമൂഴി, വണ്ടൻപതാൽ, ചെങ്കൽ എന്നിവിടങ്ങളിലായി 12 മത്സ്യക്കുളങ്ങൾ നിർമിക്കുകയും കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തു.

- കാരുണ്യഭവൻ ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി മുണ്ടക്കയം ഫൊറോനാപള്ളിക്കു സമീപം SABS സന്യാസിനീ ഭവനത്തിന്റെ സഹകരണത്തോടെ ഒരു നിർധന കുടുംബത്തിന് ഭവനം നിർമിക്കുവാൻ തീരുമാനിക്കുകയും പണികൾ ആരംഭിക്കുകയും ചെയ്തു.

---

## സ്നേഹസ്മരണയ്ക്ക്



**സി. ജസ്റ്റിൻ CMC**
**കൊടിമരത്തുംമൂട്ടിൽ**

| | |
|---|---|
| ജനനം | : 18/02/1923 |
| ആദ്യവ്രതം | : 17/05/1949 |
| നിത്യവ്രതം | : 1952 |
| മരണം | : 21/11/2020 |



**സി. ത്രേസ്യാമ്മ കാച്ചിറ SOM**
**(ചെങ്ങളം)**

| | |
|---|---|
| ജനനം | : 25/05/1959 |
| ആദ്യവ്രതം | : 1985 |
| നിത്യവ്രതം | : 1989 |
| മരണം | : 06/11/2020 |

# കെ.സി.എസ്.എൽ.

**വചനാഗ്നി**

LKG മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി 2 മിനിറ്റുകൊണ്ട് പരമാവധി ദൈവവചനങ്ങൾ പറയുക എന്ന മത്സരം സംഘടിപ്പിച്ചു. വചനങ്ങളുടെ എണ്ണം, വ്യക്തത എന്നിവയുടെ അടിസ്ഥാനത്തിൽ സമ്മാനങ്ങൾ ക്രമീകരിച്ചു. വിവിധ ക്ലാസുകളിലായി 7 വിഭാഗത്തിലാണ് മത്സരം ക്രമീകരിച്ചത്.

**കൂടുതൽ കുട്ടികൾ പങ്കെടുത്ത സ്കൂളുകൾ**

| | | |
|---|---|---|
| വണ്ടൻമേട് - സെന്റ് ആന്റണീസ് സ്കൂൾ | - 20 | കുട്ടികൾ |
| മ്ലാമല - ഫാത്തിമ മാതാ ഹൈസ്കൂൾ | - 10 | " |
| ചെറുവള്ളിക്കുളം - സെന്റ് ജോർജ് സ്കൂൾ | - 6 | " |
| കൊച്ചുതോവാള - സെന്റ് ജോസഫ്സ് സ്കൂൾ | - 6 | " |
| കാഞ്ചിയാർ - സെന്റ് മേരീസ് സ്കൂൾ | - 5 | " |

36 സ്കൂളുകളിൽ നിന്നായി 102 കുട്ടികൾ പങ്കെടുത്തു.

**ഉപവാസദിനം**

മിഷൻപ്രവർത്തനങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചും, ഫാ. സ്റ്റാൻ സ്വാമിയുടെ മോചനം ആവശ്യപ്പെട്ടുകൊണ്ടും, മിഷനറിമാർ നേരിടുന്ന വെല്ലുവിളികൾക്കെതിരെയും കെ.സി.എസ്.എൽ കുട്ടികളും, ആനിമേറ്റേഴ്സും 2020 ഒക്ടോബർ 23-ാം തീയതി ഉപവാസദിനമായി ആചരിച്ചു.

**ലേഖന മത്സരം**

കോവിഡ് അധ്യാപനത്തിന്റെ സാധ്യതകളും വെല്ലുവിളികളും

എന്ന വിഷയത്തിൽ അധ്യാപകർക്കായി നടത്തിയ ലേഖന മത്സ രത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു.

ഒന്നാം സമ്മാനം : 1001 രൂപ

മാർട്ടിൻ ജോസഫ്, സെന്റ് ഫിലോമിനാസ് എച്ച്. എസ്.എസ് ഉപ്പുതറ

രണ്ടാം സമ്മാനം : 751 രൂപ

സജിൻ സ്കറിയ ചെരിപുറം, സെന്റ് ഫിലോമിനാസ് എച്ച്. എസ്.എസ്, ഉപ്പുതറ

മൂന്നാം സമ്മാനം : 501 രൂപ

ലൈമ ജോർജ്ജ്, ഫാത്തിമമാതാ എച്ച്. എസ്, മ്ലാമല

**Instrumental Music Competion**

കുട്ടികൾക്കായി വാദ്യോപകരണമത്സരം നടത്തപ്പെടുകയും കീ ബോർഡ്, ഗിറ്റാർ, വയലിൻ എന്നീ ഇനങ്ങളിൽ കുട്ടികൾ പങ്കെടു ക്കുകയും ചെയ്തു.

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

## കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

### പ്രതിഷേധിച്ചു

താമരശ്ശേരി, പാലാ രൂപതകളിലെ തീർത്ഥാടനസ്ഥലങ്ങളിൽ സ്ഥാപിച്ചിരുന്ന വിശുദ്ധ കുരിശിനെ അവഹേളിക്കുകയും ക്രൈസ്തവമതവിശ്വാസത്തെ ആക്ഷേപിക്കുകയും ചെയ്ത സാമൂഹ്യവിരുദ്ധരുടെ നടപടിയിൽ കത്തോലിക്കാ കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാസമിതി പ്രതിഷേധം രേഖപ്പെടുത്തി. പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ജെയിംസ് പെരുമാകുന്നേൽ, റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ജോജോ തെക്കുംചേരിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

### സഭാനിലപാടിനൊപ്പം നിൽക്കാം

സാമ്പത്തിക സംവരണം, വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സീറോ മലബാർ സഭാ നേതൃത്വത്തിന്റെ നിലപാടുകൾക്കൊപ്പം അടിയുറച്ചു നിൽക്കുമെന്ന് കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതിയോഗം തീരുമാനിച്ചു.

### മെമ്പർഷിപ്പ് കാമ്പയിൻ

കത്തോലിക്കാ കോൺഗ്രസ് 2020 – 23 വർഷത്തേയ്ക്കുള്ള മെമ്പർഷിപ്പ് കാമ്പയിനിന് നവംബർ ഒന്നിന് തുടക്കം കുറിച്ചു. രൂപതാതല ഉദ്ഘാടനം വെളിച്ചിയാനി ഫൊറോനയിലെ മാങ്ങാപ്പാറ നിത്യസഹായമാതാ യൂണിറ്റിൽ ജോ പന്തലാനിക്കൽ, ബീനാ ഷാജി അരിമറ്റംവയൽ എന്നിവർക്ക് നൽകിക്കൊണ്ട് രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി നിർവ്വഹിച്ചു. വികാരി ഫാ. സിബി കുരിശുംമൂട്ടിൽ അദ്ധ്യക്ഷത വഹിച്ചു. സമൃദ്ധിയുടെ ഏദൻതോട്ടം

മത്സരത്തിന്റെ മൂന്നാംഘട്ടപ്രവർത്തനങ്ങളുടെ ഭാഗമായുള്ള പച്ചക്കറി വിത്തുകളുടെ ഉദ്ഘാടനം രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ നിർവ്വഹിച്ചു. ജനറൽ സെക്രട്ടറി റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, ഫൊറോന പ്രസിഡന്റ് അരുൺ ആലയ്ക്കാപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു.

എരുമേലി ഫൊറോനയിലെ കൊല്ലമുള മരിയഗോരേത്തി ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് മെമ്പർഷിപ്പ് കാമ്പയിൻ ജോർജ് ആലപ്പാട്ടിന് മെമ്പർഷിപ്പ് നൽകിക്കൊണ്ട് അസി. വികാരി ഫാ. പ്രിയേഷ് ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, കെ.എം. മാത്യു കാനാട്ട്, ഒ.റ്റി. വർഗീസ്, ജോഷി ജെയിംസ്, കെ.ജെ. തോമസ് കിഴക്കേമുറി, ഷാജി തോമസ് പ്ലാത്തോട്ടത്തിൽ, തോമസുകുട്ടി പരിന്തിരിക്കൽ എന്നിവർ പ്രസംഗിച്ചു.

പടനിലം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ മെമ്പർഷിപ്പ് കാമ്പയിൻ ഷാജി കുമ്പളാനിയിലിന് മെമ്പർഷിപ്പ് നൽകിക്കൊണ്ട് വികാരി ഫാ. ജോസഫ് കൊച്ചുവീട്ടിൽ നിർവ്വഹിച്ചു. രൂപതാ സെക്രട്ടറി ടെസി ബിജു പാഴിയാങ്കൽ, സാബു വെട്ടുവേലിൽ, ജോബിൻ വടക്കേനാത്ത്, ജെയിംസ് തകിടിയേൽതാഴെ എന്നിവർ പങ്കെടുത്തു.

ആനക്കല്ല് സെന്റ് ആന്റണീസ് ഇടവകയിൽ മെമ്പർഷിപ്പ് വിതരണം നടത്തി. വികാരി ഫാ. ഡാർവിൻ വാലുമണ്ണേൽ ഉദ്ഘാടനം ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ഫൊറോന പ്രസിഡന്റ് ജോസ് മടുക്കക്കുഴി, സോണി കോഴിമല, ഷീലാ തോമസ് തൂമ്പുങ്കൽ, ജോൺസൺ തൊടുകയിൽ, സിബി തൂമ്പുങ്കൽ, ബിനോയ് നെല്ലരി എന്നിവർ പങ്കെടുത്തു.

ചിറക്കടവ് താമരക്കുന്ന് ഇടവകയിലെ മെമ്പർഷിപ്പ് വിതരണ ഉദ്ഘാടനം വികാരി ഫാ. ജോൺ വെട്ടുവേലിൽ നിർവഹിച്ചു. അസി. വികാരി ഫാ. സൂരജ് കടവിൽ, ബർക്കുമാൻസ് പൂവത്തുംമൂട്ടിൽ,

രൂപതാ വൈസ് പ്രസിഡന്റ് സിനി ജിബു നീറനാക്കുന്നേൽ, ടോമിച്ചൻ പാലമുറി, ടോണി വടക്കേൽ എന്നിവർ പ്രസംഗിച്ചു.

മണിപ്പുഴ ക്രിസ്തുരാജ് ഇടവകയിൽ മെമ്പർഷിപ്പ് കാമ്പയിൻ ബേബിച്ചൻ ളാമണ്ണിലിന് നൽകി വികാരി ഫാ. മാത്യു കാരിമറ്റം ഉദ്ഘാടനം ചെയ്തു. ജെയിംസ് പെരുമാക്കുന്നേൽ, ജോസ് പുത്തേട്ട്, ടി.കെ. മാത്യു താഴത്തുവീട്ടിൽ, എം.സി. ചാക്കോ മുണ്ടപ്ലാക്കൽ എന്നിവർ പങ്കെടുത്തു.

കാരികുളം ഫാത്തിമമാതാ ഇടവകയിൽ വികാരി ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ മാർട്ടിൻ ജെയിംസ് കുളിരുപ്ലാക്കലിനും രൂപതാ വൈസ് പ്രസിഡന്റ് ആൻസി സാജൻ പുന്നമറ്റം ദീപാ ബിജു സ്രാമ്പിക്കലിനും നൽകി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് സിബി ശൗര്യാംകുഴി, സെക്രട്ടറി സിജോ മൊളോപ്പറമ്പിൽ, ജെഫിൻ പ്ലാപ്പള്ളിൽ എന്നിവർ പ്രസംഗിച്ചു.

കപ്പാട് മാർ സ്ലീവാ ഇടവകയിൽ മെമ്പർഷിപ്പ് കാമ്പയിൻ ഉദ്ഘാടനം വികാരി ഫാ. സെബാസ്റ്റ്യൻ കൊല്ലുംകുന്നേൽ, സ്വപ്നിൽ കല്ലംകുളങ്ങരയ്ക്ക് നൽകി നിർവ്വഹിച്ചു. ഫൊറോന പ്രസിഡന്റ് ജോസ് മടുക്കക്കുഴി, ജോബി തെക്കുംചേരിക്കുന്നേൽ, ജോൺസൺ പന്തപ്ലാക്കൽ, പ്രിൻസ് ചാക്കോ തുണ്ടത്തിൽ എന്നിവർ പങ്കെടുത്തു.

വെളിച്ചിയാനി സെന്റ് തോമസ് ഇടവകയിൽ മെമ്പർഷിപ്പ് വിതരണം വികാരി ഫാ. ജെയിംസ് മുത്തനാട്ട് 11 പേർക്ക് അംഗത്വം നൽകി നിർവ്വഹിച്ചു. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, യൂണിറ്റ് പ്രസിഡന്റ് ജസ്റ്റിൻ നന്തികാട്ടുപടവിൽ, സെക്രട്ടറി ബോബി കോഴിമല എന്നിവർ പ്രസംഗിച്ചു.

കറിക്കാട്ടൂർ സെന്റ് ആന്റണീസ് ഇടവകയിൽ വികാരി ഫാ. ജോസുകുട്ടി ഇടത്തിനകം ജീനാ കുരിശുംമൂട്ടിലിനും വനിതാ ഫോറം രൂപതാ പ്രസിഡന്റ് മിനി സണ്ണി മണ്ണംപ്ലാക്കൽ, ട്രീസാ പെരുമ്പെട്ടിക്കുന്നേലിനും നൽകി ഉദ്ഘാടനം ചെയ്തു. കർഷകഫോറം രൂപതാ

പ്രസിഡന്റ് സണ്ണിക്കുട്ടി അഴകമ്പ്രായിൽ, യൂണിറ്റ് പ്രസിഡന്റ് റെജി വാളിപ്ലാക്കൽ എന്നിവർ പ്രസംഗിച്ചു.

കട്ടപ്പന സെന്റ് ജോർജ് ഫൊറോനയിൽ കത്തോലിക്ക കോൺഗ്രസ് പ്രവർത്തനങ്ങൾക്ക് തുടക്കമായി. നവംബർ 8–ന് കട്ടപ്പന സെന്റ് ജോർജ് പാരീഷ് ഹാളിൽ നടന്ന ഫൊറോന രൂപീകരണ യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഫ്രാൻസിസ് ജോസഫ് പെരികിലക്കാട്ടിലിന് മെമ്പർഷിപ്പ് നൽകി ഉദ്ഘാടനം ചെയ്തു.

ഫൊറോനാ വികാരി ഫാ. വിൽഫിച്ചൻ തെക്കേവയലിൽ കട്ടപ്പന യൂണിറ്റ് രൂപീകരണം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാകുന്നേൽ, രൂപതാ സമിതിയംഗം ഷാജി പുതിയാപറമ്പിൽ, ജോഷി വർഗീസ് പുത്തൻപുരയ്ക്കൽ, തോമസ് കാവുങ്കൽ, ടോമി എബ്രാഹം വേഴമ്പത്തോട്ടം എന്നിവർ പ്രസംഗിച്ചു. സമൃദ്ധിയുടെ ഏദൻതോട്ടം പച്ചക്കറി കൃഷിയുടെ ഭാഗമായി പച്ചക്കറി വിത്തുകൾ രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ വികാരി ഫാ. വിൽഫിച്ചൻ തെക്കേവയലിന് കൈമാറി.

**തിരഞ്ഞെടുത്തു**

കേരളാ കാത്തലിക്ക് കൗൺസിലിലേക്ക് വനിതാ പ്രതിനിധിയായി കത്തോലിക്ക കോൺഗ്രസ് വനിതാഫോറം കാഞ്ഞിരപ്പള്ളി രൂപതാ പ്രസിഡന്റായ മിനി സണ്ണി മണ്ണംപ്ലാക്കലിനെ തിരഞ്ഞെടുത്തു. അഭിനന്ദനങ്ങൾ.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- ദളിത്ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുക. എൻ.ഡി.എഫ്. കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിൽ ദളിത് ക്രൈസ്തവർക്ക് അനുകൂലമായി പറഞ്ഞ പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ പാലിക്കുക എന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിയേറ്റ് പടിക്കൽ നവംബർ 6-ന് ധർണയും ഉപവാസസമരവും നടത്തി. തിരുവനന്തപുരം രൂപത ലത്തീൻ ആർച്ച് ബിഷപ്പ് റവ. ഡോ. സൂസാപാക്യം പിതാവ് ധർണ ഉദ്ഘാടനം ചെയ്തു. ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ, ബിഷപ്പ് സെൻവിസ്റ്റൻ പൊന്നുമുത്തൻ, ബിഷപ്പ് ക്രിസ്തുദാസ് എന്നിവർ പങ്കെടുത്തു. കാഞ്ഞിരപ്പള്ളി രൂപതയിൽനിന്നും രൂപതാപ്രസിഡന്റ് വിൻസെന്റ് ആന്റണി, ഓർഗനൈസർ ഷാജി ചാച്ചിങ്കൽ എന്നിവർ പങ്കെടുത്തു.
- നവംബർ 1-ാം തീയതിയും നവംബർ 22-ാം തീയതിയും ഡി.സി.എം.എസ്. സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ Zoom meeting നടത്തി. പഞ്ചായത്ത് ഇലക്ഷൻ, ഡി.സി.എം.എസ്. തിരഞ്ഞെടുപ്പ്, സാമ്പത്തികസംവരണം എന്നീ വിഷയങ്ങൾ ചർച്ചചെയ്തു. രൂപത കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.
- ഡി.സി.എം.എസ്. രൂപതാ സമിതിയുടെ നേതൃത്വത്തിൽ ഡി.സി.എം.എസ്. അംഗങ്ങൾക്ക് പച്ചക്കറിത്തോട്ടം മത്സരം നടത്തുന്നു. നല്ല പച്ചക്കറിത്തോട്ടത്തിന് സമ്മാനങ്ങൾ നൽകുന്നതാണ്.
- T.S.D.T.P. (Talent and Skill Development Training Programme) ലേക്ക് തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ Zoom meeting നടത്തി.

**ഫാ. ജോസുകുട്ടി ഇടത്തിനകം**

**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

കാഞ്ഞിരപ്പള്ളി രൂപതാ ഫ്രാൻസിസ്ക്കൻ അൽമായ സഭാംഗങ്ങൾ നവംബർ മാസത്തിൽ സാധിക്കുന്നത്രയും ആളുകൾ ദൈവാലയത്തിൽ ദിവ്യബലിയിൽ പങ്കെടുക്കുകയും സിമിത്തേരി സന്ദർശിച്ച് മരിച്ച ആത്മാക്കൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

കേരളാ അസ്സീസി എന്ന് അറിയപ്പെടുന്ന ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ചരമവാർഷികദിനമായിരുന്ന നവംബർ ഒന്നാം തീയതി എടത്വാപള്ളിയിലുള്ള കബറിടം സന്ദർശിച്ചും അല്ലാതെയും പ്രത്യേക പ്രാർത്ഥനകൾ നടത്തി.

കോവിഡ് 19 എന്ന മഹാമാരിയെ നിയന്ത്രിച്ച് കീഴടക്കുന്നതിനും പ്രതിരോധമരുന്നുകൾ എത്രയും വേഗം കണ്ടുപിടിച്ച് ആളുകളിൽ എത്തിക്കുന്നതിനും വേണ്ട ദൈവകരുണയ്ക്കായി യാചിച്ചുകൊണ്ട് ഉപവാസപ്രാർത്ഥനകൾ നടത്തി.

2020-ലെ ക്രിസ്തുമസ് ഉണ്ണിമിശിഹായുടെ പ്രത്യേക അനുഗ്രഹങ്ങൾ നേടുന്നതിനായി ത്യാഗമനോഭാവത്തോടെ ഇഷ്ടഭക്ഷണങ്ങൾ ത്യജിച്ചും ദാനധർമ്മങ്ങൾ നൽകിയും കരുണ ആഗ്രഹിക്കുന്നവരോട് കരുണയായിരുന്നും ഈ വർഷത്തെ ക്രിസ്തുമസ് ദൈവാനുഭവം നിറഞ്ഞതാക്കി മാറ്റണമെന്ന് ഓർക്കുമല്ലോ.

ഫ്രാൻസിസ്ക്കൻ അൽമായ സഭ കാഞ്ഞിരപ്പള്ളി രൂപതാ വിവാഹസഹായനിധിയിലേക്ക് അഞ്ചിലിപ്പ ഭാതൃത്വഅംഗം ബ്രദർ സി. ഫിലിപ്പോസ് ഏറത്തയിൽ അൻപതിനായിരംരൂപാ സഹായം നൽകിയതിനെ നന്ദിയോടെ ഓർക്കുന്നു.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് കോൺഫ്രൻസുകൾ വളരെ കുറച്ച് അംഗങ്ങളെ കൂട്ടി ഇടവകയിലെ ബഹുമാനപ്പെട്ട വികാരിമാരുമായി ചർച്ച ചെയ്ത് കൂടാൻ സാധിക്കുമെങ്കിൽ കൂടേണ്ടതാണ്. ദത്തുകുടുംബസഹായവും മറ്റ് അടിയന്തിരമായി നൽകേണ്ട സഹായവും മുടക്കം കൂടാതെ ചെയ്യേണ്ടതാണ്.

2020 ഒക്ടോബർ 25 – ന് രാവിലെ 10.30 ന് കൂടുന്നതിന് തീരുമാനിച്ചിരുന്ന സി സി ഓൺലൈൻ മീറ്റിംഗ് ചില അപ്രതീക്ഷിത സാഹചര്യങ്ങളാൽ മാറ്റി വയ്ക്കേണ്ടി വന്നു. മാറ്റി വച്ച മീറ്റിംഗ് 2020 ഡിസംബർ മാസത്തെ ആദ്യ ഞായറാഴ്ചയായ 2020 ഡിസംബർ 6–ന് രാവിലെ പതിവുപോലെ 10.30–ന് zoom വഴി കൂടുന്നതാണ്. തീരുമാനങ്ങൾ മീറ്റിംഗിനുശേഷം വാട്സ്ആപ്പ് വഴി അറിയിക്കുന്നതാണ്. പുതിയതായി ആരംഭിച്ചിട്ടുള്ള ssvpkanjirapallycc എന്ന വാട്സ്ആപ്പ് ഗ്രൂപ്പിൽ ഫോണിൽ വാട്സ്ആപ്പ് ഉള്ള എല്ലാ കോൺഫ്രൻസ് പ്രസിഡന്റുമാരും അംഗങ്ങളാകേണ്ടതാണ്. കോൺഫ്രൻസ് പ്രസിഡന്റുമാർ അവരുടെ വാട്സ്ആപ്പ് നമ്പർ എത്രയും പെട്ടെന്ന് എസി പ്രസിഡന്റുമാർ മുഖേനയോ, സിസി സെക്രട്ടറിയെ 9946060939 എന്ന വാട്സ്ആപ്പ് നമ്പരിലോ അറിയിക്കേണ്ടതാണ്. കോൺഫ്രൻസുകൾക്ക് ഇനിയുള്ള സിസി അറിയിപ്പുകൾ വാട്സ്ആപ്പ് വഴിയായിരിക്കും നൽകുക. ആയതിനാൽ കോൺഫ്രൻസ് പ്രസിഡന്റുമാർക്ക് വാട്സ്ആപ്പ് ഇല്ലാത്തപക്ഷം കോൺഫ്രൻസിൽ വാട്സ്ആപ്പ് ഉള്ള ഏതെങ്കിലും ഭാരവാഹിയുടെ നമ്പർ നൽകിയാലും മതിയാകും.

2020–21 വർഷത്തേയ്ക്കുള്ള HES/TVTS വിദ്യാഭ്യാസ സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷകൾ പൂരിപ്പിച്ച് സിസിയിൽ എത്തിക്കേണ്ട അവസാന തീയതി ഡിസംബർ 5 ആണ്. കഴിഞ്ഞ വർഷത്തെ ഫോമിൽ തന്നെ അപേക്ഷിച്ചാൽ മതിയാകും. 2019–20 വർഷത്തിൽ സ്കോളർഷിപ്പ് കിട്ടിയവർ കംപ്ലീഷൻ സർട്ടിഫിക്കറ്റ് എത്രയും പെട്ടെന്ന് നിർബന്ധമായും സിസിയിൽ എത്തിക്കേണ്ടതാണ്.

**സെക്രട്ടറി**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

**Saints Web Series**

വിമലയുടെ ജൈത്രയാത്രയിൽ മറ്റൊരു പൊൻതൂവൽകൂടി! കുട്ടികളുടെ ബൈബിളും വിശുദ്ധരുടെ ധന്യചരിതമാലയും യൂട്യൂബിൽ ജീവൻ തുടിക്കുന്ന ദൃശ്യാവിഷ്കാരരൂപത്തിൽ... കുട്ടികൾക്കും മുതിർന്നവർക്കും.. ബൈബിൾ സാരാംശങ്ങളും വിശുദ്ധ മാതൃകകളും കണ്ടും കേട്ടും പുണ്യജീവിതം ഹൃദയത്തിൽ സംഗ്രഹിക്കത്തക്കവിധം ജീവനുള്ള ആവിഷ്കാരം...

ഡിജിറ്റൽയുഗത്തിൽ കുട്ടികളിൽ നന്മ വിതയ്ക്കാൻ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും വഴികാട്ടാൻ വിശുദ്ധരുടെ കഥകൾ വെബ്സീരിസ് പരമ്പരയായി. വി.മദർതെരേസ അരങ്ങിലെത്തി. യൂട്യൂബിൽ വിമലപബ്ലിക്കേഷൻ ചാനൽ സന്ദർശിക്കുക. വി. അൽഫോൻസാ, വി.ചാവറയച്ചൻ, വി. എവുപ്രാസിയാമ്മ, വി. മറിയംത്രേസ്യാ അണിയറയിൽ.... ഏവർക്കും പ്രചോദനമേകുന്ന ദൃശ്യവിരുന്ന് കാണുക... പ്രോത്സാഹിപ്പിക്കുക...

**പുത്തൻപുസ്തകം**

**1. ശ്രീയോലും കുടുംബം : ഫാ. പോൾ വടക്കേത്ത്**

പേജ് :192 / പതിപ്പ് :1

എല്ലാ ഗുണഗണങ്ങളുടെയും പ്രഭവസ്ഥാനമാകേണ്ട കുടുംബം. ദൈവം യോജിപ്പിച്ചുവെന്നതാണ് കുടുംബത്തിന്റെ സ്ഥായീഭാവം. തന്റെ കൃപ നല്കി സ്ത്രീയെയും പുരുഷനെയും ദമ്പതികളായി ഒന്നിപ്പിച്ചവന്റെ നിറസാന്നിധ്യം ബന്ധങ്ങളിൽ, സാഹചര്യങ്ങളിൽ, അനുഭവങ്ങളിൽ സജീവമായി നിലനിറുത്തുമ്പോഴാണു കുടുംബം 'ശ്രീത്വ'മുള്ളതാകുന്നത്. ഇപ്രകാരം ദൈവകൃപയുള്ള, "ശ്രീയോലും കുടുംബം" രൂപപ്പെടുത്തുന്നതിന് മാർഗ്ഗനിർദ്ദേശമേകുന്ന ഉത്തമഗ്രന്ഥം.

**2. അതു ഞാൻ തന്നെ : ഫാ.അഗസ്റ്റിൻ കടേപ്പറമ്പിൽ**

പേജ്:203/ വില: 200/ പതിപ്പ്:1

ധ്യാനത്തിനും ജ്ഞാനവായനയ്ക്കും പ്രബോധനത്തിനും ഉപകരിക്കുന്ന ആധ്യാത്മികവിഷയങ്ങൾ. വചനശുശ്രൂഷയ്ക്കും പഠനക്കളരികൾക്കും ഉപയുക്തം. സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിൽ അധിഷ്ഠിതമായ, വിശുദ്ധഗ്രന്ഥ ദൈവശാസ്ത്ര വിഷയങ്ങളുടെ പ്രതിപാദനം. സഭ മുൻപോട്ട് എങ്ങനെ ചരിച്ചുവെന്നും, വിശ്വാസ ധാർമ്മിക പ്രതിസന്ധിമധ്യേ എപ്രകാരം പരിപാലിക്കപ്പെട്ടുവെന്നും ഇതിൽ വ്യക്തമാക്കുന്നു. പാരമ്പര്യവും വിശുദ്ധഗ്രന്ഥവും അനുദിന ജീവിതഭാഗമെന്ന തിരിച്ചറിവും ഇതിലൂടെ ലഭിക്കുന്നു. ദൈവശാസ്ത്ര-ആധ്യാത്മിക വിചാരങ്ങൾക്ക് ഊർജ്ജം പകരുന്ന വലിയൊരു സംഭാവനയാണീ കൃതി.

**3. എന്റെ കർത്താവേ എന്റെ ദൈവമേ : ഡോ. ആന്റണി കല്ലമ്പള്ളി**

പേജ്:92/ വില:95/ പതിപ്പ്:1

ഹൃദയ നൈർമ്മല്യത്തോടെ ദൈവത്തെ വിളിച്ചപേക്ഷിച്ചാൽ അവിടുന്ന് നമ്മെ അനുഗ്രഹിക്കും. ഉത്തമ വിശ്വാസത്തോടെയുള്ള പ്രാർത്ഥനയുടെ ശക്തിയും ഉജ്വല വിജയവും ആധ്യാത്മിക ജ്ഞാനത്തിലൂന്നിയും അനുഭവത്തിലൂടെയും ഉത്തമബോധ്യത്തോടെ അണിയിച്ചൊരുക്കിയിരിക്കുന്നു. പഠനത്തിനും പ്രാർത്ഥനയ്ക്കും ആധ്യാത്മിക വിചിന്തനത്തിനും ‘എന്റെ കർത്താവേ എന്റെ ദൈവമേ’ എന്ന കൃതി സഹായകമാകും.

**3. മഞ്ഞുപോലെ : ഫാ.ഷാജി പുതുപ്പറമ്പിൽ**

വചനാധിഷ്ഠിതമായ ചിന്തകൾ ചെറുകഥയിലൂടെ അനുഭവങ്ങളിലൂടെ ലളിതസുന്ദരപദവിന്യാസത്തിലൂടെ അർത്ഥവത്തായ ചിത്രകലാവിഷ്കാരത്തിലൂടെ വിചിന്തനത്തിനായി സമാഹരിച്ചിരിക്കുന്നു. കുട്ടികൾക്കും മുതിർന്നവർക്കും സന്യസ്തർക്കും ധ്യാനത്തിനും പഠനത്തിനും പ്രബോധനത്തിനും ഉപകരിക്കുന്ന ഉത്തമകൃതി.

**ഫാ. ജസ്റ്റിൻ മതിയത്ത്**
**അസി. ഡയറക്ടർ**

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**ഡയറക്ടർ**

# Special Care Homes & Charitable Institutions

## ചൈൽഡ് ലൈൻ (1098)

ഒക്ടോബർ-നവംബർ മാസത്തിൽ 20 കേസുകൾ റിപ്പോർട്ട് ചെയ്തു. റിപ്പോർട്ട് ചെയ്ത കേസുകൾ CWC (ചൈൽഡ് വെൽഫയർ കമ്മിറ്റി)യിൽ കൊടുത്തു. CWC ആവശ്യമായ നടപടികൾ സ്വീകരിച്ചു. 2 കുട്ടികൾക്ക് കൗൺസിലിംഗ് നടത്തുകയും ചെയ്തു. ഫോണിലൂടെ Case follow-up കൾ നടത്തുകയും ചെയ്തു.

## Open House

കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ 5-ാം വാർഡ് ആനക്കല്ല് ഭാഗത്തുള്ള അംഗൻവാടി വർക്കേഴ്സ്-ന്റെ സഹായത്തോടെ കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ നേരിട്ട് അവതരിപ്പിക്കാനുള്ള ഒരു വേദി "Open House" എന്ന പരിപാടി ഓൺലൈനിലൂടെ നടത്തി. 5-ാം വാർഡ് മെമ്പർ ശ്രീമതി ഷീല തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പരിപാടിയിൽ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷക്കീല നസീർ, കാഞ്ഞിരപ്പള്ളി സി.ഐ., C.D.S., A.D.S. മെമ്പേഴ്സ് എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു. കാഞ്ഞിരപ്പള്ളി എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ശ്രീ. ജോഷി ലഹരി വസ്തുക്കൾകൊണ്ടുള്ള അമിതമായ ദുരുപയോഗം അടിസ്ഥാനമാക്കി ക്ലാസ് നയിച്ചു. 30 കുട്ടികളോളം പരിപാടിയിൽ പങ്കെടുത്തു. ചൈൽഡ് ലൈൻ പ്രവർത്തകർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

## ശിശുദിന വാരാഘോഷം

ശിശുദിനത്തോടനുബന്ധിച്ച് കോട്ടയം ചൈൽഡ് ലൈന്റെ ആഭിമുഖ്യത്തിൽ കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ മേധാവികളുമായി സംസാരിക്കാൻ ഒരു അവസരം ഓൺലൈനിലൂടെ ഒരുക്കി. "ബാലസൗഹൃദജില്ല" എന്ന ആശയം മുൻനിർത്തി ആണ് ഈ പരിപാടികൾക്ക് തുടക്കം കുറിച്ചത്. കുട്ടികൾക്ക് അവരുമായി

ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനും പേടികൂടാതെ അധികാരികളുമായി ആശയവിനിയമം നടത്തുന്നതിനും ഒരു അവസരം ഒരുക്കുകകൂടിയാണ് ഈ പ്രോഗ്രാമിലൂടെ ലക്ഷ്യം ഇട്ടത്.

ജില്ലാ കളക്ടർ ശ്രീമതി എം. അഞ്ജന, ജില്ലാ സബ് ജഡ്ജ് ശ്രീ. മഹേഷ് ജി., ജില്ലാ ഉപവിദ്യാഭ്യാസ ഡയറക്ടർ ശ്രീമതി ഷൈലാ വി. ആർ., ചൈൽഡ് വെൽഫെയർ കമ്മറ്റി മെമ്പർ സിസ്റ്റർ ജ്യോതിസ്, ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് മെമ്പർ ശ്രീമതി മല്ലിക എന്നിവരും ആയിട്ടാണ് കുട്ടികൾ സംവാദം നടത്തിയത്. 75 കുട്ടികളോളം പരിപാടിയിൽ പങ്കെടുത്തു. ചൈൽഡ് ലൈൻ സ്റ്റാഫ് പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

ചൈൽഡ് കെയർ സ്ഥാപന മേധാവികൾക്ക് പരിശീലനം (വിമുക്തി), ലഹരിവിരുദ്ധ ബോധവത്ക്കരണം, അന്താരാഷ്ട്ര ബാലാവകാശ ദിനാചരണം, പ്രസംഗമത്സരം, ചാച്ചാജിയെ അനുകരിച്ച് ഫാൻസിഡ്രസ്സ് മത്സരം, ബാലസൗഹൃദമണ്ഡലകാലം, എരുമേലി ടൗണിലും, വ്യാപാര സ്ഥാപനങ്ങളിലും ബോധവത്ക്കരണം, സഞ്ചാരി കോട്ടയം യൂണിറ്റിന്റെ നേതൃത്വത്തിൽ World Day Against Child Abuse-ന്റെ ഭാഗമായി Ride for Safe Childhood പ്രോഗ്രാമും നടത്തി. പാലാ എക്സൈസ് ഓഫീസിൽ നിന്നും ആരംഭിച്ച യാത്ര, തിരുവഞ്ചൂർ ശിശുക്ഷേമ സമിതിയിലും കോട്ടയം ബി.സി.എം. കോളേജിലും സ്വീകരണം ഏറ്റുവാങ്ങി ചങ്ങനാശ്ശേരിയിൽ അവസാനിച്ചു. ഈ പരിപാടികൾ ശിശുദിനവാരാഘോഷപരിപാടികൾക്ക് മാറ്റുകൂട്ടി.

**STEP (Students Training and Education Programme)**

കാഞ്ഞിരപ്പള്ളി രൂപതയിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പഠനസഹായവും പരിശീലനവും നല്കുന്ന STEP പ്രോഗ്രാമിന്റെ ഈ വർഷത്തെ മീറ്റിംഗ് കോവിഡ്-19 പ്രതിസന്ധിമൂലം നവംബർ മാസത്തിൽ 3 സോണുകളിൽ നടത്തി. കാഞ്ഞിരപ്പള്ളി, മേരികുളം, കട്ടപ്പന എന്നീ മേഖലകളിൽ ഉള്ള 400 ഓളം കുട്ടികൾക്ക് പഠനസഹായവും Be Able Product - കോവിഡ് ഡിറ്റർജന്റ് കിറ്റുകളും വിതരണം ചെയ്തു.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**കോവിഡ് – 19 ടാസ്ക് ഫോഴ്സിന് ആദരം**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയും കാഞ്ഞിരപ്പള്ളി രൂപതാ സീറോ മലബാർ യൂത്ത് മൂവ്മെന്റും (എസ്.എം.വൈ.എം) സംയുക്തമായി രൂപീകരിച്ച കോവിഡ് – 19 ടാസ്ക് ഫോഴ്സിലെ അംഗങ്ങളെ പൊന്നാടയും സ്വർണ്ണമെഡലും ഫലകവും നൽകി ആദരിച്ചു. കോവിഡ് ബാധിച്ചു മരണപ്പെടുന്ന കാഞ്ഞിരപ്പള്ളി രൂപതാംഗങ്ങൾക്ക് അർഹമായ ആദരവ് നൽകി സംസ്കാര ശുശ്രൂഷകൾ നടത്തുവാനായി രൂപീകരിച്ച സന്നദ്ധസേനയാണ് മലനാട് എസ്.എം.വൈ.എം. ടാസ്ക് ഫോഴ്സ്. മലനാട് ഓഡിറ്റോറിയത്തിൽ നടന്ന ആദരിക്കൽ ചടങ്ങ് കാഞ്ഞിരപ്പള്ളി രൂപത വികാരി ജനറാൾ റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, രൂപതാ ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. ഫിലിപ്പ് വട്ടയത്തിൽ, ജെയ്സൺ ജോസഫ്, നെൽവിൻ സി. ജോയി, ഷാബോച്ചൻ മുളങ്ങാശ്ശേരി, എസ്.എം.വൈ.എം. രൂപത മുൻ പ്രസിഡന്റ് റോബിൻസ് വടക്കേൽ എന്നിവർ പ്രസംഗിച്ചു.

**കോവിഡ് – 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് സഹായം**

കോവിഡ്– 19 പ്രതിരോധപ്രവർത്തനങ്ങൾക്കായി സൊസൈറ്റി 1,46,835/– രൂപ ചെലവഴിച്ചു.

**ചികിത്സാസഹായം**

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റിയിൽ നിന്നും ചികിത്സാസഹായമായി ഈ മാസം 2,74,056/– രൂപ നൽകി.

**മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ**

എം.എം.റ്റി. ഹോസ്പിറ്റലിലൂടെ നിർദ്ധനരായ രോഗികൾക്ക് സഹായമായി 2,90,320/- രൂപ നൽകി.

**ആശാനിലയം പൊൻകുന്നം**

ശാരീരികമായും മാനസികമായും പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി പൊൻകുന്നത്തു പ്രവർത്തിക്കുന്ന ആശാനിലയം സ്കൂളിന്റെ ദൈനംദിന ചിലവുകൾക്കായി 3,30,000/- രൂപ ചിലവഴിച്ചു.

**സ്നേഹദീപം**

ഇഞ്ചിയാനി കേന്ദ്രമായി പ്രവർത്തിക്കുന്ന സ്നേഹദീപം ബാലഭവന്റെ പ്രവർത്തനങ്ങൾക്കായി 50,000/- രൂപ നൽകി.

**നല്ല സമറായൻ ആശ്രമം**

കാഞ്ഞിരപ്പള്ളി കേന്ദ്രമായി പ്രവർത്തിക്കുന്ന നല്ല സമറായൻ ആശ്രമത്തിന് 200000/- രൂപ സഹായമായി നൽകി.

**ഭവനനിർമ്മാണ സഹായം**

പാറത്തോട്, ചോറ്റി, അണക്കര, പേഴുംപാറ, പൊൻകുന്നം, മടുക്ക, രാജാക്കാട്, പെരിയകോണം എന്നീ സ്ഥലങ്ങളിലുള്ള നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 10,65,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 2,82,752/- രൂപ ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യപദ്ധതി**

രോഗികളെ ശുശ്രൂഷിക്കുന്നതിനുവേണ്ടി തുടക്കം കുറിച്ചിരിക്കുന്ന എം.ഡി.എസ്. 'കരുതൽ' ജീവകാരുണ്യപദ്ധതി ഇപ്പോൾ 116 ഇടവകകളിൽ രൂപീകൃതമായി. കഴിഞ്ഞ മാസം ഇതിലേയ്ക്കായി 1,71,500/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉൽപാദിപ്പിക്കുന്ന പോഷക സമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം

ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാനവർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 4,20,655/- രൂപ ഈ മാസം ചെലവഴിച്ചു.

**ഇൻഫാം**

**കാർഷിക ജില്ലാ സമിതിയോഗം**

പാറത്തോട് എം.ഡി.എസ്. ട്രെയിനിംഗ് സെന്ററിൽ വച്ച് നടത്തിയ മീറ്റിംഗിൽ ഇടുക്കി വന്യജീവി സങ്കേതത്തിനു ചുറ്റും ഒരു കിലോമീറ്റർ പരിധിയിൽ ഇക്കോ സെൻസിറ്റീവ് സോണായി തീരുമാനിച്ചുകൊണ്ടുള്ള കരടുവിജ്ഞാപനത്തെക്കുറിച്ച് രാഷ്ട്രീയനേതാക്കൾ മൗനം വെടിഞ്ഞ് ഈ പ്രശ്നത്തിൽ നിലപാടുകൾ വ്യക്തമാക്കണമെന്ന് ഇൻഫാം കാർഷിക ജില്ലാസമിതി ആവശ്യപ്പെട്ടു. കാർഷിക ജില്ലാ പ്രസിഡന്റ് അഡ്വ. എബ്രാഹം മാത്യു പന്തിരുവേലിൽ, ഫാ. വർഗീസ് കുളമ്പള്ളി, ഫാ. ജെയിംസ് വെൺമാന്തറ, ഫാ. റോബിൻ പട്രക്കാലായിൽ, ഫാ. ദേവസ്യാ തൂമ്പുങ്കൽ, ശ്രീ. ബെന്നി വരിക്കമാക്കൽ, ശ്രീ. ഷാബോച്ചൻ മുളങ്ങാശ്ശേരി, ശ്രീ. ജോയി കട്ടക്കയം, ശ്രീ. ജോസ് താഴത്തുപീടിക എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**ഇക്കോ സെൻസിറ്റീവ് സോൺ - ഭീമ ഹർജിയുമായി ഇൻഫാം.**

ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ചുള്ള കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയത്തിന്റെ കരടു വിജ്ഞാപനത്തിലെ കർഷക ദ്രോഹ നിർദ്ദേശങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രി, മുഖ്യമന്ത്രി എന്നിവർക്ക് നൽകാനുള്ള ഭീമഹർജിയുടെ ഒപ്പുശേഖരണത്തിന്റെ ഉദ്ഘാടനം ഇൻഫാം കാർഷിക ജില്ലാ പ്രസിഡന്റ് അഡ്വ. ഏബ്രാഹം മാത്യു പന്തിരുവേലിൽ നിർവ്വഹിച്ചു. അണക്കര, മുണ്ടിയെരുമ, കുമളി, കട്ടപ്പന, ഉപ്പുതറ, പെരുവന്താനം, മുണ്ടക്കയം, എരുമേലി, റാന്നി, പത്തനംതിട്ട, കാഞ്ഞിരപ്പള്ളി, പൊൻകുന്നം, വെളിച്ചിയാനി കാർഷിക താലൂക്കുകളിൽ നിന്നുള്ള പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ നവംബർ മാസങ്ങളിലായി വിവിധ ഗ്രാമതലങ്ങളിൽ നടത്തിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

**പി ഡി എസ് ഓർഗാനിക് സ്പൈസസ്**

എക്സ്പോർട്ട് : ഒക്ടോബർ നവംബർ മാസങ്ങളിലായി യു.എസ.എ., യു.കെ., എന്നിവിടങ്ങളിലേക്ക് രണ്ട് consignment വീതം നടന്നു.

**കമ്മ്യൂണിറ്റി ഡെവലപ്മെൻറ് ഡിപ്പാർട്ട്മെൻറ്**

പി ഡി എസ് വിവിധ ഗ്രാമങ്ങളിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങളെ വിലയിരുത്തുക, ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാമാസവും നടത്തുന്ന റീജണൽ മീറ്റിങ്ങുകൾ ഈ മാസം ഗൂഗിൾ മീറ്റ് വഴി ആണ് നടത്തിയത്.

**മൈക്രോ ഫിനാൻസ് പദ്ധതി**

വിവിധ ഗ്രാമ തലങ്ങളിലുള്ള സ്വയംസഹായ സംഘങ്ങളുടെ ആവശ്യപ്രകാരം സ്വയം സഹായ സംഘങ്ങൾക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന ലഘുവായ്പാപദ്ധതിയുടെ ഭാഗമായി അത്യാവശ്യമായി ലോൺ ആവശ്യപ്പെട്ടിരിക്കുന്ന സംഘങ്ങൾക്ക് സഹ്യാദ്രി ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും ലഭ്യമായ 3 കോടി രൂപ വിതരണം ചെയ്തു

**Eshakti പദ്ധതി**

എസ്.എച്ച്.ജി.കളുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന Eshakti പദ്ധതിയുടെ ഭാഗമായി, ഒക്ടോബർ മാസത്തിലെ കണക്കുകൾ ഈ ശക്തി പോർട്ടലിൽ എൻററർ ചെയ്തു.

**ആദിവാസി വികസന പദ്ധതി**

ആദിവാസി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് ആരംഭിച്ച വനജ്യോതിസ് എന്ന പദ്ധതിയുടെ ഭാഗമായി ഊരു കൂട്ടങ്ങളുടെ സഹകരണത്തോടെ കോഴിമല, കണ്ണംപടി കൊമ്പുകുത്തി എന്നിവിടങ്ങളിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും ഫെഡറേഷൻ പ്രവർത്തനമാരംഭിക്കുകയും ചെയ്തു .

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ ആറുവർഷം സഹായം ലഭിച്ച 18 കുടുംബങ്ങളുടെ അക്കൗണ്ട് ക്ലോസ് ചെയ്തു. ഫാമിലി കെയർ പ്രോഗ്രാമിന്റെ 190 ഓളം കുടുംബങ്ങൾക്കായി 11 ലക്ഷത്തോളം രൂപ വിതരണം ചെയ്തു. ഫാമിലി കെയർ പ്രോഗ്രാം നിറ്റിൽ ഫീൽഡ് ആൻഡ്, ഗ്രാസിൻന്റ പ്രോജക്ട് ബോർഡ് മീറ്റിംഗ് കോൺഫറൻസിലൂടെ ഒക്ടോബർ 23-ന് നടത്തി.

**സാമ്പത്തിക സഹായങ്ങൾ**

വരുമാനദായക പ്രവർത്തനങ്ങൾക്കായി 202398/രൂപയും വിദ്യാഭ്യാസ സഹായം ആയി 595401/രൂപയും ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ശുദ്ധജല പദ്ധതി, എന്നിവയ്ക്കായി 351800/രൂപയും, ചികിത്സാ സഹായമായി 65000/രൂപയും ചാരിറ്റി സംഭാവനയായി 2500/ രൂപയും സഹായമായി നൽകി.

**കൗൺസിലിംഗ് സേവനം**

പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി


കൗൺസിലിംഗ് സെന്ററിൽ ഈ മാസം 31 കേസുകൾ രജിസ്റ്റർ ചെയ്തു. അവർക്ക് ആവശ്യമായ കൗൺസിലിങ് സേവനം ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി ഡി എസ് നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ ഈ മാസം 386 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാ സഹായമായി ഒരു യൂണിറ്റിലെ 2 പേർക്ക് 8205/ രൂപ വിതരണം ചെയ്തു.

| യൂണിറ്റിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| രാജഗിരി | 2 | 8205/- |

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**നവംബർ 2020**

1 കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

2 LRC യുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

4 രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

6 പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന നിർമ്മല തിയോളജിക്കൽ കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

7 ചെങ്ങളം മേഴ്സി ഹോമിൽ നിര്യാതയായ ബഹു. സി. ത്രേസ്യാമ്മ കാച്ചിറ SOM -ന്റെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

8 യൂറോപ്പിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

9 LRC യുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

10 അമേരിക്കയിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

- പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

- ബഹു. ഫാ. ജോയി വള്ളോംകുന്നേൽ MCBS - ന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

12 ചാമംപതാൽ CMC നൊവിഷ്യേറ്റ് ഹൗസിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

- സഹ്യാദ്രി ക്രെഡിറ്റ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് മീറ്റിം ഗിൽ പങ്കെടുത്തു.

13 ദീപികയുടെ Online Apex body മീറ്റിംഗിൽ പങ്കെടുത്തു.

- Care Homes Directors - ന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

14 പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ബഹു. തോമസ് അരയത്തിനാൽ അച്ചന് ആശംസകൾ അർപ്പിച്ചു. പഴ യിടം ഇടവകയിൽ പരിശുദ്ധ കുർബാന മദ്ധ്യേ വചനസന്ദേശം നല്കി.

15 വെട്ടുകാട് സ്നേഹാശ്രമത്തിന്റെ പുതിയ കെട്ടിടം ആശീർവ ദിച്ചു.

17–20 പാലക്കാട് രൂപതയിലെ ബഹു. വൈദികരുടെ ധ്യാനം നയിച്ചു.

21 അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ നാലാം ചരമ വാർഷികത്തോടനുബന്ധിച്ച് കത്തീദ്രൽ ദൈവാലയത്തിൽ പരി ശുദ്ധ കുർബാനയിൽ സഹകാർമ്മികത്വം വഹിച്ചു. കബറിട ത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

- നിര്യാതനായ ബഹു. തോമസ് മറ്റപ്പള്ളിൽ അച്ചന്റെ മൃതസം സ്കാരകർമ്മത്തിന് ഇളങ്ങുളത്തുള്ള ഭവനത്തിലെ കർമ്മ ങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

- മുണ്ടക്കയം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

- പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ASOWA യുടെ മീറ്റിംഗിൽ പങ്കെ ടുത്തു.

22 നിര്യാതയായ ബഹു. സി. ജസ്റ്റിൻ കൊടിമരത്തുംമൂട്ടിൽ സി. എം.സി.യുടെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

- മാർ മാത്യു വട്ടക്കുഴി കാറ്റകെറ്റിക്കൽ സിമ്പോസിയത്തിൽ പങ്കെടുത്തു.

- പൗരോഹിത്യത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന രൂപ താവൈദികർക്ക് ആശംസകൾ അർപ്പിക്കുവാൻ പാസ്റ്ററൽ സെന്ററിൽ കൂടിയ മീറ്റിംഗിൽ പങ്കെടുത്തു.

23 അമൽ ജ്യോതി കോളേജിന്റെ പുതിയ അധ്യയനവർഷം ഉദ്ഘാ ടനം ചെയ്തു.

24 ഫാ. ജേക്കബ് കൊടിമരത്തുംമൂട്ടിലിന്റെ സഹോദരൻ നിര്യാ തനായ ബിജു കൊടിമരത്തുംമൂട്ടിലിന്റെ മൃതസംസ്കാരശുശ്രൂ ഷയിൽ ദൈവാലയത്തിലെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

- അമൽജ്യോതി കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.


26 അഭിവന്ദ്യ പിതാക്കന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

27 റാന്നി ഫൊറോനായിലെ വൈദികരെ അവരുടെ ഇടവകയിൽ പോയി സന്ദർശനം നടത്തി.

28 മടുക്ക ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

29 മൈനർ സെമിനാരിയിൽ ബ്രദേഴ്സിന്റെ മാസധ്യാനം നയിച്ചു.

30 സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനീ സമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിന്റെ നിത്യ വ്രതവാഗ്ദാനചടങ്ങിൽ പരിശുദ്ധ കുർബാനയർപ്പിച്ച് മുഖ്യ കാർമ്മികത്വം വഹിച്ചു.



amala
OFFSET PRESS

BOOKS • MAGAZINE • BROCHURE • FLYERS • NEWSLETTER

**Opp. Federal Bank, Thampalakadu Road,**
**Kanjirapally 686 507,Kottayam Dt. Kerala**
**Phone : 04828 20 46 54 amalapressd@gmail.com**

## 2020 ഡിസംബർ : മംഗലവാർത്തക്കാലം

| | | |
|---|---|---|
| 1 | ചൊവ്വ | റോമ. 13:8–14, ലൂക്കാ. 1:18–20 |
| 2 | ബുധൻ | 1 കോറി. 1:4–9, യോഹ. 8:26–30 |
| 3 | വ്യാഴം | 2 കോറി. 6:3–10, മർക്കോ. 6:7–13 |
| 4 | വെള്ളി | കൊളോ. 3:1–10, മത്താ. 13:12–17 |
| 5 | ശനി | ഗലാ 3:1–9, ലൂക്കാ. 9:57–62 |
| **6** | **ഞായർ** | **മംഗലവാർത്ത രണ്ടാം ഞായർ** |
| | | സംഖ്യ. 22:20–35, ഏശ. 43:25–44:5 |
| | | കൊളോ. 4:2–6, ലൂക്കാ. 1:26–38 |
| 7 | തിങ്കൾ | എഫേ. 4:13–16, യോഹ. 14:11–14 |
| **8** | **ചൊവ്വ** | **പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ** |
| | | പ്രഭാ. 24:1–14, ഏശ. 7:10–16 |
| | | ഹെബ്രാ. 1:1–3+2:16–18 ലൂക്കാ. 1:46–55 |
| 9 | ബുധൻ | എഫേ. 1:3–12, ലൂക്കാ. 1:34–38 |
| 10 | വ്യാഴം | റോമ. 12:9–18, ലൂക്കാ. 1:39–45 |
| 11 | വെള്ളി | 2 കോറി. 8:11–15, ലൂക്കാ. 1:46–56 |
| 12 | ശനി | ഹെബ്രാ. 3:12–19, ലൂക്കാ. 11:33–36 |
| **13** | **ഞായർ** | **മംഗലവാർത്ത മൂന്നാം ഞായർ** |
| | | ഉത്പ. 18:1–10, ന്യായ. 13:2–7, 24 |
| | | എഫേ. 3:1–13, ലൂക്കാ. 1:57–66 |
| 14 | തിങ്കൾ | 1 കോറി. 5:1–8, ലൂക്കാ. 6:43–45 |
| 15 | ചൊവ്വ | എഫേ. 2:1–10, മത്താ. 3:1–6 |
| 16 | ബുധൻ | 1 തെസ. 2:13–17, ലൂക്കാ. 16:10–13 |
| 17 | വ്യാഴം | ഗലാ. 3:26–29, ലൂക്കാ. 1:67–79 |
| 18 | വെള്ളി | എഫേ 2:14–22, യോഹ. 14:1–6 |
| 19 | ശനി | ഗലാ. 1:11–17, യോഹ. 3:31–36 |
| **20** | **ഞായർ** | **മംഗലവാർത്ത നാലാം ഞായർ** |
| | | ഉത്പ. 24:50–67, 1 സാമൂ. 1:1–18, |
| | | എഫേ. 5:5–21, മത്താ. 1:18–24 |
| 21 | തിങ്കൾ | എഫേ. 6:18–20, യോഹ. 1:1–5 |
| 22 | ചൊവ്വ | ഗലാ 4:1–7 യോഹ. 1:6–13 |
| 23 | ബുധൻ | എഫേ. 4:17–24, യോഹ. 1:43–51 |
| 24 | വ്യാഴം | റോമ 9:6–16, മത്താ. 5:17–20 |
| 25 | വെള്ളി | **പിറവിത്തിരുന്നാൾ** |
| | | ഏശ. 7:10–16+9:1–3,6–7 |
| | | മിക്ക.4:1–3,5:2–5,8–9 |
| | | ഗലാ. 3:15–4:6, ലൂക്കാ. 2:1–20 |
| 26 | ശനി | റോമ. 8:35–39, മത്താ. 10:16–22 |
| **27** | **ഞായർ** | **മംഗലവാർത്ത നാലാം ഞായർ** |
| | | ഉത്പ. 21:9–21, 1 സാമു. 1:21–28 |
| | | കൊളോ. 3:18–21, മത്താ. 2:13–14;19–23 |
| 28 | തിങ്കൾ | ഹെബ്രാ. 11:32–38, മത്താ. 2:13–18 |
| 29 | ചൊവ്വ | 2 കോറി. 1:18–22, യോഹ. 13:31–35 |
| 30 | ബുധൻ | കൊളോ. 3:12–17, മത്താ. 2:1–12 |
| 31 | വ്യാഴം | ഹെബ്രാ 5:11–14, മത്താ 12:43–45 |

Edited and printed by Rev. Fr. Kurian Thamarassery, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654